Date of Publication: 9 ഒക്ടോബർ
വോള്യം 15 / ലക്കം 3 / വില 20 ₹
ISSN 2319 - 9741

അന്വേഷി
പ്രസിദ്ധീകരണം


# സംഘടിത




# ബോംബെ/മുംബൈ മലയാളി

# സംഘടിത

സംഘടിത/ ഒക്ടോബർ 2018/വോള്യം 15/ലക്കം 3



ചിത്രം കടപ്പാട് : ബോംബെ/മുംബൈ മലയാളി


കലങ്ങുന്ന പ്രതിബിംബങ്ങൾ 6
**മാനസി**

ഞങ്ങളുടെ സ്വന്തം മുംബൈ 11
**രുഗ്മിണി സാഗർ**

അംചി മുംബൈ 14
**ദുർഗ്ഗ പ്രഭാകർ**

കവിത വിലപിക്കുന്നു, ചിതൽപ്പുറ്റുകൾ 17
കവിത/**തുളസി**

എന്നെ ഞാനാക്കിയ പ്രവാസം 18
**അഡ്വ. പ്രേമ മേനോൻ**

ഞാനും എന്റെ മുംബൈയും 20
**ഗീതാ വെങ്കട്ട്**

എന്റെ മുംബൈ 24
**മാനസി**

പ്രിയേ നിനക്കായ് 28
കഥ/**ഷീജാ മാത്യു**

പൊട്ടിയ ബണ്ടുകൾ(മറാഠി),
ഒറ്റക്കണ്ണി (തമിഴ്) 30
കവിത(തർജ്ജമ)/**ഇന്ദിരാ കുമുദ്**

കേരളത്തിനു കൈത്താങ്ങായി
മുംബൈ പ്രവാസി സമൂഹം 35
**അഡ്വ. പ്രേമ മേനോൻ**

മുംബൈയിലെ മലയാളി മാലാഖമാർ 37
അഭിമുഖം - **കമല/ഗീതാ വെങ്കട്ട്**

പെണ്ണാഴി 39
കഥ/**ഷഹന എ.**

ആർക്കുവേണം കവിതയെ? 42
കവിത/**സന്ധ്യ ഇ.**

വഞ്ചി സ്ക്വയർ സമരം
ലോകചരിത്രത്തിലെ ഒരേട് 43
ഉപ്പും മുളകും/**പി.ഗീത**

പ്രളയാനന്തരം കേരളം 45
പെൺപക്ഷം/**അജിത കെ.**

അളമുട്ടിയാൽ 46
അഭിമുഖം-**ഷേർളി പോൾ/ഗീത വെങ്കട്ട്**

കഥയിലെ കല്യാണം 51
കഥ/**അൻസ ജോയ്**

ഒറ്റമുലച്ചി 53
കഥ/**സ്മിത**

പിങ്ക് സല്യൂട്ട്.... ഗീത ടീച്ചർ 56
**എം. സുൽഫത്ത്**

വാസ്തവം 57
**ഡോ. ജാൻസി ജോസ്**

പ്രാർത്ഥനയുടെ സമരമുഖങ്ങൾ 58
വഴിത്താരകൾ/**ജാനകി**

ഡോണ, ആർനോൾഡ്, നാദിയ
നൊബേലിലെ പെൺതിളക്കങ്ങൾ 61
ശാസ്ത്രം/**സീമ ശ്രീലയം**




**ഫോട്ടോ ഫീച്ചർ : ബോംബെ/മുംബൈ മലയാളി**

**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **എക്സി.എഡിറ്റർ :** ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ:** മാനസി **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ. കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, സോണിയ ജോർജ്. **എക്സിക്യൂട്ടീവ് കമ്മിറ്റി** : അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ഡോ. മിനി പ്രസാദ്, ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ**ലേഔട്ട് & കവർ** :ശാലിനി.പി.എം., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com
Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

കഴിഞ്ഞുപോയ രണ്ടു മാസങ്ങളിൽ ഭൂമി പതിവിലും വേഗത്തിൽ കറങ്ങിയോ? പതിഞ്ഞ കാലസഞ്ചാരത്തിൽ സാമൂഹ്യജീവിതത്തിലേക്ക് പ്രവേശിക്കുമായിരുന്നതൊക്കെയും സംഭവപരമ്പരകളുടെ വേലിയേറ്റത്തിൽ ഒന്നിനു പിറകെ ഒന്നായി അതിവേഗം അനുഭവവേദ്യമാവുകയായിരുന്നല്ലോ!

ആഗസ്റ്റ് ആദ്യവാരം പുറത്തിറങ്ങിയ സംഘടിത ചർച്ച ചെയ്തത് 'മഴ'യെക്കുറിച്ചായിരുന്നു. കാല്പനികതയിലേക്ക് ചുരുക്കാനാവാത്ത മഴകളുടെ വ്യത്യസ്തങ്ങളായ അനുഭവങ്ങളായിരുന്നു ഉള്ളടക്കം. അതിൽ പരാമർശിക്കപ്പെട്ട ദുരനുഭവങ്ങളെ പതിൻമടങ്ങ് ഇരട്ടിപ്പിച്ചാണ് പ്രളയജീവിതം കേരളത്തെ പിടിച്ചുലച്ചത്. ഇരകൾ മാത്രമല്ല നമ്മൾ, അതിജീവനം തന്നെയാണ് ജീവിതം എന്ന് മർദ്ദിതരായ ഏതൊരു ജനതയും സ്വയം ഉരുവിടുന്ന ജീവനമന്ത്രം ഓരോ മലയാളിയും മനസ്സിലേറ്റി.നാം പടുത്തുയർത്തിവെച്ച സ്പർദ്ധയുടെ മതിലുകൾ നമ്മൾ തന്നെ പരസ്പരം കൈത്താങ്ങായി നിന്നപ്പോൾ താൽക്കാലികമായെങ്കിലും തച്ചുടയ്ക്കപ്പെട്ടു. ജാതിയും മതവും ലിംഗഭേദവും പദവിയും ധനസ്ഥിതിയുമൊക്കെ നിർണ്ണയിച്ച സാമൂഹ്യാധികാരങ്ങൾ ദുരിതങ്ങളിൽ നിന്ന് കരകയറും വരെയെങ്കിലും ജലതാണ്ഡവത്തിന് അടിയറ വെയ്ക്കേണ്ടിവന്നു. രണ്ടു ദിവസത്തേക്കെങ്കിലും ഒരു സമത്വസുന്ദര കേരളചിത്രം വരയ്ക്കാൻ വൻപ്രളയം വേണ്ടിവന്നു എന്നത് പ്രബുദ്ധകേരള സങ്കല്പത്തിന് വൻ തിരിച്ചടി തന്നെ!

ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 377-ാം വകുപ്പ് പ്രകാരം സ്വവർഗ്ഗ ലൈംഗികത ക്രിമിനൽ കുറ്റമായി ബ്രിട്ടീഷ് ഭരണകാലം മുതൽ മാറ്റമില്ലാതെ തുടരുകയായിരുന്നു. നിരന്തര പോരാട്ടങ്ങൾക്കൊടുവിൽ ഹിംസാത്മകമായ ഈ പരിഗണനയിൽ നിന്ന് ലൈംഗികപ്രകാശനങ്ങളെ മോചിപ്പിക്കാൻ സുപ്രീം കോടതി ഇപ്പോൾ നിർണ്ണായകവിധി പുറപ്പെടുവിച്ചതിൽ തികഞ്ഞ ഐക്യദാർഢ്യത്തോടെ ആഹ്ളാദിക്കുന്നു.

വിവാഹേതരബന്ധങ്ങളെ ക്രിമിനൽ കുറ്റമായി കാണുകയും ഭാര്യയുമായി അടുപ്പമുള്ള പുരുഷനെതിരെ നിയമനടപടിയെടുക്കാൻ ഭർത്താവിന് അധികാരം നൽകുകയും ചെയ്യുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 497 -ാം വകുപ്പ് സുപ്രീം കോടതി ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിച്ച് നീക്കം ചെയ്തത് പുരുഷാധിപത്യത്തിനെതിരെ ഗുണാത്മകമായ പോരാട്ടസാധ്യതകൾ തുറന്നിടുകയാണ്. വിവാഹേതരബന്ധങ്ങൾ വിവാഹമോചനത്തിനുള്ള വാദമാകാമെന്നല്ലാതെ അതൊരു ക്രിമിനൽ കുറ്റമായി പരിഗണിക്കാനാവില്ലെന്ന് കോടതി വിധിച്ചു. വിവാഹബന്ധത്തിൽ ഭർത്താവ് ഭാര്യയുടെ ഉടമസ്ഥനല്ലെന്ന് പ്രഖ്യാപിച്ച കോടതി അത്തരമൊരു സങ്കല്പനം ഭരണഘടനാവിരുദ്ധവും സ്ത്രീകളുടെ സ്വതന്ത്രവ്യക്തിത്വ പ്രകാശനത്തിനെതിരാണെന്നും നിരീക്ഷിച്ചു.ഈ വിധിയെ സഹർഷം സ്വാഗതം ചെയ്യുന്നു.

"കണ്ണുനീർത്തുള്ളികളുടെ വീർത്തുപൊട്ടൽ ആറ്റംബോംബിനേക്കാൾ ഭയങ്കരമാണ്" എന്ന് സ്വന്തം ആത്മകഥയിൽ നിരീക്ഷിച്ചത് ലളിതാംബിക അന്തർജ്ജനമായിരുന്നു. ഏറെ നാളത്തെ അധികാരപ്രയോഗങ്ങളിൽ ഞെരിഞ്ഞമർന്ന കന്യാസ്ത്രീകൾ സമരബോധത്തോടെ തെരുവിലിറങ്ങിയപ്പോൾ ഇത്തരമൊരു വിസ്ഫോടനത്തിന് നാം സാക്ഷികളായി. സ്നേഹകാരുണ്യങ്ങളുടെയും ആത്മത്യാഗത്തിന്റെയും പരമമായ ഇടങ്ങൾ ലൈംഗികാക്രമണങ്ങളുടെ താവളങ്ങളായിത്തീരുമ്പോൾ, അധികാരപീഠങ്ങൾ ഈ ഹിംസയ്ക്ക് ഒത്താശ ചെയ്യുമ്പോൾ സ്വന്തം ജീവൻ അപായപ്പെടുത്തിയും നീതിക്കു വേണ്ടി തെരുവിലിറങ്ങുകയായിരുന്നു ഇവർ. ധൈര്യത്തിന്റെയും ആത്മാർപ്പണത്തിന്റേയും സമരവീര്യത്തിന്റേയും ഉജ്ജ്വലമാതൃകകളായിത്തീർന്ന സിസ്റ്റർ അനുപമ, സിസ്റ്റർ ആൽഫി, സിസ്റ്റർ ജോസഫീൻ, സിസ്റ്റർ നീന റോസ്, സിസ്റ്റർ ആൻസെറ്റ് എന്നിവർക്ക് പിന്നിൽ കേരളത്തിലെ സ്ത്രീവാദികളും പൊതുജനവും വൻതോതിൽ അണിനിരന്നു. കേരളം മുമ്പെങ്ങും കണ്ടിട്ടില്ലാത്ത വിധത്തിൽ ആൺകോയ്മക്കെതിരെയുള്ള പോരാട്ടമായി മാറി 'സേവ് ആർ സിസ്റ്റേസ്' സമരം. സ്വയം സന്നദ്ധയായി തികഞ്ഞ ഐക്യദാർഢ്യത്തോടെ ദിവസങ്ങളോളം സമരപ്പന്തലിൽ നിരാഹാരമനുഷ്ഠിച്ച സ്ത്രീവാദപ്രവർത്തകയും എഴുത്തുകാരിയും സംഘടിത പത്രാധിപസമിതി അംഗവുമായ ഡോ.പി.ഗീത ഈയവസരത്തിൽ ഏറെ അഭിനന്ദനമർഹിക്കുന്നു. ധീരമായി സമരം ചെയ്ത കന്യാസ്ത്രീകളെ ആണത്തഹുങ്കോടെ ആക്ഷേപിച്ച പി.സി. ജോർജ്ജിനെപ്പോലുള്ള നരാധമന്മാരെ ജനപ്രതിനിധി സ്ഥാനത്തു നിന്ന് കെട്ടുകെട്ടിക്കുക എന്നത് ജനാധിപത്യവിശ്വാസികൾ എത്രയും വേഗം ഒരു അടിയന്തിര അജണ്ടയായിത്തന്നെ ഏറ്റെടുക്കേണ്ടതുണ്ട്.

ശബരിമലയിലേക്കുള്ള സ്ത്രീ പ്രവേശത്തിന് അനുവാദം നൽകിക്കൊണ്ടുള്ള സുപ്രീം കോടതിയുടെ നിരീക്ഷണം പ്രസക്തമാണ്. സ്ത്രീകളെ ആർത്തവവുമായി ബന്ധപ്പെടുത്തി മാറ്റിനിർത്തുന്നത് തൊട്ടുകൂടായ്മയ്ക്ക് സമാനമാണെന്നും ഇത് ഭരണഘടനയുടെ 17-ാം അനുച്ഛേദം അനുശാസിക്കുന്ന ഭരണഘടനാ സംരക്ഷണത്തിന് തടസ്സം നിൽക്കുന്നു എന്നുമായിരുന്നു ഇത്. യാഥാസ്ഥിതികത്വത്തോട് ശക്തിയുക്തം കലഹിച്ചുകൊണ്ടുതന്നെയാണ് ഇച്ഛാശക്തിയുള്ള പരിഷ്ക്കർത്താക്കൾ എല്ലാ കാലത്തും സമൂഹത്തിന്റെ നവീകരണത്തിനായി കഠിനപ്രയത്നം നടത്തിയിട്ടുള്ളത്. എന്നാൽ ഒരു നൂറ്റാണ്ട് മുമ്പുള്ള സമരങ്ങളെ അപേക്ഷിച്ച് ശബരിമലയിലെ സ്ത്രീ പ്രവേശത്തെ എതിർത്തുകൊണ്ടുള്ള ഇപ്പോഴത്തെ ഐക്യപ്പെടൽ ഫാഷിസ്റ്റ് പ്രവണതകളോടെയുള്ള മതരാഷ്ട്രീയ അവിഹിത കൂട്ടുകെട്ടിന് വഴിയൊരുക്കുകയാണോ എന്ന് ഭയക്കേണ്ടിയിരിക്കുന്നു. ഇതിനെതിരെ കഠിനജാഗ്രത ആവശ്യവുമാണ്.

കേരളക്കരയ്ക്കു പുറത്ത് ജീവിക്കുന്ന ഒരോ മലയാളിയും തങ്ങൾ ജീവിക്കുന്ന പ്രദേശവുമായി ഐക്യപ്പെടുമ്പോഴും വേരുകളെക്കുറിച്ചുള്ള അവബോധങ്ങളിൽ സ്വയം ആവിഷ്ക്കരിക്കുന്നവർ കൂടിയാണ്. ബോംബെ എന്ന മഹാനഗരം ഇന്ന് മുംബൈ എന്ന നാമകരണത്തിലേക്ക് തിരിച്ചുപോയി. പല കാലങ്ങളുടെ, ജീവിതാവസ്ഥകളുടെ അടയാളപ്പെടുത്തലുകളുണ്ട് ഈ പേരുമാറ്റപ്രക്രിയയുടെ വഴികളിൽ. വർഷങ്ങളായി ഈ മഹാനഗരത്തിലിരുന്ന് മലയാളത്തിൽ സർഗ്ഗാത്മക രചനകൾ നടത്തുന്ന മാനസി അതിഥിപത്രാധിപയായ ഈ ലക്കം സംഘടിത മലയാളിയുടെ ഈ മഹാനഗര ജീവിതത്തെ കുറിക്കാൻ ശ്രമിക്കുന്നു.വായനക്കാർക്ക് സസ്നേഹം ഈ രേഖകൾ സമർപ്പിക്കട്ടെ.

## അതിഥിപത്രാധിപക്കുറിപ്പ്



മാനസി

# ഉമ്മറപ്പടികളിൽ നിൽക്കുന്നവർ

**മും**ബൈ ഒരു മെൽറ്റിംഗ്പോട്ട് ആണ്. കാലങ്ങളായി ഏറെക്കുറെ അത് അങ്ങനെത്തന്നെ ആയിരുന്നുതാനും. വിവിധ ഭാഷാ സമൂഹങ്ങൾ വളരെ വ്യത്യസ്തമായ ശീലങ്ങളും ആചാരങ്ങളും ഭക്ഷണ രീതികളും കലാ-സാംസ്ക്കാരിക പശ്ചാത്തലങ്ങളു മായി തോളോടുതോളുരുമ്മി ജീവിക്കുന്ന ഈ മഹാ നഗരം, ദരിദ്രരേയും ധനികരേയും ഒരേ പോലെ ആകർഷിക്കുകയും മോഹിപ്പിക്കുകയും ചെയ്ത സ്വപ്നനഗരിയായിരുന്നു എന്നും. എവിടെ നിന്നുള്ള ആളായാലും, അദ്ധ്വാനിക്കാൻ തയ്യാറുള്ള ആരുടേയും മുന്നിൽ സ്വന്തം കഴിവുകൾ ഉപയോഗിക്കാനുള്ള അവ സരങ്ങൾ ഈ നഗരം വാരിവിതറാറാണ് പതിവ്. ഇന്നത്തെ മുംബൈ ആരുടേതെന്നു ചോദിച്ചാൽ സംശയലേശമന്യെ ഈ ഉത്തരം പ്രവാസികളുടെ എന്നാവും. കാരണം, രാജ്യത്തിന്റെ നാനാഭാഗത്തു നിന്നും നിത്യേന മുംബൈയിലേക്കു ഒഴുകിയെത്തി യിട്ടുള്ള, ഇന്നും എത്തിക്കൊണ്ടിരിക്കുന്ന ലക്ഷക്കണ ക്കിന് ഭാഗ്യാന്വേഷികളുടെ നിരന്തരമായ അദ്ധ്വാന ത്തിന്റെ ഫലവും ആകെത്തുകയുമാണ് ഇന്നത്തെ ഈ മുംബൈ. ഭൗതിക സാഹചര്യങ്ങളാണെങ്കിലും സാമ്പ ത്തിക കലാ-സാംസ്ക്കാരിക-സാഹിത്യ മണ്ഡലങ്ങളാ ണെങ്കിലും രാജ്യത്ത് അങ്ങോളമിങ്ങോളമുള്ള നിരവധി മനുഷ്യരുടെ സ്വപ്നസാക്ഷാത്ക്കാരത്തിന്റെ ആകെ ത്തുക കൂടിയാണ് ഈ നഗരം. ഇതാണ് മുംബൈയെ മുംബൈ ആക്കിയത്.

കണ്ണഞ്ചിപ്പിക്കുന്ന ബോളിവുഡ് 'കരയിപ്പി ക്കുന്ന കാമാത്തിപ്പുര' വെറും നൂറു ചതുരശ്ര അടി യിൽ അഞ്ചു കുടുംബങ്ങളെ പാർപ്പിക്കുന്ന മുറികൾ, തലങ്ങും വിലങ്ങും ചിതറിക്കിടക്കുന്ന ചെളിയും അഴുക്കും നിറഞ്ഞ ചേരികൾ തൊട്ടപ്പുറത്ത് ആകാശം മുട്ടുന്ന അപ്പാർട്ടുമെന്റ് സമുച്ചയങ്ങൾ, അഞ്ചും അമ്പതും അഞ്ഞൂറും അയ്യായിരവും അഞ്ചു ലക്ഷവും ദിവസച്ചിലവ് ചെയ്യുന്ന അമ്പരപ്പിക്കുന്ന ജീവിത രീതി കൾ, പകൽ പോലെ വെളിച്ചം തിളയ്ക്കുന്ന രാത്രി കൾ. ഇന്ത്യയിലെ മറ്റേത് പ്രദേശത്തിലേക്കാളും സുര ക്ഷിതരായി സ്ത്രീകൾ ഏതു പാതിരാത്രിക്കും യാത്ര ചെയ്യാവുന്ന, ദിവസത്തിലെ ഇരുപത്തിനാലു മണിക്കൂറിൽ രണ്ടു മണിക്കൂർ മാത്രം നിലയ്ക്കുന്ന പബ്ലിക്ക് ട്രാൻസ്പോർട്ട്. പേജ്ത്രി കഥാപാത്രങ്ങൾ മുതൽ അധോലോക നായകന്മാർ വരെ സ്വൈര്യവി ഹാരം ചെയ്യുന്ന സാമ്പത്തികസിരാകേന്ദ്രങ്ങൾ. ഏഴു ദ്വീപുകൾക്കിടയിൽ മണ്ണിട്ട് തൂർത്ത് ഒന്നിച്ചാക്കി വ്യവ സായ കേന്ദ്രമാക്കിയപ്പോൾ, അവിടേക്കൊഴുകിയ ജന കോടികൾക്കരികിലേക്ക് തള്ളിനീക്കിയ, ഇവിടത്തെ ആദിവാസികളായ കോളികർ എന്ന മുക്കുവർ. യാതൊരു സാമ്യതയും ഇല്ലാത്ത ഏറെ ഏറെ അടരു കൾ പൊതിയുന്ന ഒരു കാമ്പുപോലെയാണ് മുംബൈ.

കേരളത്തിൽ നിന്നും പത്തെഴുപത് വർഷ ങ്ങൾക്കുമുമ്പ് തുടങ്ങിയ മുംബൈയിലേക്കുള്ള മല യാളി കുടിയേറ്റത്തിന്റെ കഥ ഒരു വിജയഗാഥയുടേതു കൂടിയാണ്. നാഴിക്കഞ്ഞിക്കും വിദ്യാഭ്യാസത്തിനനു യോജ്യമായ അവസരങ്ങൾക്കും വേണ്ടി രണ്ടും കല്പിച്ച് നാടുവിട്ടിറങ്ങി ഇവിടെയെത്തിയ മലയാളി കൾ ഇന്ന് മുംബൈയിലെ പ്രവാസി സമൂഹങ്ങളുടെ മുൻനിരയിലാണ്. എണ്ണത്തിലും വണ്ണത്തിലും അതെ. മലയാളിക്കൂട്ടായ്മകൾ കേരളത്തെ മുംബൈയിലേക്ക് പറിച്ചുനടാനുള്ള ശ്രമങ്ങളിൽ അവരെ സജീവമാക്കി. ഓണം ഏറെ പകിട്ടോടെ ആഘോഷിക്കുന്ന നഗര മാണ് മുംബൈ. സ്വന്തമായ സ്കൂളുകളും, കോളേ ജുകളും വായനാശാലകളും വ്യാപാര-വ്യവസായ സ്ഥാപനങ്ങളും പ്രഗത്ഭരായ ന്യൂജെൻ മലയാളികളും ഇവിടുത്തെ മലയാളിയുടെ അഭിമാനമാണ് ഇന്ന്. മുംബൈയ്ക്കുള്ള മുതൽക്കൂട്ടാണ് ഇവ.

ഒരു കാലത്ത് പുഴുങ്ങലരിക്കും നേന്ത്രക്കാ യക്കും കപ്പയ്ക്കും ഗൃഹാതുരത്വത്തോടെ കാത്തിരുന്ന മുംബൈ മലയാളി മൂന്നു നാലു തലമുറകളിലൂടെ ഒരു പാട് ദൂരം നടന്നു കഴിഞ്ഞിരിക്കുന്നു. എത്രകാലം അന്യദേശത്ത് ജീവിച്ചാലും പക്ഷെ പ്രവാസിയ്ക്ക് സ്ഥിരം മേൽവിലാസം സ്വന്തം നാടിന്റേതാക്കാനേ ആവൂ. കുടിയേറ്റങ്ങളുണ്ടാക്കുന്ന പ്രതിസന്ധിയാണ ത്. പ്രവാസിയുടെ ധർമ്മസങ്കടവും. അവർ എപ്പോഴും അപ്പുറത്തും ഇപ്പുറത്തുമാകാനാവാതെ ഉമ്മറപ്പടിക ളിൽ നിൽക്കുന്നവരാണ്. മുംബൈ മലയാളികളും - അതെ, ഞാൻ അങ്ങനെത്തന്നെ വിളിക്കട്ടെ - അതിൽ നിന്ന് വ്യത്യസ്തരല്ല. പൊക്കിൾക്കൊടി ബന്ധം അവ രിന്നും കാത്തുസൂക്ഷിക്കുന്നു.

**ലേഖിക ആശാ ഫോർ എഡ്യൂക്കേഷൻ എന്ന സന്നദ്ധ സംഘടനയിൽ പ്രവർത്തിക്കുന്നു. കേരള സാഹിത്യ അക്കാ ദമി പുരസ്ക്കാര ജേതാവാണ്. ഏഴ് കഥാ സമാഹാരങ്ങൾ, മറാഠിയിൽ നിന്നുള്ള വിവർത്തനങ്ങൾ, അനേകം ലേഖനങ്ങൾ ഫീച്ചറുകൾ എന്നിവ ഇവരുടേതായിട്ടുണ്ട്.**

ചർച്ചാവിഷയം



മാനസി



# കലങ്ങുന്ന പ്രതിബിംബങ്ങൾ

പതിവില്ലാത്തവിധം വിജനമായിരുന്നു പ്ലാറ്റ്ഫോം. അഞ്ചുമിനിറ്റിൽ ഒരു വണ്ടിയെങ്കിലും ഏതു പ്ലാറ്റ്ഫോമിലും എത്തിച്ചേരുന്ന മുംബൈയിൽ അതൊരു അപൂർവ്വ കാഴ്ചയാണ്. പീക്ക് അവർ എന്ന് ഞങ്ങൾ ഓമനപ്പേരിട്ടുവിളിക്കുന്ന രാവിലെയും വൈകുന്നേരവും പ്ലാറ്റ്ഫോമുകൾ, തിളക്കുന്ന വെള്ളത്തിലെ പരശ്ശതം കുമിളകൾ പോലെ ആൾക്കാരെക്കൊണ്ട് നിറഞ്ഞുതുളുമ്പാറാണ് പതിവ്. ഒരു പൂരപ്പറമ്പുപോലെ ആർത്തിരമ്പേണ്ട ആ പ്ലാറ്റ്ഫോമിൽ ആകെ പത്തോ പതിനഞ്ചോ പേർ മാത്രം. കേരളത്തിലെപോലെ മിന്നൽ പണിമുടക്കൊന്നും ഉണ്ടാവുന്ന സ്ഥലമല്ല മുംബൈ. ഉന്തിത്തള്ളി ട്രെയിനിൽ നിന്ന് ഇറങ്ങിയാൽ പുറത്തെ റോഡിലേക്കു നയിക്കുന്ന കോണിപ്പടികളിലെത്താൻപോലും എട്ടും പത്തും മിനിട്ടെടുക്കുന്ന ആ വലിയ പ്ലാറ്റ്ഫോമാണ് ആളൊഴിഞ്ഞ പൂരപ്പറമ്പുപോലെ നിശ്ശബ്ദമായി നിൽക്കുന്നത്. എന്തോ പന്തികേടുണ്ടെന്ന് മനസ്സ് പറഞ്ഞു. എൻക്വയറി കൗണ്ടറിൽ ആരുമില്ല. പോർട്ടറില്ല, കച്ചവടക്കാരില്ല.

"എന്തായാലും റോഡിൽ പോയി നോക്കാം" കൂടെയുണ്ടായിരുന്ന ഗോപനും ശിവനും ഒപ്പം പറഞ്ഞു: "തിയേറ്റർ അടച്ചിരിക്കാൻ വഴിയില്ല. അല്ലെങ്കിൽ അറിയിപ്പുണ്ടാകേണ്ടതായിരുന്നു" പേരു കേട്ട ഒരു നാടകം കാണാൻ വീട്ടിൽ നിന്ന് അകലെയുള്ള തിയേറ്ററിലേക്ക് പുറപ്പെട്ടതായിരുന്നു ഞങ്ങൾ. സാധാരണക്കാരുടെ താമസസ്ഥലങ്ങളായ സബർബുകളിൽ തിയേറ്ററുകൾ കുറവായിരിക്കും. നല്ല നാടകങ്ങളൊക്കെ സിറ്റിയുടെ അടുത്തുള്ള തിയേറ്ററുകളിലേ ഉണ്ടാവൂ. അതിനാൽ താങ്ങാവുന്ന ചെലവുള്ള ലോക്കൽ ട്രെയിനുകളെ ആശ്രയിക്കുകയേ വഴിയുള്ളൂ. മുംബൈയുടെ ജീവനാഡിയാണ് ലോക്കൽ ട്രെയിൻ. കാരണം ജോലിസ്ഥലത്തു നിന്ന് മുപ്പതും നാൽപ്പതും കിലോമീറ്റർ അകലെയുള്ള താമസസ്ഥലങ്ങളിലേക്ക് നിത്യവും പോയിവരാൻ മുംബൈയിലെ സാധാരണക്കാർക്ക് ഇതുമാത്രമാണ് ചെലവ് കുറഞ്ഞ പോംവഴി. റോഡ് യാത്ര പണക്കാർക്കുള്ളതാണ്. മാത്രമല്ല, റോഡിലെ യാത്ര രണ്ടുമണിക്കൂർ എടുക്കുമ്പോൾ അതേ ദൂരത്തിൽ നിന്ന് രാവിലെ ഓഫീസിലെത്താൻ ട്രാഫിക്ക് ജാമുകൾ തടസ്സപ്പെടുത്താത്ത ട്രെയിൻ മാത്രമാണ് ശരണം. ഒരു സ്റ്റേഷനിൽ രണ്ടു മിനിട്ടു മാത്രം നിൽക്കുന്ന, ലക്ഷക്കണക്കിന് ആൾക്കാരെ ദിവസവും ലക്ഷ്യത്തിലെത്തിക്കുന്ന ഇവ അർദ്ധരാത്രിയിലും കവിഞ്ഞൊഴുകാൻ അതാണ് കാരണം. അവിടെയാണ് വെറും എട്ടോ പത്തോ പേർ വണ്ടി കാത്തു നിൽക്കുന്നത്! അവിടെ ഇറങ്ങിയ ഞങ്ങളെ അവർ ആശങ്കയോടെയാണ് നോക്കിയതെന്ന്



പിന്നീട് ഇതേക്കുറിച്ചാലോചിക്കുമ്പോൾ എനിക്ക് തോന്നിയിട്ടുണ്ട്.

“പോയി നോക്കാം” ഗോപൻ കോണിപ്പടികൾ കയറി. “കാര്യമെന്താണെന്ന് അറിയണമല്ലോ”

കോണികയറിയെത്തുന്ന റോഡിലും ആൾക്കാരില്ല.

തിയേറ്ററിലേക്ക് നടന്നു പോകാൻ പതിനഞ്ച് മിനിറ്റെങ്കിലും വേണം. മുന്നോട്ട് പോകണോ വേണ്ടയോ എന്ന ചർച്ചയിൽ ഞങ്ങൾ റോഡിൽ തന്നെ നിന്നു.

പെട്ടെന്നാണ് തോക്കേന്തിയ ഒരു പോലീസുകാരൻ മുന്നിലേക്ക് ചാടിവീണത്.

“എവിടെ പോകുന്നു?” മറാഠിയിലാണ് ചോദ്യം.

ഗൗരവത്തിലാണ്.

“റോഡ് ബന്ദ് ഹെ”.

അപ്പോഴാണ് റോഡിൽ അവിടവിടെയായി നിൽക്കുന്ന പോലീസുകാരെ ശ്രദ്ധിച്ചത്. റോഡിനു നടുവിലും ഫുട്പാത്തിലും എരിയുന്ന തീക്കൂനകളിൽ ടയർ, തുണികൾ, സൈക്കിളുകൾ, പാത്രങ്ങൾ. എല്ലാം കൂടി കത്തുന്നു. അപ്പുറത്ത്, റോഡിന്റെ അങ്ങേയറ്റത്ത് ഒരു ചെറിയ ആൾക്കൂട്ടം കയ്യിൽ ഹോക്കിസ്റ്റിക്കുകളുമായി നിന്നു.

ശിവൻ പോകേണ്ട സ്ഥലം പറഞ്ഞതും കോൺസ്റ്റബിൾ ഏറ്റവും മുന്നിൽ നിന്നിരുന്ന എന്റെ പൊട്ടിലേക്ക് നോക്കി.

മുഖഭാവം അല്പം തണുത്ത പോലെ.

കൂടെയുണ്ടായിരുന്ന, തലമുടി ബോബ് ചെയ്ത, വിധവയായ ലളിത ഹാൻഡ്ബാഗിൽ നിന്ന് പെട്ടെന്നു സ്റ്റിക്കർ പൊട്ടെടുത്തു.

“രാംഹേനാ?” തോക്കിന്റെ പിടിയിൽ തന്നെയാണ് കൈ.

“ആഗെ ജാനാഹെ?”

ഞാനും ലളിതയും വേണ്ട എന്ന് ഒപ്പം തലയാട്ടി.

“റഹിംഹെ?” ഗോപന്റെ കനത്ത താടിയിലേക്ക് നോക്കിയാണ് അയാൾ ചോദിച്ചത്.

“തൊ വാപസ്, റോഡ് ബന്ദ് ഹെ”

“നഹി. രാം!” ഗോപൻ ഒരു നിമിഷം വിളറി.

“ഞാനും” ശിവൻ പറഞ്ഞു. “എന്താണ് കുഴപ്പം”

“കുറച്ച് കുഴപ്പമുണ്ട്” പോലീസുകാരൻ അകലെയുള്ള ആൾക്കൂട്ടത്തെ നോക്കി. റോഡിൽ പലയിടത്തുമുണ്ട് പോലീസുകാർ. തിയേറ്ററിലെത്താൻ ഇനി സമയമില്ല.

രണ്ടു പോലീസ് വാനുകൾ റോഡിലൂടെ അതിവേഗം പാഞ്ഞുപോയി.

റോഡിന്റെ വളവ് തിരിയുന്നിടത്ത് ആൾക്കൂട്ടം പിന്നാലെ വന്ന കാറിനെ തടഞ്ഞുനിർത്തിയിരിക്കുന്നു. ഇരുപത് ഇരുപത്തഞ്ചു പേരുള്ള ആൾക്കൂട്ടത്തിന്റെ കയ്യിലെ ഹോക്കിസ്റ്റിക്കുകൾ കാറിനു മുകളിലും പുറത്തിറങ്ങി നിന്ന ഡ്രൈവറുടെ മർമ്മങ്ങളിലും വെറുതെ തട്ടിക്കൊണ്ടിരുന്നു. ഡ്രൈവർ കൈകൂപ്പി നിന്ന് എന്തൊക്കെയോ പറയുന്നത് പോലീസുകാർ നോക്കി നിൽപ്പാണ്. പെട്ടെന്ന് ഒരാൾ ഡ്രൈവറുടെ ട്രൗസേർസ് വലിച്ച

ഴിച്ചു. കഴുത്തിലെ കുരിശുമാല പൊക്കിക്കാട്ടി ഡ്രൈവർ ഉറക്കെ നിലവിളിക്കാൻ തുടങ്ങിയതു കൊണ്ടാവണം, അഴിച്ചെടുത്ത പാന്റ്സും അടിവ സ്ത്രവും കാറിലേക്ക് തന്നെ വലിച്ചെറിഞ്ഞ് ആൾക്കൂട്ടം കാറിന്റെ ഡോർ തുറന്ന് അയാളെ ഉള്ളിലേക്ക് തള്ളിയിട്ടു.

"തിരിച്ചുപോകാം" എനിക്കുപോലും കേൾക്കാനാവാത്ത ശബ്ദത്തിൽ ഞാൻ പറഞ്ഞു. ലളിത പേടിച്ച് കരയാൻ തുടങ്ങിയിരുന്നു.

ഞങ്ങൾ പെട്ടെന്ന് തിരിഞ്ഞ് പ്ലാറ്റ്ഫോമി ലേക്ക് തന്നെ നടന്നു "വേഗം മടങ്ങാം" ഗോപൻ നിർത്താതെ താടി തലോടി. "വണ്ടിയും എപ്പൊ വേണമെങ്കിലും നിൽക്കാം"

അല്പം കഴിഞ്ഞെത്തിയ ട്രെയിൻ ഏതാണ്ട് കാലിയായിരുന്നു. ഞങ്ങൾ അതിലേക്ക് ആശ്വാസ ത്തോടെ ഓടിക്കയറി.

വീട്ടിലെത്തി വാർത്തകൾ കേട്ടതിനുശേഷ മാണ് അന്ന് ആ റോഡിൽ കണ്ടത് മുംബൈ കലാപത്തിന്റെ ആരംഭമായിരുന്നു എന്ന് മനസ്സി ലായത്. ഭൂമി കയ്യടക്കാനുള്ള രാഷ്ട്രീയ പദ്ധതി യുടെ പശ്ചാത്തലത്തിൽ അന്യമതസ്ഥർ രണ്ടു പേരെ കൊന്നതിന്റെ പകരമായി കലാപം എന്ന തായിരുന്നു ഔദ്യോഗിക ഭാഷ്യം. ഊഹാപോഹ ങ്ങളും വ്യാജപ്രചരണങ്ങളും അരങ്ങു തകർത്ത അന്തരീക്ഷത്തിൽ ജനം ഒന്നുമറിയാതെ വെറുങ്ങ ലിച്ചു നിന്നു. ഇതൊരു വർഗ്ഗീയലഹളയായി മാറി യത് കണ്ണടച്ചു തുറക്കും വേഗത്തിലാണ് ഊഹാ പോഹങ്ങൾ തീപ്പൊരികൾ പോലെ പാറി. എന്തു സംഭവിക്കുന്നു എന്നറിയാത്ത അനിശ്ചിതാവസ്ഥ. എന്തു ചെയ്യണമെന്നറിയാതെ അന്തിച്ചു നിന്ന ആ അനിശ്ചിതാവസ്ഥയിൽ ഞാൻ താമസിച്ചിരുന്ന ഫ്ളാറ്റ് സമുച്ചയത്തിലെ ഒരു കുടുംബത്തിനു നേരെ യുയർന്ന ഭീഷണിയെ നേരിടേണ്ടതെങ്ങനെയെന്ന് ആർക്കും ഒരു പിടിയും കിട്ടിയില്ല. ഈ കുടുംബ ത്തിന്റെ ഗൃഹനാഥനെ നിഷ്ക്കാസനം ചെയ്യാൻ കലാപക്കാർ പദ്ധതിയിട്ടിട്ടുണ്ടെന്നുള്ള വിവരം വിശ്വാസയോഗ്യമായി ലഭിച്ചതോടെ കാര്യങ്ങൾ കൂടുതൽ വഷളായി. വാർത്ത പരക്കാൻ തുടങ്ങിയ തോടെ ഫ്ളാറ്റ് സമുച്ചയത്തിലെ പല വീട്ടുകാരും ആ കുടുംബത്തെ അന്നുവരെ കണ്ടിട്ടു പോലുമി ല്ലാത്തതു പോലെ സ്വന്തം വാതിലുകൾ കൊട്ടിയ ടക്കാൻ തുടങ്ങി. വാർത്ത ശരിയാണോ എന്ന് പരിശോധിക്കാൻ ഒരു വഴിയുമില്ലാത്തതിനാൽ അവരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുക എന്നതു മാത്രമാണ് ആലോചിക്കാൻ കഴിഞ്ഞത്. വിവരം തന്ന വാച്ച്മാൻ ഒളിവിൽ പോയി. അടക്കിപ്പിടിച്ച സംസാരങ്ങളിൽ ആ കുടുംബം പ്രതികളായി! 'മാറിപ്പൊയ്ക്കൂടെ' എന്ന ചോദ്യം ഉച്ചത്തിലാവാൻ തുടങ്ങി. എവിടേക്ക് എന്ന ചോദ്യത്തിന് ആരും ഉത്തരം തന്നില്ല. അവസാനം അമ്മയും മുതിർന്ന മക്കളും വാതിൽക്കൽ വന്ന് കൈകൂപ്പി അപേക്ഷി ച്ചപ്പോൾ നോക്കി നിൽക്കുക അസാദ്ധ്യമായി.

അമ്മ, രണ്ടു മുതിർന്ന പെൺകുട്ടികൾ. ഒരു ആറ് വയസ്സുകാരി മകൾ, പതിനാലുകാരൻ പയ്യൻ, ഗൃഹ നാഥൻ. എഴുത്തുകാരി എന്ന നിലയ്ക്ക് ആരെയെ ങ്കിലും സർക്കാറിൽ ബന്ധപ്പെടാമോ എന്ന ചോദ്യ ത്തിനു മുന്നിൽ ഞാൻ തരിച്ചു നിന്നു. പലപല ഫോൺവിളികൾക്കു ശേഷം, അവരുടെ ഫോൺ ടാപ്പ് ചെയ്യപ്പെടാമെന്ന സാധ്യത അറിഞ്ഞു കൊണ്ടുതന്നെ, സഹായം ചോദിക്കാൻ ധൈര്യം സംഭരിച്ച് സംസാരിച്ചത് മുഖ്യമന്ത്രിയുടെ പ്രസ്സ് സെക്രട്ടറിയായിരുന്ന പി.കെ. രവീന്ദ്രനാഥിനോടാ ണ്. "ഉടനെ ഒരു ആംഡ് പോലീസ് വാൻ അയക്കാം" രവിയേട്ടൻ പറഞ്ഞു. "മാനസി എനിക്ക് ഇനി ഫോൺ ചെയ്യണ്ട അപകടമുണ്ട്"



ആംഡ് വാനിന്റെ കാര്യം കേട്ടതും കുടുംബം കൂട്ടക്കരച്ചിലായി. "ഇവിടെയിട്ട് കൊന്നാലും വേണ്ടില്ല" അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. "പെൺകുട്ടികളാണ്. അവർ ഞങ്ങളെ വെറുതെ വിടില്ല."

യാതൊരു പ്രകോപനവുമില്ലാതെ ഒരു ചെറുപ്പക്കാരനെ പോലീസ് വെടിവെച്ചു കൊന്നത് തലേന്നായിരുന്നു. പോലീസ് കലാപകാരികളുടെ ഭാഗത്താണെന്ന ഊഹാപോഹങ്ങൾ നിറഞ്ഞു നിന്ന അന്തരീക്ഷത്തിൽ അവരുടെ ആശങ്കയും പ്രതിഷേധവും അസ്ഥാനത്തായിരുന്നില്ല. ഏറെ ചർച്ചകൾക്കുശേഷം നിവൃത്തിയില്ലാതെ, നിസ്സ ഹായയായി ഞാൻ രവിയേട്ടനെ വീണ്ടും വിളിച്ചു.

"ആംഡ് വാനിൽ പോകാൻ അവർക്ക് തീരെ ധൈര്യമില്ല." ഞാൻ പറഞ്ഞു: "വാനയച്ചിട്ടും

കാര്യമില്ല. അവർ അതിൽ പോവില്ല." അപ്പുറത്ത് നിശ്ശബ്ദത പരന്നു.

"മറ്റൊന്നും തൽക്കാലം എനിക്ക് ചെയ്യാനാവില്ല." രവിയേട്ടന്റെ ശബ്ദം വ്യത്യസ്തമായി. "എന്തെങ്കിലും വേണമെങ്കിൽ വിളിക്കൂ"

വാദങ്ങൾക്കും പ്രതിവാദങ്ങൾക്കും ഒടുവിൽ ആൾക്കാർ പിരിയാൻ തുടങ്ങിയപ്പോൾ കർഫ്യൂ റിലാക്സ് ചെയ്യുന്ന സമയത്ത് ഓഫീസിൽ പോയി ഒപ്പിടേണ്ടിയിരുന്ന എന്റെ ഭർത്താവാണ് പെട്ടെന്ന് അവരെ അകലെയുള്ള അവരുടെ ബന്ധു വീട്ടിൽ കൊണ്ടുപോയാക്കാമെന്ന് പറഞ്ഞത്. ഗൃഹനാഥന്റെ പേരുപോലും ശരിക്കറിയാത്ത ആളാണ് അത്



പറയുന്നത്! എന്റെ വയറൊന്നാകെ ആളി. തലേന്ന് റോഡിൽ കാറു തടഞ്ഞുനിർത്തി ഉടുതുണിയഴിപ്പിച്ച ചിത്രം ഒരു മിന്നൽ പോലെ മനസ്സിൽ പാളി. തങ്ങളെ കൊലയ്ക്ക് കൊടുക്കല്ലെ എന്ന് പറഞ്ഞ് അലമുറയിടുന്ന അമ്മയുടേയും മക്കളുടേയും മുഖത്തുനോക്കി ഞാൻ ഒരു നിമിഷം വെറുതെ നിന്നു. പിന്നെ, അടുത്തവീട്ടിൽ നിന്ന് മഹാരാഷ്ട്ര സ്ത്രീകളുടെ പരമ്പരാഗതമായ ഒമ്പതു വാര സാരി കടം വാങ്ങി എല്ലാവരേയും ഉടുപ്പിച്ചു. എന്റെ സുഹൃത്തുക്കൾ അവരുടെ നെറ്റിയിലും നെറുകയിലും കുങ്കുമം വാരിവിതറി. ആരെങ്കിലും ഈ രക്ഷപ്പെടുത്തൽ വെളിച്ചത്താക്കുമോ എന്ന പേടി കനൽ പോലെ ഉള്ളിൽ നീറിക്കൊണ്ടിരുന്നത് ഇന്നും ഓർമ്മയുണ്ട്. തൊട്ടടുത്ത കെട്ടിടത്തിലെ ദേശവാസികൾ വിവരം വേണ്ടിടത്തെത്തിക്കുമെന്നത് ഏറെക്കുറെ ഉറപ്പാക്കിയേ പറ്റൂ.

"വേറെ ഒന്നും ചെയ്യാനില്ല" സുനീത പറഞ്ഞു: ഇനി വരുന്നതുപോലെ വരട്ടെ"

കർഫ്യൂ റിലാക്സ് ചെയ്യുന്ന സമയത്തിനുള്ളിൽ പോവുകയും തിരിച്ചു വരികയും ചെയ്യേണ്ടതിനാൽ ഭർത്താവ് തിരക്കുകൂട്ടി കൊണ്ടിരുന്നു.

രവിയേട്ടന്റെ മുന്നറിയിപ്പ് മനസ്സിൽ പിടഞ്ഞു.

ഭർത്താവ് കാർ സ്റ്റാർട്ടാക്കിയ അതേ സമയത്ത് തന്നെ കർഫ്യൂ റിലാക്സ് ചെയ്യുന്ന സമയം കണക്കാക്കി ഞങ്ങളുടെ അതേ ഫ്ളാറ്റ് സമുച്ചയത്തിൽ നിന്നു പുറപ്പെട്ട കാറാണ് "വിവരദോഷി" കളുടെ കണ്ണിൽപ്പെട്ടത്. ആ യാദൃശ്ചികതയുടെ വിടവിലൂടെ ഞങ്ങളുടെ കാർ ആ കുടുംബത്തേയും കൊണ്ട് രവിയേട്ടൻ സൂചിപ്പിച്ചിരുന്ന സുരക്ഷിത സ്ഥാനത്തേക്ക് കുതിച്ചു പാഞ്ഞു. തലേന്നത്തെ റോഡിലെ ദൃശ്യം എത്ര മായ്ച്ചിട്ടും മായാതെ മനസ്സിൽ നിൽപ്പാണ്. അങ്ങനെ എന്തെങ്കിലും സംഭവിച്ചാൽ? വീട്ടിൽ കയറി എന്തിനെയൊക്കെയോ കഴുകി കളയാനെന്ന പോലെ മുഖം കഴുകുമ്പോഴാണ് വാതിലിൽ മുട്ടു കേട്ടത്. വാതിൽ മുഴുവൻ തുറക്കും മുൻപേ ചുവന്ന ഗോപിക്കുറികളുമായി ഏഴെട്ടുപേർ അകത്തുകയറി.

ഫ്ളാറ്റിനകത്ത് ഒറ്റയ്ക്ക് അടഞ്ഞ വാതിൽ എട്ടു പുരുഷന്മാർ മുമ്പിൽ.

"ആരാടീ അവരെ കൊണ്ടുപോയത്?" ഗോപിക്കുറി ചീറ്റി.

"ആരെ?"

"നിനക്കറിയില്ലല്ലേ?" ഗോപിക്കുറികളിൽ ഒരാൾ അടുത്തേക്ക് നീങ്ങി.

"മക്കൾ രണ്ടുപേരും ജീവിതത്തിൽ നേരെ എണീറ്റുനിൽക്കില്ല. കാല് തല്ലിയൊടിച്ച് മൂലയ്ക്കിടും. സത്യം പറയെടീ. ആരാ അവരെ കടത്തിയത്." ഒരു ചാർളി ചാപ്ലിൻ സിനിമയുടെ പരിസരമാണ് എന്റെ മനസ്സിൽ വന്നത്.

അവർക്ക് എന്നെ എന്തുവേണമെങ്കിലും ചെയ്യാം. ഒരാൾ അറിയുക പോലുമില്ല. ആരും ഒന്നും ചോദിക്കില്ല.

"അറിയില്ല" അളമുട്ടിയ ചേരയെപ്പോലെ ഞാൻ തിരിഞ്ഞു നിന്നു.

"ആരെക്കുറിച്ചാണ് നിങ്ങൾ പറയുന്നതെന്ന് എനിക്കറിഞ്ഞുകൂട"

"കാറ് പൊട്ടിത്തെറിക്കുമ്പോൾ, മക്കൾ മൂലയിൽ ചുരുളുമ്പോൾ അപ്പൊ നീയെല്ലാം അറിയും."

എന്തായാലും മരിക്കും ഞാനോർത്തു. പക്ഷെ എനിക്ക് രണ്ടു മക്കളുണ്ടെന്ന് ഇവരെങ്ങനെയാണ് അറിഞ്ഞത്?

"എന്നെ പേടിപ്പിച്ചിട്ട് കാര്യമില്ല. എനിക്കറിയില്ല." ഞാൻ പറഞ്ഞു. "പിന്നെ എന്റെ ഹിന്ദൂയിസം ഇതൊന്നുമല്ല എന്നെ പഠിപ്പിച്ചത്. എനിക്ക് നിങ്ങളെ തടുക്കാനുമാവില്ല. ഇഷ്ടം പോലെ ചെയ്യൂ."

പേടികൊണ്ട് വിറച്ച് ഒറ്റ ശ്വാസത്തിലാണ്

ഞാൻ പറഞ്ഞ് നിർത്തിയത്. ഗോപിക്കുറിക്കാരിൽ ഏറ്റവും പ്രായം കൂടിയ ആൾ ഒരു നിമിഷം തുറിച്ചു നോക്കിനിന്നു.

ഒരു പെണ്ണ്. ഒറ്റക്ക് വീട്ടിനകത്ത്.

എന്റെ സംസാരം അവരെ അമ്പരപ്പിച്ചു എന്ന് തോന്നി. നിരാശ നെല്ലിപ്പടി കാണുമ്പോൾ ആർക്കായാലും ധൈര്യം തോന്നുമായിരിക്കും. "നിന്റെ ഭർത്താവാണ് അവരെ രക്ഷിച്ചത്" ഒരു ഗോപിക്കുറി അടുത്തേക്ക് വന്നു. "നീയതിന് കൂട്ടുനിന്നില്ലെടീ?"

"ഇല്ല. ഭർത്താവ് ഓഫീസിൽ പോയതാണ്."

പെട്ടെന്ന് കോളിംഗ് ബെല്ലടിച്ചു.

ഭർത്താവ്! കർഫ്യൂ റിലാക്സ് സമയം കഴിഞ്ഞിരിക്കുന്നു.

വെടികൊണ്ടപോലെ എല്ലാവരും ചാടിയെഴുന്നേറ്റു. പിന്നെ ഭർത്താവിനെ വളഞ്ഞു.

ദൈവം എപ്പോഴും ഇങ്ങനെയാണ്. വേണ്ടപ്പോൾ ഒരിക്കലും നമ്മുടെ മുന്നിൽ വരില്ല.

"നീയല്ലെ, നീയല്ലെ അവരെ കടത്തിയത്?"

"അതെ" തികച്ചും അക്ഷോഭ്യനായാണ് ഭർത്താവ് പറഞ്ഞത്.

"ഇതുപോലൊരവസരത്തിൽ ഇനിയും ഞാൻ ഇതു പോലെതന്നെയാവും ചെയ്യുക. കാരണം വെറുതെ ആരെ കൊല്ലാനും എന്റെ മതം എന്നെ പഠിപ്പിച്ചിട്ടില്ല."

അവരെല്ലാം പരസ്പരം മുഖത്തോടുമുഖം നോക്കി നിന്നു. പിന്നെ ഒരക്ഷരം മിണ്ടാതെ ധൃതിയിൽ പുറത്തേക്ക് പോയി. അന്ന് അവർ ഞങ്ങളെ ഒന്നും ചെയ്യാഞ്ഞതെന്തെന്ന് ഇന്നും എനിക്കത്ഭുതമാണ്. പകരം ഓരോരുത്തരിൽ നിന്നും "പ്രൊട്ടക്ഷൻ മണി (രക്ഷിക്കാനുള്ള പണം) ആവശ്യപ്പെടുകയാണ് ചെയ്തത്. സാധാരണക്കാരിൽ സാധാരണക്കാരായ ഞങ്ങൾക്കാർക്കും അവർ ആവശ്യപ്പെട്ട തുകയുടെ പത്തിലൊന്നു പോലും കൊടുക്കാൻ കഴിയുമായിരുന്നില്ല. പണം കിട്ടില്ലെന്ന് ഉറപ്പായതോടെ, ആ കുടുംബത്തിന്റെ വീട് രാത്രി കൊള്ളയടിക്കാനുള്ള അനുവാദം വേണമെന്നായി. വാതിൽ തുറന്നിട്ടു കൊടുക്കണമെന്നും പോലീസിനെ അറിയിക്കരുതെന്നുമുള്ള നിബന്ധനക്കുമുന്നിൽ എല്ലാവർക്കും കീഴടങ്ങേണ്ടി വന്നു. ഞങ്ങളോട് മിണ്ടരുതെന്നും. സ്വാഭാവികമായും ആരും ഞങ്ങളോട് മിണ്ടാതായി. കലാപകാരികളെ പിണക്കുക ഒരു മധ്യവർഗ്ഗ കുടുംബത്തിന് അസാധ്യമാണ്. ജീവിതം അടിച്ചേല്പ്പിക്കുന്ന നിർബന്ധങ്ങൾ അന്യദേശത്ത് താമസിക്കുമ്പോൾ അവഗണിക്കാൻ എളുപ്പവുമല്ല. സാമൂഹ്യബോധത്തേക്കാളും സൗഹൃദത്തേക്കാളും അതിജീവനത്തിനാണ് അവിടെ പ്രാധാന്യം.

കലങ്ങി മറിഞ്ഞൊഴുകുന്ന കുത്തൊഴുക്ക് പോലെ കടന്നുപോയ ആ ദിവസങ്ങളിൽ മൂന്ന് ദിവസം ഒരു വാട്ടർ ടാങ്കിനുള്ളിൽ ഒളിച്ചിരുന്നവരുടെ അതിജീവനത്തിന്റെ കഥയുണ്ട്. അവിശ്വസനീയമായ പരസ്പര സഹായത്തിന്റെ കഥയുണ്ട്. രാത്രിയുടെ നിശ്ശബ്ദതയെ തുളച്ചു കീറുന്ന ഒരു കൂവൽ, ആക്രോശങ്ങൾ, അട്ടഹാസങ്ങൾ. എല്ലാം ഇട്ടെറിഞ്ഞ് ജീവനും കൊണ്ടോടിപ്പോയ പാവങ്ങളുടെ വീടുകളും സാമഗ്രികളും ഒന്നൊന്നായി കത്തിച്ചു തീർക്കുന്ന കലാപകാരികളുടെ വിനോദങ്ങളിൽ ഒരു ആർക്ക് പോലെ വീട്ടിനകത്തു നിന്ന് തീയിലേക്ക് വന്നു വീണ ഒരു പാൽക്കുപ്പിയുടെ ചിത്രമുണ്ട്. വയറിൽ കത്തികൊണ്ട് ആഴത്തിൽ വരഞ്ഞ്, ചോര ചീറ്റുന്ന ശരീരം അയാളുടെ കടയിലെ തന്നെ തുണിക്കിടക്കയിൽ പൊതിഞ്ഞ് മണ്ണെണ്ണ ഒഴിച്ച് തീ കൊളുത്തിക്കൊന്ന എൺപതു വയസ്സുകാരന്റെ നിലവിളിയുണ്ട്. തിരിച്ചറിയാതിരിക്കാൻ ഓരോ പ്രദേശത്തു നിന്നും മറ്റു പ്രദേശങ്ങളിലേക്ക് പോയി നടത്തിയ കൂട്ടക്കൊലകളുടെ, ബലാൽസംഗങ്ങളുടെ കറുപ്പും കലങ്ങലും ഉണ്ട്. മനഃപൂർവ്വം സൈന്യത്തെ ഇറക്കാതെ മരണത്തിന് താണ്ഡവമാടാൻ അരങ്ങൊരുക്കിയ ഭരണ"വൈദഗ്ധ്യ"മുണ്ട്.

എന്താണെന്നോ എന്തിനാണെന്നോ അറിയാതെ തിളച്ചു മറിഞ്ഞു അന്ന് നഗരം. നീറ്റലും നിലവിളികളും ചോരയും വൈകൃതങ്ങളും മേലാസകലം വാരിപൂശി പൊള്ളുന്ന മണ്ണിൽ കാലുറപ്പിക്കാൻ നഗരം പാടുപെട്ടു. അഭയാർത്ഥി ക്യാമ്പുകളിലേക്ക് ശേഖരിച്ച വസ്തുക്കളുമായി നടന്നു നീങ്ങുമ്പോൾ രാം-രഹീം വിളികളുടെ ചീറ്റലുകൾ അന്തരീക്ഷത്തിൽ തുപ്പൽ പോലെ പാറി. ഇരകളെ തേടി വാളുകൾ, കത്തികൾ. ഏതൊക്കെയോ സ്ഥലത്ത്, ആരുടെയൊക്കെയോ മക്കളായി ഒരു സ്വയം തിരഞ്ഞെടുപ്പുമില്ലാതെ പൊങ്ങി വന്ന മുളകൾ. നിറം, ദൈവം, രൂപം, വിശ്വാസം ഒന്നും ആരും തിരഞ്ഞെടുത്തതല്ലല്ലോ എന്ന് ഒരു നിമിഷം പോലും ആലോചിക്കാത്ത അത്ഭുതങ്ങൾ.

കലക്കവെള്ളത്തിൽ മീൻ പിടിക്കൽ എളുപ്പമായതിനാൽ വെള്ളം കലക്കുക എന്നതാണ് എപ്പോഴും ആദ്യ അജണ്ട. രക്ഷിച്ചെടുത്ത ആ കുടുംബം ഒരിക്കലും പിന്നെ അവിടേക്ക് തിരിച്ചു വന്നില്ല. കൃത്യമായി വ്യത്യസ്ത നിറങ്ങൾ, ഇടകലരില്ലെന്ന് ശഠിക്കുന്ന നിറങ്ങൾ പകയോടെ ഭൂപടങ്ങളിൽ സ്ഥലം പിടിച്ചു. സ്വാർത്ഥതാൽപര്യങ്ങളുടെ അശ്ലീല രാഷ്ട്രീയം ചുറ്റും നുരച്ചു. ശ്രീകൃഷ്ണമിഷൻ റിപ്പോർട്ട് വെളിച്ചം കാണാതെ ഭൂമിക്കടിയിലേക്ക് താണു. വ്യാജവാർത്തകൾ മാധ്യമങ്ങളിൽ പുളച്ചു. പാഠം പഠിപ്പിക്കാനുള്ള ചോദ്യചിഹ്നങ്ങൾ പോലെ ശവശരീരങ്ങൾ മരച്ചില്ലകളിൽ തൂങ്ങിയാടി. ആരെ പഠിപ്പിക്കാൻ എന്നു മാത്രം ആരും ചോദിച്ചില്ല. മനസ്സിലെ എന്തിന്റെയൊക്കെയോ പുളപ്പിൽ മനുഷ്യർ നിശ്ശബ്ദരായി. ചില പ്രമുഖരുടെ അശ്ലീലമായ ചിരികൾക്കു കീഴെ മുംബൈ നഗരം തലതാഴ്ത്തി വെറുങ്ങലിച്ചു നിന്നു.

■

ചർച്ചാവിഷയം



# ഞങ്ങളുടെ സ്വന്തം മുംബൈ

**ഞാ**ൻ മുംബൈയിൽ എത്തിയത് 1965 ജൂൺ 2–ാം തീയതിയാണ്. ഡൽഹിയിൽ നിന്നുമാണ് ഞാൻ മുംബൈയിലെത്തുന്നത്. ഡൽഹിയിലും മുംബൈയിലും വളരെ വ്യത്യസ്തമായ ചുറ്റുപാടുകളാണ്. മുംബൈയിലെ കാലാവസ്ഥ തന്നെ കേരളത്തിലേതുപോലെയാണ്. മുംബൈയിലേക്ക് വരാൻ എനിക്ക് വലിയ ഉത്സാഹമായിരുന്നു. ഞങ്ങളുടെ സ്വന്തക്കാരും ബന്ധുക്കളും നാട്ടുകാരും പുറമെ പരിചയക്കാരും മുംബൈയിൽ ധാരാളമുണ്ടായിരുന്നു. മാത്രമല്ല മുംബൈയെക്കുറിച്ച് കേട്ടതനുസരിച്ച് വലിയ സ്വപ്നമായിരുന്നു എനിക്ക്, വലിയ പ്രതീക്ഷകളായിരുന്നു.

ചെന്നു കയറിയത് ഭർത്താവിന്റെ പെങ്ങളുടെ അടുത്തേക്കായിരുന്നു. തുടർന്നുള്ള താമസവും അവരൊന്നിച്ച്. വീട്ടുജോലികൾ ധാരാളം ഉണ്ടായിരുന്നു. എന്റെ പ്രതീക്ഷകൾ ഒന്നൊന്നായി കൊഴിഞ്ഞു തുടങ്ങി. എന്തെങ്കിലും പഠിച്ച് ജോലിക്കു പോകണമെന്ന ആഗ്രഹം പാടെ തുടച്ചുമാറ്റി. മോളെ ആരു നോക്കും. എങ്കിലും വളരെ ശ്രമിച്ചു ഒന്നും നടന്നില്ല. എന്റെ ഭർത്താവ് വലിയ സുഹൃദ്ബന്ധങ്ങളൊന്നും ഉള്ള ആളായിരുന്നില്ല. അതുകൊണ്ടുതന്നെ ആൾക്കാരുമായി പരിചയപ്പെടാനും സൗകര്യം കുറവായിരുന്നു. അയൽവാസികളുമായി സംസാരിക്കുക എന്നതിൽ കവിഞ്ഞ ഒരു സാമൂഹ്യബന്ധവുമില്ലായിരുന്നു. അവിടെ നിന്ന് ആദ്യം കോളിവാഡയി



**രുഗ്മിണി സാഗർ**

പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ 'മഞ്ഞപ്ര' ഗ്രാമത്തിൽ 1942 ജനവരി 5ാം തിയതി ജനിച്ചു. പത്താം ക്ലാസ്സിൽ നല്ല മാർക്കോടെ ജയിച്ചുവെങ്കിലും കോളേജ് പഠനം എന്ന സ്വപ്നം പൂവണിഞ്ഞില്ല. ഇരുപതാം വയസ്സിൽ വിവാഹിതയായി ആദ്യം ഡൽഹിയിലും പിന്നീട് ബോംബെയിലും ഭർത്താവുമൊത്ത് താമസിച്ചു. ബോംബെ നഗരത്തിൽ മലയാളികൾക്കിടയിൽ അറിയപ്പെടുന്ന ഒരു സാമൂഹ്യ പ്രവർത്തകയായി. കേരള സർക്കാറിന്റെ മലയാളം മിഷൻ പഠനപദ്ധതിയിൽ 2011 മുതൽ ചീഫ് അക്കാഡമിക് കോർഡിനേറ്റർ ആയും 2017നു ശേഷം മുംബൈ ചാപ്റ്ററിന്റെ വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിക്കുന്നു. ഭർത്താവ് ടി.കെ.സാഗർ 2017 സെപ്റ്റംബർ 1ാം തിയതി നിര്യാതനായി. ഇപ്പോൾ മകളുടെ കൂടെ ചെറിയ ചെറിയ പ്രവർത്തനങ്ങളുമായി കഴിയുന്നു .

ലേക്കും പിന്നീട് സ്വന്തമായി വീട് മേടിച്ച് മുളണ്ടി ലേക്കും താമസം മാറ്റി. അപ്പോഴേക്കും രണ്ടു കുട്ടി കളായി. മുളണ്ടിൽ വന്നശേഷമാണ് ഞാൻ കുറച്ചെ ങ്കിലും എന്നെക്കുറിച്ച് ചിന്തിച്ചു തുടങ്ങിയത്. വായന എനിക്ക് വലിയ ഇഷ്ടമായിരുന്നു. ലൈബ്രേറി യിൽ ചെന്ന് പുസ്തകങ്ങൾ എടുത്തുവായിക്കും. അങ്ങനെ കുട്ടികളുടെ സ്ക്കൂളിലും പച്ചക്കറി വാങ്ങാനും ഒക്കെയുള്ള പോക്കുവരവുകൾ പരിചയക്കാരെ ഉണ്ടാക്കാൻ സഹായിച്ചു. സ്വതന്ത്ര മായി ചിന്തിക്കാനും പ്രവർത്തിക്കാനും ശീലിച്ചു. ഭർത്താവിന് അതിലൊന്നും യാതൊരു വിരോധ വുമുണ്ടായിരുന്നില്ല. ചുറ്റുമുള്ള പല സ്ത്രീകളും സർക്കാർ ആഫീസുകളിലും സ്വകാര്യ കമ്പനിക ളിലും വിദ്യാലയങ്ങളിലും ജോലിക്കു പോകുന്ന വരായിരുന്നു. ആദ്യമാദ്യം അവരെയെല്ലാം വളരെ ആരാധനയായിരുന്നു എനിക്ക്. എന്നാൽ കാലക്രമേണ അവരോട് സഹതാപം മാത്രമാണ് എനിക്ക് തോന്നിയത്. ഒരു യന്ത്രം പോലെ രാവിലെ വെളിച്ചം വീഴുന്നതിനുമുൻപെ എഴു ന്നേറ്റാൽ വീട്ടുജോലികളും പാചകവും കുട്ടികളെ ഒരുക്കലും ഭർത്താവിന്റെ ആവശ്യങ്ങൾ നിറവേറ്റലും ഒക്കെ കഴിഞ്ഞ് കുളിയും ഒരുങ്ങലും കഴിഞ്ഞ് വണ്ടി പിടിക്കാൻ ഓടുന്നു. ഓഫീസിലെത്തി യാലോ മേലധികാരിയുടെ ശകാരങ്ങൾ. എങ്കിലും ഇടക്കു കിട്ടുന്ന സമയങ്ങൾ കൂട്ടുകാരികളുമായി കൊച്ചു വർത്തമാനം പറയാനും ചെറിയ ചെറിയ ഷോപ്പിംഗ് നടത്താനും കഴിയും എന്നതൊരു ഭാഗ്യം തന്നെയാണ്. വൈകുന്നേരം തിരിച്ചു വരു മ്പോൾ പച്ചക്കറികളും മറ്റു വീട്ടു സാധനങ്ങളും വാങ്ങി ഭാരം ചുമന്നു വരുന്നു. മൂന്നാം നിലയി ലാണ് വീടെങ്കിൽ പെട്ടതുതന്നെ. വന്നാൽ വീണ്ടും തുടങ്ങുന്നു. രാത്രിയിലെ പാചകം, കുട്ടികളുടെ ഹോം വർക്ക്, അവരുടെ യൂണിഫോം ഇസ്തിരി യിടൽ, ഷൂ പോളിഷ് ചെയ്യൽ, പിറ്റേന്നേക്കുള്ള പാഠങ്ങൾ പഠിപ്പിക്കൽ. തീർന്നില്ല, എല്ലാവർക്കും ആഹാരം കൊടുത്ത് പാത്രം കഴുകി അടുക്കള വൃത്തിയാക്കി, മേൽ കഴുകലും മറ്റും കഴിഞ്ഞ് കിടക്കുമ്പോൾ മണി 11 കഴിഞ്ഞിരിക്കും. ഇതാണ് മുംബെയിലെ സാധാരണക്കാരായ ഉദ്യോഗസ്ഥക ളുടെ ദിനചര്യ. ഇതു കണ്ടാൽ സഹതാപമല്ലാതെ മറ്റെന്തു തോന്നാൻ. നമ്മൾ പുറത്തുപോയി വൈകു ന്നേരങ്ങളിൽ ട്രെയിനിൽ മടങ്ങുകയാണെങ്കിൽ കാണുന്ന കാഴ്ച വളരെ രസകരമാണ്. വഴിയിൽ നിന്നും വാങ്ങുന്ന പച്ചക്കറികൾ വൃത്തിയാക്കി അരിഞ്ഞ് പാക്കറ്റുകളിലാക്കി ബാഗിൽ സൂക്ഷിക്കും. അങ്ങിനെ ചില്ലറ പണികൾ ട്രെയിനിൽ തന്നെ ചെയ്തു തീർക്കും. ഇങ്ങനെയൊക്കെയാണെങ്കിലും അവരുടെ മുഖത്ത് തീരെ വിഷാദം കാണില്ല. ആഹ്ലാദത്തോടെ പാട്ടുപാടിയും അന്താക്ഷരി കളിച്ചും അവർ വീടണയുന്നു. ഇവർക്ക് ഇത്രയൊ ക്കെയെ സ്വാതന്ത്ര്യമുള്ളൂ. കിട്ടുന്ന ശമ്പളം ഭർത്താ വിനെ ഏൽപ്പിക്കണം. ആവശ്യത്തിനുള്ളത് ചോദിച്ചു വാങ്ങണം. അവിടേയും എന്തിനാ ഏതിനാ എന്ന ചോദ്യങ്ങളുണ്ടാവും.

എന്നാൽ സമർത്ഥരായ സ്ത്രീകളുണ്ട്. ജോലി സമയം കഴിഞ്ഞാൽ എന്തെങ്കിലും പഠിക്കാനും പരിശീലിക്കാനും സമയം കണ്ടെത്തും. ഭർത്താവിന്റെ എല്ലാ നിയന്ത്രണങ്ങൾക്കും നിന്നു കൊടുക്കാതെ സ്വന്തം ഇച്ഛക്കനുസരിച്ച് കാര്യങ്ങൾ ചെയ്യുവാൻ അവർ ശ്രമിക്കും. മുംബൈ നമുക്ക് വളരെയധികം പ്രതീക്ഷകൾ നൽകുന്ന നഗരമാണ്. നമ്മൾ (സ്ത്രീകൾ) തയ്യാറാണെങ്കിൽ നമ്മൾക്ക് ഉയരങ്ങളിലെത്താൻ ധാരാളം അവസരങ്ങളുണ്ട്. അത് വേണ്ട വിധത്തിൽ ഉപയോഗിക്കണം. അതി നുള്ള മനക്കരുത്തു വേണം. അവിടെയാണ് പ്രശ്ന ങ്ങൾ. നാട്ടിലെ ഗ്രാമങ്ങളിൽ നിന്നും വീട്ടിലെ നിയ ന്ത്രണങ്ങളിൽ നിന്നും വിദ്യാസമ്പന്നരാണെങ്കിൽ പോലും നഗരങ്ങളിലേക്ക് ചേക്കേറുന്ന സ്ത്രീകൾ സ്വാഭാവികമായും വളരെ അധികം ആശങ്ക ഉള്ളവ രായിരിക്കും. ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾ, പുറം ലോകത്തിലെ നിഗൂഢതകൾ ഇവ അവരെ അലട്ടു ന്നു. മുംബൈ കാണാനും കേൾക്കാനും വളരെ കൗതുകമുള്ള നഗരമാണ്. എങ്കിലും പുറത്തിറങ്ങി ജീവിക്കാൻ തന്റെ ഈ ചെറിയ അറിവും കരുത്തും മതിയോ എന്ന ചിന്ത അവരെ ആശങ്കാകുലരാക്കു ന്നു. ശക്തമായ പിന്തുണ ഭർത്താവിന്റെ ഭാഗത്തു നിന്നും ഉണ്ടെങ്കിൽ മാത്രമേ സ്ത്രീകൾക്ക് മുംബൈ യിൽ മുന്നോട്ടു പോകാൻ കഴിയൂ എന്നത് വാസ്ത വമാണ്. ചുരുങ്ങിയത് പിന്നോട്ടു വലിക്കാതിരിക്കുക യെങ്കിലും വേണം. ഗൃഹസ്ഥകളായ സ്ത്രീകൾ പുറത്തിറങ്ങി തുടങ്ങുന്നത് മക്കൾ പ്രായമാവു മ്പോൾ അമ്മയുടെ സാന്നിദ്ധ്യം അവർക്ക് പണ്ടത്തെ പോലെ ആവശ്യമില്ലാതാവുമ്പോൾ, ഭർത്താവാണെങ്കിൽ വലിയൊരു ഉദ്യോഗസ്ഥനായി മാറി ഉത്തരവാദിത്വങ്ങളേറുമ്പോൾ ഭാര്യയുടെ കൂടെ ചിലവഴിക്കാൻ സമയം കിട്ടാതാവുമ്പോൾ, അങ്ങനെ ആ സ്ത്രീ ഒറ്റപ്പെടുമ്പോഴാണ് മുംബൈ യിലെ സാമൂഹ്യ ചുറ്റുപാട് അവരെ ആകർഷിക്കു ന്നത്. മുംബൈയിൽ പ്രവർത്തിക്കാൻ വളരെ മേഖല കളുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങൾ, കലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾ, സമാജങ്ങൾ, മറ്റു ജാതിമത സംഘടനകൾ, വിദ്യാഭ്യാസ മേഖലകൾ, വസ്ത്രവ്യാപാരങ്ങൾ, ചെറുതും വലുതുമായ കുടിൽ വ്യവസായങ്ങൾ. ഇതെല്ലാം മുംബൈയുടെ പ്രത്യേകതകളാണ്. സാമൂഹ്യപ്രവർത്തനങ്ങൾക്ക് സേവനമനഃസ്ഥിതി മാത്രമുണ്ടായാൽ മതി. പക്ഷെ അവിടെയാണ് പുരുഷമേധാവിത്വത്തിന്റെ ശീതസമര ങ്ങൾ നമുക്ക് കാണാൻ കഴിയുക. സാമൂഹ്യസേവന ത്തിനിറങ്ങുന്ന സ്ത്രീകൾക്ക് ആ മേഖലയിലെ ഒരു പുരുഷനേക്കാൾ നാലിരട്ടി പ്രവർത്തിച്ചാലേ അംഗീ കാരം കിട്ടാൻ സാദ്ധ്യതയുള്ളൂ. അതും പുരുഷനു മീതെ സ്ഥാനത്തെത്താൻ ഒരിക്കലും അവരനുവദി ക്കില്ല. അതും മുംബൈയുടെ പ്രത്യേകതയാണ്. സമാജങ്ങളിലും സംഘടനകളിലും പല പ്രവർത്തന

ങ്ങളും സ്ത്രീകൾ ആത്മാർത്ഥമായി ചെയ്യുന്നു. ഇവിടെ കുട്ടികളെ നൃത്തം പഠിപ്പിക്കുന്നതിനും പാട്ടുപഠിപ്പിക്കുന്നതിനും ചിത്രരചന, സംഗീതോപകരണങ്ങൾ എന്നിവ പഠിപ്പിക്കുന്നതിനും സൗകര്യങ്ങൾ ലഭിക്കുന്നു. അതുപോലെ തന്നെ കുട്ടികൾക്ക് മലയാളഭാഷ പഠിപ്പിക്കുന്നതിനും സമാജങ്ങളിൽ സംവിധാനം ഉണ്ടായിരുന്നു. ഇത്തരം പലപരിപാടികളിലും ഇടപെട്ട് പല സ്ത്രീകളും തങ്ങളുടെ സമയം ചിലവഴിക്കുന്നു. മറ്റു ചില സ്ത്രീകൾ അമ്പലങ്ങളിൽ പൂജകളിലും പാരായണങ്ങളിലും ഭജനകളിലും ഇടപെട്ട് സമയം ചിലവഴിക്കുന്നു. ഏതു വിധത്തിലായാലും സ്വന്തം വീട്ടിൽ ഒതുങ്ങി കൂടാതെ പുറം ലോകവുമായി ഇടപഴകുന്നത് മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് വളരെ നല്ലതാണ്. മുംബൈ പോലെയുള്ള മഹാനഗരങ്ങളിൽ മറ്റു പല ദേശക്കാരുമായി സഹകരിക്കാനും അവരുടെ ഭാഷയും സംസ്ക്കാരവും മനസ്സിലാക്കാനും കഴിയുന്നു എന്നുള്ളത് ഒരു പ്രത്യേകതയാണ്. പുറത്തു പോകാനും സ്വന്തം ആവശ്യങ്ങൾ നിറവേറ്റാനും സ്ത്രീകൾക്കു സാധിക്കുന്നു. ഹിന്ദിയും മറാത്തിയും ഇംഗ്ലീഷുമെല്ലാം അവർ കൈകാര്യം ചെയ്യാൻ ശീലിക്കുന്നു. ഭയം അവരെ വിട്ടകലുന്നു. ഏതു സമയത്തും രാത്രിയായാൽ പോലും ആവശ്യാനുസരണം പുറത്തു പോകാൻ അവർക്ക് കഴിയുന്നു. തീവണ്ടികളിൽ രാത്രി പത്തു മണിക്കു കയറിയാലും ലേഡീസ് കമ്പാർട്ടുമെന്റിൽ പോലും ഇരിക്കാൻ സ്ഥലം കിട്ടാത്ത അവസ്ഥയാണ്. ഷിഫ്റ്റ് ജോലിക്കു പോകുന്നവർ, ക്ലാസ്സുകളിൽ പോകുന്നുവർ, വൈകി ജോലിക്കിരിക്കേണ്ടി വരുന്നവർ അങ്ങിനെ തീവണ്ടിയിൽ തിരക്കേറുന്നു. ഒരിക്കൽ സുഗതകുമാരി ടീച്ചർ ബോംബെയിൽ വന്നപ്പോൾ സംസാരിക്കുന്നതിനിടയിൽ ഞാൻ അതിനെക്കുറിച്ച് സംസാരിച്ചപ്പോൾ അവർ അത്ഭുതപ്പെട്ടു. 'അയ്യോ നാട്ടിലിങ്ങനെയൊന്നും നടക്കില്ല. ആറു മണി കഴിഞ്ഞാൽ സ്ത്രീകൾക്ക് തനിയെ പുറത്തുപോകാൻ ഭയമാണ്. അവർ പറഞ്ഞു. ഇതൊക്കെയാണ് മുംബൈ മഹാ നഗരത്തിന്റെ പ്രത്യേകതകൾ.

ഇപ്പോൾ വലിയ ഒരു സ്ത്രീമുന്നേറ്റം ഇവിടെ മുംബൈയിൽ ഉണ്ടായിരിക്കുന്നു. കേരള സർക്കാർ പ്രവാസി മലയാളികളുടെ കുട്ടികൾക്ക് മലയാളഭാഷ പഠിക്കുന്നതിനായി 'മലയാളം മിഷൻ' എന്നൊരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആറേഴു വർഷമായി അതിലുള്ള അദ്ധ്യാപകർ തൊണ്ണൂറ്റഞ്ച് ശതമാനവും വീട്ടമ്മമാരാണ്. ചുരുങ്ങിയത് മുന്നൂറിനും നാന്നൂറിനും ഇടക്ക് അദ്ധ്യാപികമാർ ഇന്ന് ഇവിടെയുണ്ട്. മുംബൈയിലും പ്രാന്തപ്രദേശങ്ങളിലുമായി ഇവരുടെ പ്രവർത്തന മണ്ഡലങ്ങൾ വികസിച്ചു കിടക്കുന്നു. ഈ കുട്ടികളെ മലയാളം പഠിപ്പിക്കുന്നതിനോടൊപ്പം തന്നെ നാടൻ പാട്ടുകളും നൃത്തരൂപങ്ങളും നാടകങ്ങളും എല്ലാം പരിശീലിപ്പിക്കുന്നു. അങ്ങനെ മലയാളി സ്ത്രീകൾ വളരെ തിരക്കു പിടിച്ച ജീവിതം നയിക്കുന്നു. ആയിരത്തി തൊള്ളായിരത്തി അറുപത്തഞ്ചിൽ നിന്നും രണ്ടായിരത്തി പതിനെട്ടിലേക്കുള്ള പ്രയാണം സ്ത്രീകൾക്കിടയിൽ വലിയ വിപ്ലവം തന്നെ സൃഷ്ടിച്ചു എന്നു പറഞ്ഞാൽ അതിൽ തീരെ അതിശയോക്തിയില്ല എന്നുള്ളത് വാസ്തവമാണ്. സ്ത്രീ സാന്നിദ്ധ്യം എല്ലാ മേഖലയിലും ഉണ്ടെങ്കിലും അവർ നൂറു ശതമാനം സ്വാതന്ത്ര്യമനുഭവിക്കുന്നവരാണോ എന്നു ചോദിച്ചാൽ അല്ല എന്നു പറയാനേ പറ്റൂ. കാരണം നമ്മുടെ പാരമ്പര്യം പെൺകുട്ടികൾക്ക് എവിടേയും എന്തിനും നിയന്ത്രണമേർപ്പെടുത്തുന്ന നമ്മുടെ ശീലം, മറ്റൊരാളുടെ വീട്ടിൽ ചെന്നു കഴിയാനുള്ളതാണെന്ന ഓർമ്മപ്പെടുത്തൽ, ഇതെല്ലാം നമ്മെ വിട്ടുപിരിയാതെ പിൻതുടർന്നു കൊണ്ടേയിരിക്കുന്നു. എത്രയൊക്കെ പുരോഗമനം പറഞ്ഞാലും കാണിച്ചാലും സൽപ്പേര് (അതെന്താണെന്ന് തിട്ടപ്പെടുത്താൻ വയ്യാത്ത അവസ്ഥ) അത് അത്യാവശ്യമാണ്. സമൂഹത്തിലും വീട്ടിലും അത് കാത്തു സൂക്ഷിച്ചേ പറ്റൂ. അതിന്നായുള്ള വിട്ടുവീഴ്ചകൾ സ്ത്രീകൾ സ്വയം ഏറ്റെടുക്കേണ്ടതാണ് എന്നാണ് നമ്മൾ ശീലിച്ചുപോന്നത്. ഇതെല്ലാം തട്ടിത്തെറിപ്പിച്ച് മുന്നോട്ടു പോകാൻ മാത്രം കരുത്ത് സ്ത്രീക്ക് ഇനിയും ഉണ്ടാവേണ്ടിയിരിക്കുന്നു. ഇന്ന് പുരുഷന്മാർ (പുതിയ തലമുറ) പണ്ടേത്തേതിൽ നിന്നും വളരെ വ്യത്യസ്ഥരാണ്. സ്ത്രീയെ മനസ്സിലാക്കാനും അറിയാനും അവർക്ക് സാധിക്കുന്നു. അതിനനുസരിച്ചുള്ള സഹകരണവും അവരുടെ ഭാഗത്തു നിന്നുണ്ടാവുന്നുണ്ട്. ജീവിത ശൈലി തന്നെ മാറിയ ഈ ചുറ്റുപാടിൽ, ജീവിത ചിലവുകൾ വളരെ വർദ്ധിച്ച ഈ വേളയിൽ ഭാര്യയും ഭർത്താവും ജോലി ചെയ്ത് ഒന്നിച്ചു കൊണ്ടു പോകുന്ന ജീവിതം. അവിടേയും പ്രശ്നങ്ങൾ ഉണ്ട്. കുട്ടികളുടെ ജീവിതം. അത് മുംബൈയിലെ മാത്രം പ്രശ്നമല്ല. രണ്ടു പേരും ജോലി ചെയ്യുന്നവരുടെ മക്കൾക്കുണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ പലതാണ്. ഇന്നത്തെ ന്യൂക്ലിയർ കുടുംബവ്യവസ്ഥ കുട്ടികളെയാണ് കൂടുതൽ ബാധിക്കുന്നത്. മാതാപിതാക്കൾ ജോലിക്കു പോകുമ്പോൾ കുട്ടികൾ ഡേകെയറിലും അല്ലെങ്കിൽ ജോലിക്കാരികളും നോക്കുന്ന വ്യവസ്ഥയാണിപ്പോഴുള്ളത്. വളർന്നു വരുന്ന കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ അത് വളരെ അധികം സ്വാധീനം ചെലുത്തുന്നു. മറ്റു പലയിടത്തേയും പോലെ മുംബൈയിലും ഇന്ന് ഇതെല്ലാം ഒരു വ്യവസായമായി മാറിയിരിക്കുകയാണ്. ആത്മാർത്ഥത ഒട്ടും തന്നെ കാണാൻ കഴിയില്ല.

ഈ ജീവിത സായാഹ്നത്തിൽ വളർന്നു വരുന്ന തലമുറയുടെ ഭാവിയെ പറ്റി ചിന്തിക്കുമ്പോൾ ഒരു അന്തവും കാണുന്നില്ല. മനസ്സു നിറയെ ദുഃഖമാണ്. മറ്റു പല സംസ്ഥാനങ്ങളേയും അപേക്ഷിച്ച് മുംബൈ വളരെ സമാധാനപരമായ ജീവിതമാണ് നമുക്ക് നൽകുന്നതെന്ന് സമാശ്വസിക്കാം. മുംബൈ ഞങ്ങളുടെ സ്വന്തം മുംബൈ.

■




# അംചി മുംബൈ

ആദ്യമൊക്കെ അടുത്തുള്ള വലിയ പട്ടണം മദിരാശിയായിരുന്നു. ഏതോ ഒരു സിനിമയിൽ ഒരു പാട്ടും കൂടെ കേട്ടിട്ടുണ്ട്. "നോക്കണം ആ മദിരാശി പട്ടണത്തിൽ ചെന്ന് പെട്ടാൽ കാറുകൾ അനവധി റോഡിൽ പായുന്നു, ഒട്ടേറെ കൂറ്റൻ ബസ്സുകൾ, ലോറികൾ ചീറിപ്പായുന്നു" പിന്നെ ആ സ്ഥാനം ബോംബെക്ക് ആയി. അപ്പോഴാണ് ഞാൻ വിവാഹിതയായി ഇവിടേയ്ക്ക് വന്നത്. ഒരു മഹാഭാഗ്യം എന്ന് തന്നെ ഞാൻ കരുതി, അതിന്നും പുറമെ, ഈ ആലോചന കൊണ്ടു വന്ന കുടുംബസുഹൃത്ത് പറഞ്ഞിരുന്നു, "ഒക്കെ നിന്റെ ഭാഗ്യമാണ് ദുർഗ്ഗേ, അവർ വളരെ നല്ല കൂട്ടർ ആണ്". ഞാൻ വിവാഹിതയായി ബോംബെക്കു വന്നിട്ട് അമ്പതു കൊല്ലത്തിലേറെയായി. രണ്ടര ദിവസം നീണ്ടു നിന്ന തീവണ്ടി യാത്ര, ഇതിനു മുമ്പു ഗുരുവായൂർ തൊഴാൻ പോകുമ്പോൾ കുറ്റിപ്പുറം വരെയുള്ള രണ്ടു മണിക്കൂർ യാത്രയെ ചെയ്തിട്ടുള്ളു. വി.ടി. സ്റ്റേഷനിൽ വണ്ടിയിറങ്ങിയപ്പോൾ സി.രാധാകൃഷ്ണന്റെ ഒരു കഥാപാത്രം പറഞ്ഞപോലെ, "ഇതാണോ കുഞ്ഞാത്തോലെ നിങ്ങടെ ബോംബെ" എന്നതു പോലെ അത്ഭുതപ്പെട്ടുപോയി. എത്ര വലിയ കെട്ടിടങ്ങൾ! അങ്ങിനെ അത്യത്ഭുതങ്ങളിലൂടെ ഞാൻ ബോംബെയുമായി അടുത്തു. എല്ലാം അതിശയം, മുകളിൽ ഏഴാം നിലയിലേക്ക് കയറാനുള്ള ലിഫ്റ്റ് മുതൽക്കു എല്ലാം മായികം. മാങ്കാവിലെ എന്റെ പഴയ കോവിലകം എവിടെ, ഈ ഉഗ്രൻ ഫ്ളാറ്റ് എവിടെ! പുറത്തേക്കു നോക്കിയാൽ കണ്ണെത്താദൂരം വരെ ഇളകി മറിയുന്ന കടൽ. എത്ര നോക്കി നിന്നാലും മതിയാവില്ല.

ആദ്യത്തെ പുതുമ കഴിഞ്ഞപ്പോൾ വീടിനെയും വീട്ടുകാരേയും ഓർത്തു വിഷമിക്കുവാൻ തുടങ്ങി. അപ്പോഴൊക്കെ ജനലിന്നടുത്തു നിന്ന് കടലിലേക്ക് നോക്കി നിൽക്കും. ഇതിന്റെ ഒരു ഭാഗത്തു തന്നെ യല്ലേ കോഴിക്കോട്, അവിടെ യല്ലേ അമ്മയും അച്ഛനും ചേച്ചിയും ഒക്കെ. പിന്നെ പിന്നെ എല്ലാം ശീലമായി. കൂട്ടുകാരുണ്ടായി, മഹിളാസമാജത്തിൽ ചേർന്ന് പരിപാടികളിൽ പങ്കെടുത്തു പലരെയും പരിചയപ്പെട്ടു. ടാക്സിയിലും, വേണമെങ്കിൽ ബസിലും, ട്രെയിനിലും ഒക്കെ അനായാസം യാത്രചെയ്യാറായി. ഹിന്ദി സംസാരിക്കാനായി, ഇംഗ്ലീഷും നന്നായി പറയാൻ ആയതു ഇവിടെ എത്തിയ ശേഷമാണ്. നാട്ടിൽ നിന്ന് വന്നപ്പോൾ ഇംഗ്ലീഷിൽ സംസാരിക്കാൻ കുറച്ചു ധൈര്യമില്ലായ്മ ഉണ്ടായിരുന്നു.

തിരക്കിലൂടെ അമ്പതു കൊല്ലങ്ങൾ കടന്നു പോയത് അറിഞ്ഞില്ല. അതിന്നിടയിൽ മക്കളുണ്ടായി, അവരുടെ സ്കൂൾ, കോളേജ് പഠിപ്പു ഒക്കെ നടന്നു.

ഞങ്ങളുടെ വീട് ഒരു ഓപ്പൺ ഹൗസ് ആയിരുന്നു. എപ്പോഴും വിരുന്നുകാർ ഉണ്ടാവും. ഞങ്ങൾക്കു അതിഷ്ടമായിരുന്നു. ആസ്പത്രിയിൽ ചെക്കപ്പിന് വരുന്നവർ, ജോലിക്ക് ഇന്റർവ്യൂന്നു





**ദുർഗ്ഗ പ്രഭാകർ**
തവനൂരിൽ മധുരക്കോട് മീനാക്ഷി അമ്മയുടെയും കോഴിക്കോട് മാങ്കാവിൽ കോവിലകത്തു മരുമകൻ തമ്പുരാന്റെയും മകൾ. ജനിച്ചു വളർന്നത് കോഴിക്കോട്. പഠിച്ചത് സാമൂതിരി സ്കൂളിലും കോളേജിലും. 1961ൽ പ്രഭാകരനുമായി വിവാഹം കഴിഞ്ഞു മുംബൈയിലേക്ക്. അവിടെ കേരളീയ മഹിളാ സമാജത്തിൽ അദ്ധ്യക്ഷയായിരുന്നു കുറച്ചു കാലം. പ്രഭാകരൻ മരിച്ചതിനുശേഷം രണ്ടായിരത്തി പത്തു മുതൽ മകൾ മാധവിയുടെ കൂടെ ദുബായിൽ.

വേണ്ടി വരുന്നവർ, വെറുതെ സ്ഥലം കാണാൻ വേണ്ടി വരുന്നവർ, അങ്ങിനെ എപ്പോഴും ആരെങ്കിലും ഉണ്ടാവും ഇപ്പോൾ ബോംബെ വിടാൻ വയ്യ എന്നായി. കൂട്ടുകാരൊക്കെ ഇവിടെ. മഹാലക്ഷ്മിയും സിദ്ധിവിനായകനും ബോബെയെ കാത്ത് രക്ഷിക്കുന്നു. അമ്പലങ്ങളിലും പോർട്ടുഗീസ് ചർച്ചിലും മാഹിം പള്ളിയിലും ഒക്കെ പോകും. ദീവാലിയും നവരാത്രിയും ക്രിസ്മസും ഈദും എല്ലാം ആഘോഷിക്കും. ഇവിടെ ജാതിയും മതവുമില്ല.

കേരളീയ മഹിളാസമാജം, ധാരാളം സുഹൃത്തുക്കൾ; കേരളത്തിൽ അങ്ങോളമിങ്ങോളം ഉള്ള പല ദേശത്തിലെ മലയാളം സംസാരിക്കുന്നവർ. നാട് വിട്ട വിഷമം അതോടെ മാറി.

ധാരാളം കൂട്ടുകാർ. ഒരു തറവാട് പോലെ അമ്മമാരും, വലിയമ്മമാരും, അമ്മായിമാരും, പല പ്രായത്തിലുള്ള കുട്ടികളും എല്ലാവരും കൂടെ നല്ലൊരു കൂട്ടുകുടുംബം. അവിടെ കളികളും പാട്ടും, നാടകവും ഒക്കെ അരങ്ങേറി എഴുത്തുകാരും അഭിനയിക്കാൻ കഴിവുള്ളവരും നർത്തകരും ഒക്കെ കൂട്ടത്തിലുണ്ടെന്നു മനസ്സിലായി. അവരവരുടെ കഴിവ് പ്രകടിപ്പിക്കാൻ ഉള്ള അരങ്ങായി സമാജം.

കളി ചിരി തമാശകൾ മാത്രമല്ല ഗൗരവമുള്ള കാര്യങ്ങളും അവിടെ ചർച്ച ചെയ്തു നടത്തി പ്രശ്നങ്ങൾക്ക് പരിഹാരം ചെയ്തു. സാമ്പത്തികമായി ബുദ്ധിമുട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നല്കി ജോലിയാക്കി കൊടുത്തു. സമാജത്തിൽ വെച്ച് തുന്നൽ ക്ലാസ്സ് നടത്തി. നാട്ടിൽ നിന്ന് ഇവിടെ എത്തുന്നവർക്കു ഒരു തണലാണ് സമാജം. വിഷമങ്ങളും സന്തോഷവും പങ്കിടാനും ആശ്വസിപ്പിക്കാനും ഏറെ സുഹൃത്തുക്കൾ. സമാജം അംഗങ്ങളുടെ വീട്ടിലെ കല്യാണം, പ്രസവം, മരണം, അസുഖം ഒക്കെ എല്ലാവരും ഏറ്റെടുത്തു ചുമതലയോടെ നടത്തി.

ഇത് ഒരു മഹിളാ സമാജമായതു കൊണ്ടു പുരുഷന്മാർക്ക് അംഗത്വമില്ല. എന്നാലും എല്ലാ കാര്യങ്ങൾക്കും അവർ സഹായത്തിനുണ്ട്. അമ്മാമന്മാർ, ഏട്ടന്മാർ, വല്ല്യച്ഛന്മാർ, അനിയന്മാർ ഒക്കെയായി അവരുണ്ടാവും കൂടെ.

**എന്തൊക്കെ ബഹളങ്ങൾ ഉായാലും എത്ര മഴയും വെള്ളപ്പൊക്കവും വന്നാലും എന്തെല്ലാം സമരങ്ങൾ വന്നാലും ബോംബെക്കു അതിന്റേതായ ഒരു സൗന്ദര്യം ഉ്. എല്ലാ ജാതിമതസ്ഥരും തിങ്ങി പ്പാർക്കുന്ന ഒരു സ്ഥലമാണിത്. ബോംബാക്രമണങ്ങളും സ്ഫോടനങ്ങളും, എല്ലാവിധ പരീക്ഷണങ്ങളും അതിജീവിച്ച ധീരവനിതയാണ് "അംചി മുംബൈ"**

കൊല്ലം തോറും നടത്തുന്ന ഓണാഘോഷ പരിപാടി സമാജത്തിന്റെ കുടുംബ സംഗമമാണ്. ഇത്ര സുന്ദരമായ ഒരു കൂട്ടായ്മ വേറെ എവിടെയും ഉണ്ടെന്നു തോന്നുന്നില്ല.

ഓണവും ക്രിസ്മസും ആഘോഷിക്കും, മഹാബലിയും സാന്റാ ക്ലോസും വരും, പൂക്കള മത്സരം ഉണ്ടാവും, ഗംഭീരമായ സദ്യയുണ്ടാവും. കുറെ ദിവസത്തെ പരിശ്രമം കൊണ്ട് പരിപാടികൾ കേമമാക്കും.

സമാജം തുടങ്ങിയ കാലത്ത് അവിടെ വെച്ച് കായ വറുക്കും, ഉപ്പിലിട്ടത് ഉണ്ടാക്കും. സദ്യ അവിടെ വെച്ച് അംഗങ്ങൾ തന്നെയാണ് പാചകം ചെയ്തിരുന്നത്. അംഗങ്ങൾ കൂടിയപ്പോൾ പാചകക്കാരെ ഏല്പിച്ചു തുടങ്ങി.

അവിടെ വെച്ചിട്ടാണ് സരളരാമവർമ, അമ്മിണി രവിവർമ, താര രവീന്ദ്രനാഥ് എന്നിവരെയൊക്കെ പരിചയപ്പെട്ടത്. ഞങ്ങളുടെ നാടകങ്ങൾ സംവിധാനം ചെയ്യാൻ ശ്രീ.നാണപ്പനും കെ.എസ്. മേനോനും എപ്പോഴും സഹായിക്കാറുണ്ടായിരുന്നു. പി.കെ. രവീന്ദ്രനാഥ്, ടി.എം. പുരുഷോത്തമൻ നെടുങ്ങാടി, വി.ബാലചന്ദ്രൻ എന്നിവരൊക്കെ സമാജത്തിന്റെ അഭ്യുദയകാംക്ഷികളായിരുന്നു. സമാജം കൊല്ലംതോറും പത്തു ദിവസത്തിലേറെ നീണ്ടുനിൽക്കുന്ന വിനോദ സഞ്ചാരങ്ങൾ നടത്തിയിരുന്നു. കുളു മനാലി, ഡാർജിലിങ്, ഡൽഹി, ആഗ്ര, ഗുജറാത്ത്, കൊൽക്കൊത്ത,



രണ്ടു പേരും നാട്ടു വർത്ത മാനങ്ങളും വീട്ടുകാര്യ ങ്ങളും തമാശകളും പറഞ്ഞു കൊണ്ടിരുന്നു. ഇടയ്ക്കിടയ്ക്ക് പൊട്ടിച്ചി രിക്കും, അത് കേട്ട് കൊണ്ട് ഞാനും നിർവൃതിയടഞ്ഞു. എന്നോട് ഇടയ്ക്കിടയ്ക്ക് വരണം എന്ന് നിർബന്ധിച്ചു പറഞ്ഞു. എനിക്ക് രണ്ടു മൂന്നു പുസ്തകങ്ങൾ തന്നു, ഇതായിരുന്നു ആദ്യത്തെ കൂടിക്കാഴ്ച.

പിന്നെ പല തവണ കണ്ടു. കൊച്ചിയിലെയും തിരുവനന്തപുരത്തെയും വീടുകളിൽ പോയി കണ്ടു. എപ്പോഴും സ്നേഹം നിറഞ്ഞ സൗമ്യമായ പെരുമാറ്റം. ഇടയ്ക്കിടയ്ക്ക് ഫോൺ ചെയ്തു. ഞാൻ എന്തെങ്കിലും കാരണമുണ്ടാക്കി അങ്ങോട്ടു വിളിക്കും. വായിച്ച പുതിയ പുസ്ത കത്തെ പറ്റി പറയാനോ സിനിമയെ പറ്റി പറയാനോ എന്തിനെങ്കിലും. ആ ശബ്ദം കേൾക്കാൻ വേണ്ടി മാത്രം. എന്റെ നാടകങ്ങൾ വായിച്ചു അഭിനന്ദിച്ചു കൊണ്ട് അയച്ച കത്ത് ഞാനൊരു നിധി പോലെ സൂക്ഷിച്ചു വെച്ചിട്ടുണ്ട്. എന്നോട് കഥകൾ എഴുതണം എന്ന് പ്രോത്സാഹിപ്പിച്ചു. ആമിയോപ്പു വിനെ പരിചയപ്പെടാൻ കഴിഞ്ഞത് ഒരു അസുലഭ ഭാഗ്യമാണെന്ന് എനിക്കറിയാം. അതിന്നു ഇടയാ ക്കിയ രമണിയോട് എനിക്ക് സ്നേഹപൂർവമായ കടപ്പാടുണ്ട്.

ആമിയോപ്പുവിന്റെ എല്ലാ കഥകളും എനിക്കിഷ്ടമാണ്. കുട്ടിക്കാലത്തെ കഥകളും പുന്നയൂർക്കുളത്തെ കഥകളും കൽക്കത്തയിലെ കഥകളും ഒക്കെ വളരെ ഏറെ ഇഷ്ടമാണ്. മലയാളത്തിന് കിട്ടിയ ഒരു വരദാനമാണ് ആമിയോപ്പു. അവർക്കു ഭഗവൽ പാദങ്ങളിൽ നിത്യശാന്തി.

എന്തൊക്കെ ബഹളങ്ങൾ ഉണ്ടായാലും എത്ര മഴയും വെള്ളപ്പൊക്കവും വന്നാലും എന്തെല്ലാം സമരങ്ങൾ വന്നാലും ബോംബെക്കു അതിന്റേതായ ഒരു സൗന്ദര്യം ഉണ്ട്. എല്ലാ ജാതിമതസ്ഥരും തിങ്ങിപ്പാർക്കുന്ന ഒരു സ്ഥലമാണിത്. ബോംബാക്രമണങ്ങളും സ്ഫോടനങ്ങളും, എല്ലാവിധ പരീക്ഷണങ്ങളും അതിജീവിച്ച ധീരവനിതയാണ് "അംചി മുംബൈ".

■

ഖജുരാഹോ, രാജസ്ഥാൻ തുടങ്ങിയ സ്ഥലങ്ങളി ലെല്ലാം സന്ദർശിക്കാൻ സാധിച്ചിട്ടുണ്ട്.

ബോംബെയിൽ വെച്ച് പല വിശിഷ്ട വ്യക്തികളെയും എഴുത്തുകാരായ മാധവിക്കുട്ടി, ലീല സർക്കാർ, മാനസി എന്നിവരെയൊക്കെയും പരിചയപ്പെടാൻ ഭാഗ്യം കിട്ടിയിട്ടുണ്ട്. എന്റെ പ്രിയപ്പെട്ട എഴുത്തുകാരി മാധവിക്കുട്ടി എന്ന കമലാദാസ് താമസിക്കുന്നത് ബോംബയിലാണ് എന്നറിഞ്ഞത് മുതൽക്കു അവരെ ഒന്ന് കാണു വാനുള്ള മോഹം കലശലായിരുന്നു. അപ്പോ ഴാണ് അവരുടെ നാട്ടുകാരിയും കൂട്ടുകാരിയുമായ രമണി പറഞ്ഞത്, "ഞാൻ കൊണ്ടുപോകാം ആമിയോപ്പുവിന്റെ വീട്ടിലേക്കു" എന്ന്, അങ്ങിനെ രമണിയാണ് എന്നെ കൂട്ടിക്കൊണ്ടുപോയത്.

പക്ഷെ എനിക്ക് ഒരു സങ്കോചം, എന്തോ ഒരു മടി; എന്താ പറയേണ്ടത്, എന്താ ചോദിക്കേ ണ്ടത് എന്നൊക്കെ പേടിച്ചു ഞങ്ങളുടെ പോക്ക് നീണ്ടു പോയി. പിന്നെ എന്റെ ആഗ്രഹം അറിയു ന്നത് കൊണ്ട് ഒരു ദിവസം രമണി വന്നു നിർബ ന്ധിച്ചു കൂട്ടിക്കൊണ്ട് പോയി. "ഇതാ ഇത് ദുർഗ, ആമിയോപ്പുന്റെ ഒരു ആരാധിക, എല്ലാ പുസ്തക ങ്ങളും വായിച്ചിട്ടുണ്ട്, കാണാൻ മോഹായീട്ടു ഞാൻ കൂട്ടി കൊണ്ട് വന്നതാണ്" എന്നാണ് രമണി പരിചയപ്പെടുത്തിയത്. ഞാൻ എന്താ പറയേണ്ടത് എന്നറിയാതെ പരിഭ്രമിച്ചു നിന്നു. ദുർഗ, നല്ല പേര് എന്നാണ് ആദ്യം പറഞ്ഞത്. നല്ല കുലീനമായ സ്നേഹം നിറഞ്ഞ പെരുമാറ്റം. പലതും ചോദിച്ചു. എന്റെ പരിഭ്രമവും സങ്കോചവും തീരെ മാറിയിരുന്നില്ല. രമണി വിളിക്കുന്നപോലെ ഞാനും ആമിയോപ്പു എന്ന് വിളിക്കാൻ തുടങ്ങി. അവർ

കവിത

തുളസി

# കവിത വിലപിക്കുന്നു

എനിക്കു മരിക്കണം.
വാക്കുകൂട്ടിച്ചേർത്താൽ കവിതയാവില്ല.
എനിക്കെന്റെയീണവും താളവും
തിരിച്ചു തരിക.
വൃത്താലങ്കാരങ്ങൾ ഊരിയഴിച്ച്
എന്നെ നഗ്നയാക്കി.
താളലയഭാവങ്ങൾ ചാപിള്ളകളായി.
എനിക്കു മരിക്കണം.

ക്ഷമിക്കുക:
നിനക്കായി താളത്തെ കൂട്ടുപിടിച്ചു
ഞാൻ പദവിന്യാസം നടത്തി.
അതിജീവനത്തിനായി പായുന്നവരെ
നിന്റെയീണവും താളവും
പിന്നിലാക്കുന്നുപോലും.
പുതുമതേടുന്നവർ നിനക്കും
മാറ്റങ്ങളനിവാര്യമാണെന്നു പറയുന്നു.
പഴയ വീട്ടിൽ നിന്നും
പുതിയ വീട്ടിലെത്തിയവർ,
ഹെമിങ്ങ് വേ ഷാംപെയിനിന്റെ
സ്വാദുനുണയുമ്പോൾ
നാക്കിൻ തുമ്പിലേക്ക് പുതിയ
ശൈലിയും പുത്തനാസ്വാദനവും
തേടുന്നവർ.

വാചാലരാകുന്നത് വിഡ്ഢികളാണെന്നും
നവയുഗത്തിൽ കവിത നാലുവരിയെന്നും
കാലം കൊത്തിമിനുക്കിയ കവിതയ്ക്ക്
ഈണമൊരു ധൂർത്താണെന്നുമവർ.

അതിജീവനത്തിന്റെ പാതയിലാണെങ്കിലും
എന്നക്ഷരക്കൂട്ടത്തെ നിനക്ക് നൽകുന്നു..
നാളെയവർ നിനക്ക് തരുന്നത്
അക്കവും ചിഹ്നവും മാത്രമാവും
പിന്നെ ബിന്ദുക്കളിൽ നിന്നും
ശൂന്യതയിലേക്ക്.....
കൊല്ലാനാളുകൾ തിരക്കു കൂട്ടുമ്പോൾ
എന്തിനു സ്വയം ജീവനൊടുക്കണം?



# ചിതൽപ്പുറ്റുകൾ

പിൻതുടരുതിന്നു നീ എന്റെ കാൽപ്പാടുകൾ
വിഷമുള്ളുകളായിരം നിറഞ്ഞതീ വീഥികൾ
പിച്ചനടന്നോരെന്റെയോരോ ചുവടിനും
പറയാനുണ്ടായിരം പതനത്തിൻ കഥകളും

കഴിയില്ല നിന്റെയീ മൃദുലമാംപാദത്തിനീ
കാലചക്രത്തിൻ വീഥികൾ പിന്നിടാൻ
മാറുകയകലേക്കായ് പുതിയനിലാവുപോൽ
പരിവർത്തനത്തിന്റെയാ വഴിത്താരയിൽ.

പോകുക നിൻതലമുറയുടെ മാംസദാഹത്തിനായ്
മാളങ്ങൾതേടിയലയുക നിത്യം നീ
നിൻ പാദസ്പർശത്തിനു വഴി നീ
മെനയേണമതാണു സുകൃതമെന്നറിയുക.

അകലെയാരോ പാകിയുയർത്തിയ മൺകൂനയിൽ
കണ്ടു ഞാനായിരം വൻചിതൽപ്പുറ്റുകൾ
അറിയുന്നു ഞാനതെൻ പ്രതിരൂപമാണെന്നും
ജീവിതഭാരങ്ങളാണതിന്നുള്ളിലെ കാഴ്ചകൾ

ഞാനാളല്ല നിങ്ങൾക്കു മാർഗംതെളിക്കുവാൻ
വഴിതെറ്റി,യലറിയാടിത്തുള്ളി ഞാൻ പോകവേ
കൈ പിടിച്ചില്ലാരുമെൻ പിന്നിട്ടവഴികളിൽ
മന്നേറി ഞാൻ, ഹാ! കഷ്ടമാണല്ലെങ്കിലെന്നറിയാം.

കാലമിന്നു വിതറുന്നു പൂമൊട്ടുകളെൻ മുന്നിലായ്
കാലമാം മൃത്യുവിൻ പാത ഞാൻ മുന്നേറുമ്പോൾ
കാലത്തിനാവില്ലെൻ വഴി മുടക്കീടുവാൻ



**അഡ്വ.പ്രേമ മേനോൻ**
മഹാരാഷ്ട്ര ലോക കേരള സഭാംഗം
(കേരള ഗവ.) ജോ. സെക്രട്ടറി, കേരള
ഗവ.മലയാളം മിഷൻ മുംബൈ
ചാപ്റ്റർ ചെയർപേഴ്സൻ, ആൾ ഇന്ത്യ
മലയാളി അസ്സോസിയേഷൻ വനിത
വിഭാഗം അംഗം

# എന്നെ ഞാനാക്കിയ പ്രവാസം!

ഗുരുവായൂരിനടുത്ത് കോട്ടപ്പടിയെന്ന ഗ്രാമത്തിലാണ് ഞാനെന്റെ ബാല്യവും കൗമാരവും യൗവ്വനത്തിന്റെ തുടക്കവും കഴിച്ചുകൂട്ടിയത്. പരിഷ്കൃതഗ്രാമമെന്ന് ഉത്ഘോഷിക്കപ്പെടുമ്പോഴും 'അരുതുകളുടെ അസ്വാതന്ത്ര്യ ചങ്ങലയിൽ' വീർപ്പുമുട്ടി കഴിയാൻ വിധിക്കപ്പെട്ടവർ തന്നെയായിരുന്നു അക്കാലത്തെ ബഹുഭൂരിപക്ഷം വരുന്ന പെൺകുട്ടികളും. ഉത്സവപ്പറമ്പുകൾ, സിനിമാനാടക ശാലകൾ, സർക്കസ് മേള മൈതാനങ്ങൾ എന്നിടങ്ങളെല്ലാം തന്നെ പെൺകുട്ടികൾക്ക് അപ്രാപ്യം. ഇനി ആരെങ്കിലുമൊന്ന് ഈ പാരതന്ത്ര്യം മറികടക്കാൻ ശ്രമിച്ചാലോ അവൾ തന്റേടി, ധിക്കാരി, ഒരുമ്പെട്ടവൾ എന്നൊക്കെ മുദ്രകുത്തപ്പെടും. സ്വന്തം സർഗ്ഗാത്മകത പ്രകടിപ്പാക്കാനുള്ള ഏക മാർഗ്ഗം വിദ്യാലയങ്ങളിലെ കലാകായിക മത്സര വേദികൾ മാത്രം. അക്കാലത്ത് നായർ തറവാടുകളിലെ ഒരുവിധം പെൺകുട്ടികളും കൗമാര പ്രായം കഴിയുമ്പോഴേക്കും വിവാഹ ജീവിതത്തിലെത്തിയിരിക്കും. ഒരു തടവറയിൽ നിന്ന് അതിലും കർക്കശമായ മറ്റൊരു തടവറയിലേക്ക് എന്ന തലത്തിലേക്ക് പലരുടേയും ജീവിതം മാറ്റിയെഴുതപ്പെടാം. ചുരുക്കം ചിലർക്ക് അടിമത്തത്തിൽ നിന്നുള്ള മോചനമാവാം. ഇത് വെറും പശ്ചാത്തലം മാത്രം.

എന്റെ പ്രവാസ ജീവിതം ആരംഭിക്കുന്നത് 1986 ൽ ദുബായിൽ നിന്നും പിന്നീട് ചെറിയൊരു കാലയളവ് ചെന്നൈയിലും തുടർന്ന് കഴിഞ്ഞ ഇരുപത്തിനാല് വർഷമായി മുംബൈയിലുമാണ്.

മൂന്ന് പതിറ്റാണ്ടിലേറെയായി പ്രവാസ ജീവിതം അനുഷ്ഠിക്കുന്ന എനിക്ക് പ്രവാസി എന്ന നിലയിൽ ഒരു വ്യക്തിമുദ്രയുണ്ടാക്കി തന്നത് മുംബൈയിലെ പ്രവാസ ജീവിതമാണ്. എന്റെ പിതാവ് പരേതനായ ശ്രീ.എം.പി പണിക്കർ തികഞ്ഞ ഒരു സാമൂഹിക പരിഷ്ക്കർത്താവായിരുന്നു. മർച്ചന്റ് നേവിയിലായിരുന്നപ്പോൾ ലോകമെമ്പാടും സഞ്ചരിച്ച് നേടിയ അറിവും ലോക പരിചയവും സമൂഹത്തിനു വേണ്ടി സമർപ്പിച്ച ധീര നേതാവ്. മാതാവ് ശ്രീമതി അമ്മ ആത്മീയകാര്യങ്ങളിലും, കാരുണ്യ പ്രവർത്തനങ്ങളിലും ഇന്ന് എൺപത്തിയഞ്ചാം വയസ്സിലും മറ്റുള്ളവർക്ക് മാതൃക. മാതാപിതാക്കളിൽ നിന്നും ഗുരു ജനങ്ങളിൽ നിന്നും സ്വാംശീകരിച്ച ചില മൂല്യങ്ങളാവാം പിന്നീട് പ്രവാസ ജീവിതത്തിൽ സാമൂഹികസാംസ്ക്കാരിക കാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ പ്രചോദനമായത്. 1996 മുതൽ മുംബൈ സാമൂഹിക സാംസ്ക്കാരിക മണ്ഡലങ്ങളിൽ സജീവമായി. നിയമത്തിൽ ബിരുദാനന്തര ബിരുദമെടുത്ത് അഭിഭാഷകയായതും മുംബൈയിലെ തിരക്കുപിടിച്ച പ്രവാസജീവിതത്തിനിടയിൽ തന്നെ.

രണ്ടായിരം ഒക്ടോബർ പത്തൊമ്പതിന് അഭിഭാഷകയായി എൻറോൾ ചെയ്തതിനു ശേഷം ഒരു ജൂനിയർഷിപ്പിനു വേണ്ടി ശ്രമിച്ചപ്പോഴാണ് സ്ത്രീകൾക്ക് ഒരു പ്രൊഫഷണൽ ആകാൻ പോലും വെല്ലുവിളികൾ ഏറെയുണ്ടെന്ന് മനസ്സിലാക്കിയത്. ഒരു ജൂനിയർഷിപ്പിനായി ഞാൻ സമീപിച്ചവരെല്ലാം എന്നെ തീർത്തും നിരുത്സാഹപ്പെടുത്തുകയാണ് ചെയ്തത്. അഭിഭാഷകവൃത്തി സ്ത്രീകൾക്ക് പറ്റിയതല്ല എന്നായിരുന്നു പൊതുവെ എല്ലാവരുടേയും നിലപാട്. ഇവിടെയും സ്ത്രീ വിവേചന

ത്തിന്റെ പാരമ്യത ദർശിക്കാനായപ്പോൾ എന്റെ അന്തരാത്മാവിലെ സമത്വവാദം സടകുടഞ്ഞെ ഴുന്നേറ്റു. എന്തുകൊണ്ട് പുരുഷമേധാവിത്വ മേഖലയായ അഭിഭാഷകവൃത്തിയിൽ ശക്തമായ സ്ത്രീ സാന്നിദ്ധ്യം ഉണ്ടായിക്കൂടാ. രണ്ടാമ തൊന്നാലോചിക്കാതെ 'ഏകലവ്യ'യായി പ്രാക്ടീസ് തുടങ്ങി. സാമുഹിക രംഗത്ത് സജീവമായിരുന്നതുകൊണ്ടും, സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാറുള്ളതുകൊണ്ടും ചില സുഹൃത്തുക്കളൊക്കെ കേസ്സുകൾ ഏല്പിക്കാൻ തുടങ്ങി. പിന്നീടങ്ങോട്ട് അതിജീവനത്തിന്റെ നെട്ടോട്ടം തന്നെയായിരുന്നു. ഇല്ലത്തു നിന്നു പുറപ്പെട്ടുവെങ്കിലും അമ്മാത്തൊട്ടെത്തിയിട്ടുമില്ല എന്നവസ്ഥയാണ് ആദ്യകാലത്ത പ്രാക്ടീസ് നാളുകൾ. രാവിലെയും വൈകുന്നേരവും മൂന്ന് കോളേജുകളിൽ വിസിറ്റിംഗ് ഫാക്കൽട്ടിയായും ഇടനേരത്ത് കോടതിയിലുമായി രണ്ടു വർഷം. അത്യാവശ്യം നിലനിൽപ്പിനുള്ള കേസ്സുകൾ ആയപ്പോൾ പൂർണ്ണമായും പ്രാക്ടീസിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഒട്ടനവധി പേർക്ക് അവർ അർഹി ക്കുന്ന രീതിയിൽ നീതി നൽകാനായി നിമിത്ത മായിട്ടുണ്ട്. സ്ത്രീകൾക്ക് വഴങ്ങാത്ത പ്രൊഫ ഷൻ എന്ന് പറഞ്ഞ് അവഹേളിച്ചവർക്ക് മുന്നിൽ അതേ തൊഴിലിന്റെ മഹത്വം ഉയർത്തിപ്പിടിച്ച് പതിനെട്ടു കൊല്ലം പ്രാക്ടീസ് ചെയ്യാനായതും ഒട്ടനവധി പേർക്ക് ആശ്രയമായതും ലിംഗഭേദ ചിന്തകൾക്കതീതമായി വെല്ലുവിളികളെ നേരിട്ട് പ്രവർത്തിച്ചതുകൊണ്ടു മാത്രമാണ്. മറാഠി ഭാഷ ഏറെ വശമില്ലാതെ തന്നെ മഹാരാഷ്ട്രയിൽ തദ്ദേശീയരോട് മത്സരിച്ച് പ്രാക്ടീസ് ചെയ്യാനാ യത് പ്രവാസ ജീവിതത്തിൽ ഞാൻ നേരിട്ട പ്രതികൂലതകളുടേയും, നേടിയ പ്രായോഗികാ റിവുകളുടെയും വെളിച്ചത്തിലാണെന്നതിന് സംശയമില്ല.

മേൽ വിവരിച്ചതെല്ലാം എന്നെ ഞാനാ ക്കിയ ചില വസ്തുതകളും നാണയത്തിന്റെ ഒരു വശവും മാത്രം. സാമൂഹ്യസാംസ്ക്കാരിക തൊഴിൽ രംഗങ്ങളിൽ ഇന്നും ബഹുഭൂരിപക്ഷം സ്ത്രീകളും പീഡിക്കപ്പെട്ടുകൊണ്ടിരിക്കയാണ്. പ്രവർത്തനമേഖലകളിൽ നേതൃസ്ഥാനത്തിരു ത്തുവാനോ, പരസ്പര പൂരകമായി പ്രവർത്തിക്കു വാനോ കാലഹരണപ്പെട്ട ചില മുൻ വിധികളുടെ അടിസ്ഥാനത്തിൽ സ്ത്രീകൾക്ക് അവസരം ലഭിക്കുന്നില്ല എന്നതൊരു ദു:ഖസത്യമാണ്. മുംബൈയിലെ മലയാളി സംഘടനകളിലാ കമാനം എത്ര സ്ത്രീ നേതൃത്വമുണ്ട് എന്ന് പരിശോധിച്ചാൽ ഈ വസ്തുത ബോധ്യമാവും. സംഘടനയിൽ ഒരു മഹിളാ വിഭാഗമുണ്ടാക്കി ഓണാഘോഷവും, വിശേഷാവസരത്തിൽ താലം പിടിക്കലുമായി സ്ത്രീകളെ ഒതുക്കി നിർത്തുന്ന ഒരു പ്രവണതയാണ് കണ്ടു വരുന്നത്. ഒരു പക്ഷേ പുരുഷന്മാരേക്കാളേറെ കർമ്മ കുശലത യുള്ള ഒട്ടേറെ സ്ത്രീകൾ സമുഹത്തിലുണ്ട്.അവസരം കിട്ടിയാൽ അവർ ഏത് ഭഗീരഥപ്രയത്നവും ഏറ്റെടുത്ത് വിജയിപ്പിക്കും, കാരണം ഏതൊരു കാര്യ ത്തിലുമുള്ള സഹിഷ്ണുതയും, ലക്ഷ്യബോധത്തോടെ യുള്ള പ്രവർത്തനവും സ്ത്രീയിൽ നിക്ഷിപ്തമാണ്. ഇന്നും സ്ത്രീകളെ രണ്ടാം പൗരന്മാരായി കാണുന്ന രീതി മിക്കവാറും എല്ലാ മേഖലകളിലും ഉണ്ട് എന്ന് ഖേദപൂർവ്വം പറയേണ്ടി വരുന്നു. സ്ത്രീയെ തികച്ചും ഒരു ഭോഗവസ്തുവായി കണ്ടിരുന്ന കാലം ഇന്ന് അപരിഷ്കൃതമാണെങ്കിലും സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനങ്ങൾ ദിനംപ്രതി ഏറിവരികയാണ്.

സ്ത്രീകളെ മുഖ്യധാരയിലെത്തിക്കാൻ, അതിനവസരമൊരുക്കാൻ പൊതു സമൂഹം തുറന്ന മനസ്സോടെ തയ്യാറാവേണ്ട കാലം അതിക്രമിച്ചു കഴിഞ്ഞു. മാത്രമല്ല, നേതൃസ്ഥാനത്തുള്ള സ്ത്രീകൾക്ക് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യവും, അനുകൂല സാഹചര്യവും ഉണ്ടാവണം. ഇതൊരൗ ദാര്യമല്ല, അവകാശമാണ്. അവരുടെ പൊതു പ്രാധാന്യമുള്ള നല്ല ആശയങ്ങളെ അനുകൂലിക്കു വാനും, ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ ഒന്നിച്ച് നിന്ന് പ്രവർത്തിക്കുവാനുമുള്ള വിശാലമനസ്ക്കത പുരുഷ പ്രവർത്തകർക്കുണ്ടാവണം. പലപ്പോഴും ഞാൻ പറയാറുള്ള രണ്ട് കാര്യങ്ങളുണ്ട്, ഒന്ന്, ഞാൻ ഒരു സ്ത്രീയായി ജനിച്ചത് ഒരു ശിക്ഷയല്ല, രണ്ട്, എന്നിൽ കുടികൊള്ളുന്ന ആത്മചൈതന്യ ത്തിന് ലിംഗമില്ല, അഥവാ ലിംഗഭേദമില്ല. പ്രകൃതിയെ സ്ത്രീയായാണ് വിവക്ഷിക്കുന്നത്. പ്രകൃതിയില്ലാതെ പുരുഷനില്ല.

സാമൂഹിക സാംസ്ക്കാരിക കർമ്മ മണ്ഡലങ്ങളിൽ എന്നും എന്റെ പാതകൾ അത്ര സുഗമമായിരുന്നില്ല. കല്ലും മുള്ളുമൊന്നും വകവെ ക്കാതെയുള്ള പ്രയാണം.'ആത്മാവിൻ സ്പന്ദനം പാടെ നിൽക്കും വരെ ആത്മസമർപ്പിതമാകുമെൻ കർമ്മങ്ങൾ, 'ആത്മസമർപ്പണം' എന്ന എന്റെ കവിതയിലെ അവസാന ഈരടികൾ തന്നെയാണ് ഇന്നെന്റെ ജീവിത ദർശനവും.

ഇന്നത്തെ പരിഷ്കൃത സമൂഹത്തിൽ സ്ത്രീ പുരുഷ ഭേദമെന്യേ തുല്യനീതി ഉറപ്പാക്കാൻ കാത ലായ, കാലാനുസൃതമായ മാറ്റം അനിവാര്യമാണ്. ഏത് മേഖലയിലും സ്ത്രീ സമത്വം ഉറപ്പാക്കണം. നേതൃസ്ഥാനങ്ങളിൽ കഴിവുറ്റ സ്ത്രീകൾക്ക് അർഹിക്കുന്ന സ്ഥാനമാനങ്ങൾ നൽകാൻ പൊതു സമൂഹം തയ്യാറാകണം. സ്ത്രീപുരുഷ ഭേദമെന്യേ സംഘടിതമായി പ്രവർത്തിച്ച് രാഷ്ട്ര നിർമ്മാണത്തിന്റെ പുതിയ മാനം കണ്ടെത്താൻ സാധിക്കണം. അടിച്ചമർത്തപ്പെട്ട ഓരോ സ്ത്രീക്കുള്ളിലും ഒരഗ്നിപർവ്വതം എരിയുന്നുണ്ടെന്ന് സമൂഹം തിരിച്ചറിയണം. ഇല്ലായെങ്കിൽ ലക്ഷോപലക്ഷം അഗ്നിപർവ്വത സ്പോടനങ്ങളിൽ ഈ ഭൂഗോളം തന്നെ കത്തി ചാമ്പലായേക്കാം, ജാഗ്രതൈ! ■



**ഗീതാ വെങ്കട്ട്**
എഞ്ചിനീയറിംഗ് ബിരുദധാരി
കേന്ദ്രിയ വിദ്യാലയത്തിൽ
അധ്യാപികയായി വിരമിച്ചു

# ഞാനും എന്റെ മുംബൈയും

ബോംബെ മുംബൈ ആയി മാറിയത് ആയിരത്തിത്തൊള്ളായിരത്തി അഞ്ചിലാണ്. അതിനു മുമ്പും ആളുകൾ ഇവിടെ കഴിഞ്ഞു കൂടിയിരുന്നു. ആർക്കും ഇവിടെ ജീവിക്കാൻ എന്തെങ്കിലും ഒരു വഴിയുണ്ടാവും. അതാണ് മുംബൈ. പണ്ട് പറഞ്ഞു കേട്ടിട്ടുണ്ട്... ഇവിടെ സമ്പാദിച്ച പണം ഇവിടെത്തന്നെ നിൽക്കും എന്ന്. അതായിരിയ്ക്കാം മുംബൈയിൽ വന്നവർ ഇവിടെത്തന്നെ കുടി പാർത്തത്.

ആയിരത്തി തൊള്ളായിരത്തി അറുപത്തി ഒമ്പതിൽ ആദ്യമായി മുംബൈയിൽ വന്നത് വിദ്യാഭ്യാസ ടൂർ എന്ന വ്യാജേന വിനോദയാത്രയിലൂടെ ആയിരുന്നു. ചിത്രശലഭങ്ങളെപ്പോലെ പറന്നു നടന്നിരുന്ന കാലം. മറാത്തിക്കും മാർവാഡിക്കും വ്യതാസം അറിയാതിരുന്ന കാലം. (ഇവിടെയും അങ്ങിനെത്തന്നെ. ഭാരതത്തിന്റെ കഴുത്തിന് താഴെ എല്ലാവരും മദ്രാസികളാണല്ലോ). ഗുരുക്കന്മാരുടെയും സഹപാഠികളുടെയും സംരക്ഷണവലയത്തിൽ മുംബൈ യാത്ര സുഖകരമായിരുന്നു.

വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം കമ്പ്യൂട്ടർ പഠിക്കാനെത്തിയപ്പോഴാണ് കൂടുതൽ അനുഭവങ്ങൾ കിട്ടിയത്. അമ്മാവന്റെ വീട്ടിൽ നിന്നും ഫൗണ്ടൻ (ഹുതാത്മാ ചൗക്ക്) വരെ ബസ് യാത്രക്കിടയിൽ 'ബ്രേക്ഡൗൺ' ആയ ബസ്സിൽ നിന്നും ഇറങ്ങി അതെ നമ്പറുള്ള വേറൊരു ബസ്സിൽ കയറി വീണ്ടും ടിക്കറ്റ് എടുത്തു, ഹിന്ദിയിൽ പറയാൻ അറിയാത്തതു കൊണ്ട്. വീട്ടിൽ വന്നപ്പോൾ അമ്മായി പറഞ്ഞു 'ലിയാ' എന്ന് പറഞ്ഞാൽ മതിയെന്ന്. പത്താം ക്ലാസ്സു വരെ പഠിച്ച ഹിന്ദി എന്നെ നോക്കി പുഞ്ചിരിച്ചു. 'ലെഫ്ട് മാരോ, റൈറ്റ് മാരോ' എന്നൊക്കെയുള്ള ബംബയ്യ ഭാഷ വശമാക്കി.

സ്റ്റൈൽ ഭാവിച്ചു പിഎം റോഡിലൂടെ നടക്കുമ്പോൾ മറച്ചുപിടിക്കാൻ ശ്രമിച്ചിട്ടും കഴിയാത്ത മലയാളിത്തം ഫൗണ്ടനിലെ വഴിയോരക്കച്ചവടക്കാരുടെ 'അമ്മേ, അമ്മേ' എന്ന വിളിയ്ക്കു ചെവി ചായ്ച്ചു. ഒരിക്കൽ, ഞാൻ നഗരത്തിൽ പുതിയവളാണെന്നറിഞ്ഞു പിന്നാലെ കൂടിയ രണ്ടു പേരിൽ നിന്ന് രക്ഷപ്പെടാൻ ഒരു സിഗ്നലിൽ 'നാല് മൂല താച്ചി' കളിച്ചു, അതായത് സിഗ്നൽ മാറുമ്പോൾ ഓടിച്ചെന്നു മറുകര പറ്റി വീണ്ടും അവർ പിന്തുടരുമ്പോൾ മറുഭാഗത്തേക്ക് കടന്നു. അങ്ങിനെ രണ്ടുമൂന്നുവട്ടം ഓടി. ഒടുവിൽ ഒരു വലിയ കടയിൽ കയറി രക്ഷപ്പെട്ടു. ക്ലാസ്സിലെ ഒരേ പെൺതരിയും ഏറ്റവും പ്രായം കുറഞ്ഞവളും ആയ ഞാൻ ഇടവേളകളിൽ ഇരിക്കുന്നത് തുറന്ന ഒരു ജന്നലിന് മുകളിലായിരുന്നു. വേണ്ടിവന്നാൽ ചാടാമല്ലോ. അത്രയ്ക്ക് ആളുകൾ ഓരോന്ന് പറഞ്ഞു തന്നിരുന്നു.

വിവാഹശേഷം കൊൽക്കത്ത, പട്ന, ഗോഹത്തി മുതലായ സ്ഥലങ്ങളിൽ പത്തുപന്ത്രണ്ടു കൊല്ലം പയറ്റിയശേഷം മുംബൈയ്ക്കു വന്നപ്പോൾ എന്നെ വലച്ചത് ഇവിടത്തെ വേഗതയാണ്. എന്നും ഒരേ സ്ഥലത്തു ചെന്ന് നിന്നാൽ അതേ മനുഷ്യരെ വ്യത്യസ്തമായ കുപ്പായം ധരിച്ചു കാണാം. അത്രയ്ക്ക് യാന്ത്രികം ആണ് ജീവിതം. ഭർത്താവും

കുട്ടികളും ഒരു ചെറിയ ജോലിയുമായി കൊളാ ബയിൽ (മുംബൈയുടെ തെക്കേ അറ്റം, ധനികരും പ്രശസ്തിയാർജ്ജിച്ചവരുമൊക്കെ താമസിക്കുന്ന സ്ഥലം). അയല്പക്കക്കാരിൽ അംബാനിയും റ്റാറ്റയുമൊക്കെ ഉണ്ടായിരുന്നു. അതിനിടയിൽ ഞങ്ങളും! നമ്മുടെ കുട്ടികൾ അയലത്തെ കുട്ടികളിൽനിന്നും വളരെ വ്യത്യസ്തരായിരുന്നു. താമസം തുടങ്ങിയപ്പോൾ മനസ്സിലായി, അവിടെ യും ധാരാളം മലയാളികളും, മലയാളി കടകളും ഉണ്ടെന്ന്. സാവധാനത്തിലുള്ള കൊൽക്കത്ത ജീവിതം, ആസ്സാമിലെ 'ലഹേ ലഹേ' പരിപാടികൾ എന്നിവയ്ക്ക് ശേഷം വേഗത ശീലമാക്കി. ട്രെയിനിൽ സഞ്ചരിക്കാൻ പഠിച്ചു. ആദ്യമാദ്യം ബന്ധുക്കളുടെ വീട്ടിൽ ഇടയ്ക്കിടെ പോകുമ്പോൾ



അവർ പറയുമായിരുന്നു... സ്നേഹത്തോടെ 'ഇവിടെ ഞങ്ങൾ എന്തെങ്കിലും ഫംഗ്ഷനിലാണ് കാണാറ്. പിന്നെ ആ പോക്ക് കുറഞ്ഞു.' മൊബൈൽ, വീട്ടിൽ ഫോൺ എന്നിവ ഇല്ലാത്ത തുകൊണ്ട് എന്നെങ്കിലും ഓഫീസ് വഴി വാർത്താവിനിമയം നടത്തുമായിരുന്നു.

ജീവിതരീതിയിൽ വലിയ മാറ്റം വന്നു. നാട്ടിൽ ഉമ്മറത്ത് ആരെങ്കിലും വന്നാൽ ചായ കൊടുക്കാനോ മറ്റോ അല്ലാതെ വരാറില്ല, പ്രത്യേകിച്ചും പെൺകുട്ടികൾ. മുംബൈയിലെ ചെറിയ വീട്ടിൽ ഉമ്മറമെവിടെ? ആകെയുള്ള സ്ഥലത്തു ഒപ്പത്തിനൊപ്പം ഇരിക്കുകയെ നിവൃ ത്തിയുള്ളു. നാട്ടിൽ ചെയ്യാത്ത മറ്റൊരു കാര്യം ശീലിച്ചു. കടയിൽ പോയി സാധനങ്ങൾ വാങ്ങി റോഡിലൂടെ നടന്നു വരാനും വഴിയോരക്കടകളിൽ നിന്ന് ഭേൽപൂരിയോ ചാട്ടോ കഴിക്കാനും. ആര് നോക്കാൻ? നാട്ടിൽ അന്ന് ഇതൊക്കെ പറ്റുമാ യിരുന്നോ? സ്വയം പര്യാപ്തതയും ധൈര്യവും

ഇവിടന്നാണ് ലഭ്യമായത്.

മുറിയൻ മറാഠിയിൽ 'എന്റെ ഭായി വൈകുന്നേരം വരും' എന്ന് പറഞ്ഞതു കേട്ട് എന്റെ അയൽക്കാരി ചേച്ചി 'അവളെ ഒരു മണി ക്കൂറിനു വിടാമോ, കുറച്ചു പാത്രം കഴുകാനുണ്ട്' എന്നുരചെയ്തു. അവർ ഉദ്ദേശിച്ചത് ബായി (സ്ത്രീ അല്ലെങ്കിൽ വേലക്കാരി) എന്നാണ്. ഞാനോ ഏട്ടനെക്കുറിച്ചാണ് പറഞ്ഞത്. (ഞാൻ പറഞ്ഞ 'ഭാ' കട്ടി കുറഞ്ഞു 'ബാ' എന്നായി പ്പോയി!) പാവം ഏട്ടൻ! ഒരു പക്ഷെ ചില വിഭാഗം മലയാളികളുടെ 'ഫായി' എന്ന പ്രയോ ഗവും വേണ്ടിവരുമായിരുന്നു!

ശ്രീമാൻ മോരെയെ 'മോർ' എന്നും തിര്പുഡെയെ 'ട്രിപ്യൂഡ്' എന്നുമൊക്കെ അഭിസംബോധന ചെയ്തു കിട്ടിയ ജാള്യത മറക്കാൻ പറ്റില്ല. ഗണേശചതുർഥി, ഗോവിന്ദാ തുടങ്ങിയ ആഘോഷങ്ങൾ കൂട്ടായ്മയുടെ ഉദാഹരണങ്ങളാണ്. നാട്ടിലെ ചില വിഭാഗം ഒരു ദിവസം ആഘോഷിക്കുന്ന വിനായക ചതുർഥി ഇവിടെ പത്തു ദിവസം ആഘോ ഷിക്കും. വീട്ടിൽ വിരുന്നുകാരൻ വരുന്ന പോലെ യാണ്. വിട പറഞ്ഞു നദിയിലോ, സമുദ്രത്തിലോ ബിംബത്തെ ഒഴുക്കുമ്പോൾ 'ഗണപതി ബാപ്പ മോര്യ, പുടിച്യാ വർഷി ലൗകാര്യാ' എന്ന് ഘോഷിച്ചുകൊണ്ട് ഒരു കുഞ്ഞിനെയെന്നോണം 'അടുത്ത കൊല്ലം വേഗം വരണേ' എന്ന് പറഞ്ഞയക്കും.

നാട്ടിൽ കൃഷ്ണന്റെ ജന്മദിനമായ ജന്മാഷ്ടമി പ്രമാണിച്ചു ചില അമ്പലങ്ങളിൽ മാത്രം കണ്ടു വരുന്ന 'ഉറിയടി' ഇവിടെ മഹോത്സവമാണ്. എത്രയോ ഉയരത്തിൽ കെട്ടിയിരിക്കുന്ന മൺകുട ങ്ങളിൽ നിക്ഷേപിച്ചിരിക്കുന്നത് തൈരും പാലുമല്ല, ലക്ഷക്കണക്കിന് രൂപയാണ്. അത് കരസ്ഥമാക്കാൻ വേണ്ടി വിവിധ കളിക്കാരുടെ സംഘം ജീവനെ പണയം വെച്ച് 'പിരമിഡുകൾ' നിർമ്മിച്ചു ശ്രമിക്കുന്നു. ഇതിനിടയിൽ പാട്ടും ഡാൻസും സിനിമാതാരങ്ങളുടെ സാന്നിദ്ധ്യവും, ചിലപ്പോൾ അപകടങ്ങളും, മരണം വരെയും കാണാം. എന്നിരുന്നാലും ഇതൊക്കെ ആളുകൾക്ക് ഹരമാണ്. ശ്രാവണ മാസത്തിലെ കോലാഹലങ്ങൾ ഒന്ന്

വേറെ തന്നെ.

ബേൽപൂരി, പൂരൻപോളി, സാബുദാന കിച്ചടി എന്നിവ പ്രിയങ്കരമായി. അഭംഗ്, നാട്യസംഗീത്, മുതലായവ ആസ്വദിക്കാൻ ശീലിച്ചു. ലോകം മുഴുവൻ പ്രസിദ്ധമായ 'ഡബ്ബാവാല' ഇവിടുത്തെ അത്ഭുതങ്ങളിലൊന്നാണ്. ബസ്സിലും ട്രെയിനിലും ദീർഘ യാത്ര ചെയ്യുമ്പോൾ ഉറക്കത്തിന്റെ കുറവ് പരിഹരിക്കാനും, കുട്ടികളുടെ ഉത്തരക്കടലാസുകൾ തിരുത്തി മാർക്കിടാനും അവസരം ലഭിച്ചു.

അതിരാവിലെ എഴുന്നേറ്റു വീട്ടുകാർക്ക് പ്രാതലും ഉച്ചഭക്ഷണവുമൊക്കെ തയ്യാറാക്കി നനഞ്ഞ മുടി ഒരു ആറ്റുകെട്ടിൽ ഒതുക്കി ഒരു ദോശയെങ്കിലും വാരിവലിച്ചു തിന്നു (എന്റെ ആരോഗ്യത്തിന്റെ രഹസ്യം പ്രാതൽ ഉപേക്ഷിക്കാത്തതാണ്.) ഫ്ളാസ്കിൽ കാപ്പിയുമായി ബസ്, ട്രെയിൻ, ഓട്ടോ എന്നീ മാർഗത്തിലൂടെ ലക്ഷ്യത്തിലെത്തുമ്പോൾ രജിസ്റ്ററിൽ ചുവന്ന വര വീണില്ലെങ്കിൽ അതാണ് അന്നത്തെ ഏറ്റവും വലിയ നേട്ടം. വഴിയിൽ കണ്ടക്ടറോട് തല്ലുകൂടൽ തുടങ്ങിയവ കണക്കിലെടുക്കാറില്ല. പൗഡർ ഇടൽ, മുടി ചീകൽ ഒക്കെ ട്രയിനിൽ വെച്ചായിരുന്നു. സാരിക്ക് ചേരുന്ന കളറിൽ കമ്മലും മറ്റും ഇട്ട് തത്സമയം വിടർന്ന പുഷ്പം പോലെ ജോലിസ്ഥലത്തെത്തുന്ന വിദ്യ മറ്റു യാത്രക്കാരിൽ നിന്നാണ് പഠിച്ചത്.

ജോലിയുടെ ഭാഗമായി ഒരു വർഷം തനിച്ചു താമസിക്കുന്നതിനിടയിൽ മുംബൈയിൽ തലങ്ങും വിലങ്ങും സഞ്ചരിച്ചു. റോഡുകൾ പരിചയമായി. സിദ്ധിവിനായക്, മഹാലക്ഷ്മി, ഗുരുവായൂരപ്പൻ അമ്പലങ്ങൾ സന്ദർശിച്ചു. മുംബൈയുടെ സ്വന്തം മുംബാദേവി, പ്രഭാദേവി, ശീതളാദേവി അമ്പലങ്ങൾ ഒരേ ദിവസം തൊഴുതു, (അത് വിശേഷമാണത്രെ). മാഹിം പള്ളി, ഹാജി അലി ദർഗ്ഗ ആകർഷണീയങ്ങളാണ്. ഒന്ന് പറയാതിരിക്കാൻ വയ്യ. ഇവിടുത്തെ ബസ് സർവീസിന് വെറുതെയല്ല 'ബെസ്ററ്' എന്ന് പേരിട്ടിരിക്കുന്നത്. അതുപോലെതന്നെ അനുസരണയുള്ള ഗതാഗത വ്യവസ്ഥകളും പറയേണ്ടതു തന്നെ. മറ്റൊന്ന് സാധാരണ നിലയ്ക്കാത്ത വൈദ്യുതി. ഇവിടത്തെ അന്നത്തെ സുരക്ഷ ഒറ്റയ്ക്ക് യാത്ര ചെയ്യാൻ പ്രേരണ നൽകി.

എന്റെ ഔദ്യോഗിക ജീവിതത്തിൽ ഉച്ചഭക്ഷണത്തിന് വരാൻ പറ്റുന്നവിധത്തിലും ഒന്നരമണിക്കൂർ യാത്ര ചെയ്യുന്ന വിധത്തിലും സ്ഥലം മാറ്റങ്ങൾ കിട്ടി. ഓരോ അനുഭവങ്ങളും പൊന്നിൻ വിലയുള്ളതാണ്. കിട്ടിയ മാറ്റങ്ങൾ 'ചായക്കോപ്പയിലെ കൊടുങ്കാറ്റെ'ന്ന പോലെ മുംബൈയ്ക്ക് ചുറ്റുമായിരുന്നു... കൊളാബ (മുംബൈയുടെ തെക്കേ അറ്റം) മുതൽ അംബർനാഥ് വരെ(താനെ ജില്ലയിലുള്ള സ്ഥലം, കേരളീയർക്ക് പരിചയമുള്ള കല്യാണിനുമപ്പുറം ഏകദേശം അറുപത്തഞ്ചു കിലോമീറ്റർ അകലെ). ഇടയ്ക്കൊന്നു 'കരഞ്ച'യ്ക്ക് (നേവിയുടെ സ്ഥലം, ഇനി ജലമാർഗം പോയില്ലെന്നു വേണ്ടല്ലോ, അതിനാൽ മോട്ടോർ ഘടിപ്പിച്ച വഞ്ചിയിൽ യാത്ര!) മാറ്റം കിട്ടിയതും അവിടെ കയറിയ അനുഭവവും അത് പിൻവലിച്ചതും എടുത്തുപറയേണ്ടതാണ്.

ലിഫ്ടിൽ ചിലപ്പോൾ കൂടെ കയറാറുള്ള പ്രമുഖവ്യക്തികളോട് സംഭാഷണത്തിൽ ഏർപ്പെടും. നാട്ടിൽ ഉണ്ടായിരുന്നപ്പോൾ ഇവരെക്കുറിച്ചൊക്കെ പത്രങ്ങളിൽ വായിച്ചിട്ടേ ഉള്ളൂ.... ടീവീ വരുന്നതിനു മുൻപ് പലരുടെയും മുഖം അറിയില്ലായിരുന്നു. സിനിമാക്കമ്പമുള്ളതിനാൽ നടീനടന്മാരെ കാണുമ്പോൾ ഒരു പ്രത്യേകതരം അനുഭൂതിയായിരുന്നു പണ്ട്. ഇപ്പോൾ ധാരാളം നടീനടന്മാരും



സംഗീതജ്ഞന്മാരും പരിചയക്കാരാണ്.

വർഷങ്ങൾക്കുശേഷം വിദ്യാർഥികളെ ഹിന്ദിയിലും പഠിപ്പിക്കുമ്പോൾ, മേശ പുല്ലിംഗവും കസേര സ്ത്രീലിംഗവും ആണെന്ന പോലെ ചില 'കാ കി' പ്രയോഗം അറിയാനായി കുട്ടികൾക്ക് വളരെ സാമർഥ്യത്തിൽ എറിഞ്ഞു കൊടുക്കുന്ന ചോദ്യങ്ങളും മറക്കാനാവില്ല. പണ്ട് കുട്ടിയായിരുന്നപ്പോൾ അവധിക്കു കേരളത്തിൽ വരുന്ന ബന്ധുക്കളുടെ കുട്ടികൾ അനായാസേന ഇംഗ്ലീഷ് പറയുമ്പോൾ അപകർഷതാബോധമാണ് തോന്നിയിരുന്നത്. നാട്ടിലെ ഒരു വിരുതൻ കുട്ടി ചോറിനു 'ചോർ' എന്ന് സ്റ്റൈലായി പറഞ്ഞത് കേട്ട് ഭയന്നോടിയ പ്രവാസി കുട്ടിയെക്കുറിച്ചു കഥയിൽ

വായിച്ചതു ഓർക്കുന്നു. ഇപ്പോൾ മലയാളവും ഹിന്ദിയും ഇംഗ്ലീഷും ഇടകലർന്നു മണിപ്രവാള ഭാഷയിൽ സംസാരിക്കുമ്പോൾ ആ കുട്ടികളെ ഓർത്തുപോകുന്നു.

ഇത്രയധികം ക്രിക്കറ്റുകളിക്കാരുള്ള മുംബൈയിൽ എന്റെ മകന് കളിയ്ക്കാൻ സ്ഥലമില്ലാത്തതു കൊണ്ട് അവൻ ചുവരിൽ പന്തടിച്ചു കളിച്ചു ടേബിൾ ടെന്നീസിൽ ഒതുങ്ങി. അവന്റെ പരിശ്രമം കൊണ്ട് നന്നായി കളിച്ചു.

ഒരിക്കൽ ട്രെയിൻ കാത്തുനിൽക്കുമ്പോൾ ഞാൻ പറഞ്ഞു 'അതാ വരുന്നത് കുർള വണ്ടിയാണ്. നമുക്ക് കഞ്ചൂർ മാർഗ് വരെ പോകണമല്ലോ'. കണ്ണടയുള്ള എന്റെ കുഞ്ഞു മകൾ കരഞ്ഞുകൊണ്ട് പറഞ്ഞതു 'അമ്മേ എന്റെ കാഴ്ച കുറഞ്ഞു വരുന്നു. അമ്മ കണ്ട 'കുർള' എനിക്ക് കാണുന്നില്ല'. ഞാൻ പറഞ്ഞു 'മണ്ടിപ്പെണ്ണേ, അവിടെ കുർള എന്നൊന്നും എഴുതിയിട്ടില്ല. 'സി' എന്നത് കുർളയെയാണ് കുറിക്കുന്നത്'. അങ്ങിനെ ദീർഘയാത്രക്കിടയിൽ ലോകപരിചയവും ഏറെ നേടി എന്റെ മക്കൾ. അത് അവർക്കു ജീവിതത്തെ മുന്നോട്ടു കൊണ്ട് പോവാൻ വളരെ സഹായിച്ചിട്ടുണ്ട്.



മുംബൈയുടേതു കഠിനഹൃദയമാണെന്ന് ആരാണ് പറഞ്ഞത് ? ആ ഹൃദയത്തിന്റെ ആർദ്രത കാണണമെങ്കിൽ തുടർച്ചയായ ബോംബു വിസ്‌ഫോടനത്തിന്റെ പിറ്റെ ദിവസം കണ്ടിരിക്കണം. ആവശ്യമില്ലാത്ത ഒച്ചയും ബഹളവും ഒഴിവാക്കി ആർക്കും ഒരുപദ്രവവും ഇല്ലാതെ മുംബൈവാസികൾ ദിനചര്യ തുടർന്നു. രണ്ടായിരത്തി എട്ടിലെ ഭീകരാക്രമണ ശേഷമുള്ള ദിവസങ്ങളിൽ ആളുകൾ ഒറ്റക്കെട്ടായി നിന്നതും മറ്റൊരു ഉദാഹരണമാണ്.

രണ്ടായിരത്തി അഞ്ചിലെ വെള്ളപ്പൊക്കത്തിൽ ബസ്സിൽ നിന്നും രക്ഷിക്കപ്പെട്ട് അപരിചിതന്മാരുടെ കൂടെ തണുത്തുവിറച്ചു ഒരു രാത്രിമുഴുവൻ കഴിച്ചുകൂട്ടുമ്പോൾ സാഹോദര്യം എന്തെന്ന് മനസ്സിലാക്കി. പതിവുപോലെ കമ്പ്യൂട്ടർ ലാബ് പൂട്ടി സ്കൂളിനു പുറത്തു കടന്നപ്പോൾ നേരിയ ചാറ്റൽ ഉണ്ടായിരുന്നു. അത് വർദ്ധിച്ചു പെരുമഴയായതു എപ്പോഴാണ് ? ബസ്സിൽ ഇരുന്നു വീട്ടിലേക്കു ഒരു സന്ദേശം അയച്ചു, (അപ്പോഴേക്കും മൊബൈൽ വന്നിരുന്നു) 'പേടിക്കേണ്ട, ബസ്സിലാണ്'. പക്ഷെ സീറ്റിന്റെ മുകളിൽ കയറിയിരുന്നിട്ടും കഴുത്തുവരെ വെള്ളം കയറി പകച്ചു നിന്നപ്പോൾ എവിടുന്നോ കുറെ ആളുകൾ കയറുമായി വന്നു, കയറിന്റെ മറ്റേ അറ്റം ബന്ധിച്ചതു ഒരു കെട്ടിടത്തിലാണ്. കയറു പിടിച്ചു ബാഗ് തൂക്കിയിട്ടു ഞാണിന്മേൽ കളിക്കാരെപ്പോലെ നിലം തൊടാതെ മെല്ലെ മെല്ലെ മുന്നോട്ടു പോകുമ്പോൾ താണു പോകുന്ന അവസ്ഥയിൽ ആരോ അടിയിൽ നിന്നും പൊക്കിവിട്ടു. ഒരുവിധം കരപറ്റി. ആഹാരമില്ലാതെ ഇരുട്ടിൽ അവിടെക്കൂടി. ചെളിവെള്ളത്തിൽ നടന്നു വീടെത്തിയത് അടുത്ത ദിവസം.

വീണ്ടും കഴിഞ്ഞവർഷം, വീട്ടിലെത്താൻ കഴിയാതെ മകൾ, പേരക്കുട്ടികൾ ഇവരോടൊപ്പം ഒരു ഹോട്ടലിൽ മുറിയെടുത്തു താമസിച്ചത് വേറൊരു അനുഭവം. ഇത് ആവർത്തിക്കാൻ കാരണം ഒരു പരിധി വരെ ആപത്തു വരുമ്പോൾ എടുക്കേണ്ട സുരക്ഷാവ്യവസ്ഥകളുടെ പോരായ്മയും വരും മുമ്പേ കരുതായ്മയും ആണ്. 'ഗവണ്മെന്റ് അധികൃതർ ചെയ്തോട്ടെ, ഇത് നമ്മുടെ പണിയല്ല' എന്ന് കരുതുന്ന പൊതുജനങ്ങളും ഇതിനു ബാദ്ധ്യസ്ഥരാണ്.

ഒടുവിൽ കുട്ടികൾ അവരുടെ കൂടു കൂട്ടിയശേഷം ഒരു നീരാളിയെപ്പോലെ പത്തികൾ നാനാഭാഗത്തേക്കും വിഹരിക്കാൻ വിട്ട, സാമൂഹ്യസേവാ നിരതനായ ഭർത്താവിന്റെ പ്രവർത്തനങ്ങൾക്കു പിന്നിൽ ഒരു താങ്ങായി മുംബൈയിൽ ഇഴുകിച്ചേർന്നു. വികലാംഗർക്കും മാനസിക വൈകല്യമുള്ളവർക്കും വേണ്ടി നടത്തുന്ന എം.ബി.എ. ഫൌണ്ടേഷൻ എന്ന സ്ഥാപനത്തിന്റെ ഭാഗഭാക്കുകളാണ് ഞങ്ങൾ. 12 കൊല്ലം മുൻപ് അവരുടെ ധനശേഖരണാർത്ഥം നടത്തിയ ഗാനമേള തുടർച്ചയായി നടത്തിയതിൽ 'ക്ലബ് നൊസ്റ്റാൾജിയ' എന്ന സ്ഥാപനം വളർന്നു വന്നു. ലാഭത്തിന്നു വേണ്ടിയല്ലാതെ ധനസഹായം വേണ്ടുന്നവർക്കു കഴിവതും ഉപയോഗമായി ഈ സ്ഥാപനം വളർന്നത് 10,12 കൊല്ലം കൊണ്ടായിരുന്നു. അനശ്വര ഗായകനായ മുഹമ്മദ് റഫിയുടെ ഭക്തനാണ് എന്റെ ഭർത്താവ്. റഫിയുടെ കുടുംബാംഗങ്ങൾ സുപരിചിതരാണ്. സന്മനസ്സുകളുടെ കൂട്ടായ്മയിൽ പണിത മുഹമ്മദ് റഫിയുടെ സ്മാരകവും മുന്നൂറിലേയ്ക്ക് കുതിക്കുന്ന പരോപകരാർത്ഥം നടത്തുന്ന സംഗീത സദസ്സുകളും ജീവിതത്തെ അർഥവത്താക്കുന്നു. മുംബൈക്ക് എന്റെ നന്ദി. ■



മാനസി

# എന്റെ മുംബൈ

ബേൽപ്പൂരിയെന്നാണ് ഞാനെന്നും മുംബൈയെ വിശേഷിപ്പിക്കാറ്. അടിസ്ഥാനപരമായ ചില ഘടകങ്ങളോടൊപ്പം കാലികമായ പലതും അതിൽ ചേർക്കാം. പച്ചമാങ്ങയും മാതളനാരങ്ങയും ഒക്കെ അതാതിന്റെ കാലത്ത് ബേൽപ്പൂരിയുടെ ഭാഗമാകാറാണ് പതിവ്. എന്നാലും ഉപ്പും പുളിയും എരിവും മധുരവും കലർന്ന സ്ഥായിയായ അതിന്റെ സ്വാദ് അത് നിലനിർത്തുകയും ചെയ്യും. അതുപോലെത്തന്നെയാണ് മുംബൈയും. ചപ്പും ചവറും തെളിനീരും അടിയിൽ കൂർത്ത പാറയും തീരത്ത് ചെളിയുമൊക്കെയുള്ള, ഓരോ നിമിഷവും അക്ഷരാർത്ഥത്തിൽ തന്നെ മാറിക്കൊണ്ടിരിക്കുന്ന ഒരു പുഴ. അതാണ് മുംബൈ.

വിരസമായ ഒരു നട്ടുച്ചയെ കീറി മുറിച്ചുകൊണ്ട് ചാട്ടൂളി പോലെ അകത്തേക്ക് പാഞ്ഞുവന്ന ഒരു നിലവിളിയും പിന്നെ ഒരു നീളൻ കീറലിലൂടെ എന്ന പോലെ കൺമുന്നിലൂടെ പാഞ്ഞുപോയ കറുത്ത് മെലിഞ്ഞ് അർദ്ധ നഗ്നനായ ഒരു ബാലനും. മുംബൈ എന്നു കേൾക്കുമ്പോഴൊക്കെ ഇന്നും എന്റെ മനസ്സിൽ മൂർച്ചയോടെ വന്നു വീഴുന്ന ചിത്രമതാണ്. സ്വന്തം ഫ്ളാറ്റിന്റെ ജനാലക്കൽ വെറുതെ നിൽക്കുകയായിരുന്നു ഞാൻ. അപ്പുറത്തെ ചതുപ്പു നിലത്ത് കയ്യും കാലും കെട്ടി തല മണ്ണിലേക്ക് പൂഴ്ത്തി കൊല്ലാൻ ശ്രമിക്കുന്ന ഒരു പന്നിയുടെ പിടച്ചിലുകൾക്കും അമറലുകൾക്കും മുകളിലൂടെ, പണി പാതിയായി ഒഴിഞ്ഞു കിടക്കുന്ന കോൺക്രീറ്റ് കെട്ടിടത്തിലേക്കാണ് അലറിവിളിച്ചുകൊണ്ട് അവൻ ഓടിക്കയറിയത്. പിന്നാലെ വന്ന മൂന്നുപേർ അവനെ വലിച്ചു പുറത്തേക്കിടുന്നതും പിന്നിലേക്ക് രണ്ടു കൈയും പിടിച്ചുകെട്ടി തിരിച്ചോടിക്കാൻ ശ്രമിക്കുന്നതും ഒരുത്തൻ വായ പൊത്തിപ്പിടിച്ച് വയറിലിടിക്കുന്നതും നാലാം നിലയിലെ ഫ്ളാറ്റിൽ നിന്ന് എനിക്ക് കാണാമായിരുന്നു. നാട്ടിൽ നിന്ന് എത്തിയിട്ട് മൂന്നു മാസമേ ആയിരുന്നുള്ളൂ. നഗരമെന്താണെന്നോ അതിന്റെ ശൈലിയും രീതിയും എന്താണെന്നോ എനിക്ക് ഒട്ടും അറിയില്ലായിരുന്നു. കുട്ടിയുടെ ആ കരച്ചിലും പന്നിയുടെ പിടച്ചിലും അനങ്ങാതെ നിന്ന ഉച്ചയും എല്ലാംകൂടി മനസ്സിൽ ഒന്നായി പുളിച്ചു പൊന്തി.

ഭാഷ അറിയില്ലെന്നതും ധരിച്ചിരിക്കുന്നത് വീട്ടുവേഷമായ മാക്സിയാണെന്നതും മറന്ന് ഞാൻ ചുവട്ടിലേക്കോടി. തീരെ പ്രതീക്ഷിക്കാത്തതു കൊണ്ടായിരിക്കണം, എന്നെ ആ കെട്ടിടത്തിൽ കണ്ട് അവർ അന്തംവിട്ടത്. ഞാൻ മലയാളത്തിൽ എന്തൊക്കെയോ അവരോട് ദേഷ്യപ്പെട്ടു. ഒന്നും മനസ്സിലാവാതെ അവർ അമ്പരന്ന് നിന്ന ആ നിമിഷത്തിന്റെ വിടവിലൂടെ കുട്ടി വാണംവിട്ട പോലെ ഓടി. എന്റെ മലയാളമാണോ, പെണ്ണ് എന്ന പരിഗണനയാണോ, ആ നിമിഷത്തിന്റെ അപ്രതീക്ഷിതത്വമാണോ എന്നറിയില്ല, മണ്ണിൽ ആഞ്ഞുതുപ്പി എനിക്കൊരക്ഷരം മനസ്സിലാകാത്ത മറാഠിഭാഷയിൽ എന്തൊക്കെയോ പുലമ്പി അവർ സ്ഥലം വിട്ടു!

“അവരാരാകാമെന്ന് വല്ല പിടിയുമുണ്ടോ?” കഥ കേട്ട് ഭർത്താവ് കോപം കൊണ്ട് വിറച്ചു. മൂന്നുപേരും കൂടി നിന്നെ വലിച്ചിഴച്ചിരുന്നെങ്കിലോ? ‘നള്ള’യിലേക്ക് തള്ളിയിട്ടിരുന്നെങ്കിലോ? വന്നു കേറിയില്ല, അപ്പോഴേക്കും തുടങ്ങി സാമൂഹ്യ സേവനം!”

മുംബൈ തന്ന ആദ്യവികാരം എല്ലു തൊടുന്ന ആ ഭീതിയുടേയും അതിരറ്റ പരിചയക്കേടിന്റെയുമായതിനാലാവാം ഈ നഗരത്തെ ഞാൻ കാണാൻ തുടങ്ങിയത് അതിനിബിഡമായ ഒരു കാടിനെ കാണുന്നതുപോലെയാണ്. അകത്തെ ഇരുട്ടിനെക്കുറിച്ചോ അവിടെയുള്ള നിഗൂഢതകളെക്കുറിച്ചോ എനിക്കൊന്നുമറിയില്ല. കുറ്റകൃത്യ ജഡിലമായ അധോലോകമുണ്ടെന്നറിയാം. ഗ്ലാമറിന്റെ പരമകോടിയിൽ വിലസുന്ന പേജ്ത്രീ



ഉപരിവർഗ്ഗത്തിന്റെയും ബോളിവുഡിന്റെയും കണ്ണഞ്ചിക്കുന്ന തിളക്കമുണ്ടെന്നറിയാം. അതിനിടയ്ക്കുള്ള അത്യധികം വ്യത്യസ്തമായ അടരുകളെക്കുറിച്ച് എനിക്കൊന്നും അറിഞ്ഞുകൂടായിരുന്നു. നാഴിയരിക്കഞ്ഞിക്കു വേണ്ടി നാടുവിട്ട പരസഹസ്രം കുടിയേറ്റക്കാരായിരുന്നു ആ അടരുകൾ സ്വന്തം ബുദ്ധിയും കഴിവും കൊണ്ട് തീർത്തത്. കാൽച്ചുവട്ടിലെ മണ്ണൊന്ന് ഉറപ്പിച്ചു കിട്ടാൻ ചെയ്യുന്ന നിരന്തര യുദ്ധങ്ങളുടെ കഥയാണ് എന്നും കുടിയേറ്റക്കാരന്റെ കഥ. സ്വന്തം കഴിവ് മാത്രമാണ് അവിടെ ഉരകല്ല്. പിടിച്ചു നിൽക്കുക അത്ര എളുപ്പമല്ല.

കുട്ടികളെ തട്ടിക്കൊണ്ടുപോയി, വികലാംഗരാക്കി കളവിനും പോക്കറ്റടിക്കും ഭിക്ഷയാചിക്കലിനുമൊക്കെ ഉപയോഗിക്കുന്ന അധോലോക നഗര നെറ്റ്‌വർക്കിന്റെ ഭാഗമാകാം ആ മൂന്നു ചെറുപ്പക്കാരെന്ന് പറഞ്ഞു തന്നത് സാമൂഹ്യസേവികയായ സുഹൃത്ത് സിൽവിയയാണ്. ട്രാഫിക്ക് സിഗ്നലിലായിരുന്നു ഞങ്ങൾ. റോഡ് ഡിവൈഡറിന്റെ വീതിയുള്ള ഭാഗത്ത് ഉണക്കാനിട്ട പോലെ കിടത്തിയിരുന്ന പിഞ്ചുകുഞ്ഞിനപ്പുറത്ത് ട്രാഫിക് പോലീസുമായി വിലപേശുന്ന അമ്മക്ക് പത്തിരുപത് വയസ്സേ ഉണ്ടായിരുന്നുള്ളൂ.

"കുട്ടി അവളുടേതാവില്ല" സിൽവിയ പറഞ്ഞു:"വാടകക്കെടുത്തതാവും. ചോരക്കുഞ്ഞുങ്ങൾക്ക് കൂടുതലാണ് വാടക. അംഗവൈകല്യമുണ്ടെങ്കിൽ വാടക ഇനിയും കൂടും. രാഷ്ട്രീയ നേതാക്കന്മാരും സാമൂഹ്യസേവനക്കാരും ചാരിറ്റബിൾ സംഘടനകളുമൊക്കെ അടങ്ങുന്ന ഒരു വലിയ റാക്കറ്റിന്റെ ഇങ്ങേയറ്റത്തെ കണ്ണികളാണിവർ ഒന്നല്ല." സിൽവിയ തുടർന്നു: "ഒരുപാട് മുഖങ്ങളുണ്ട് ഈ നഗരത്തിന്!"

കുഴിനഖം കുത്തി വിങ്ങിവീർത്ത് ചലം കെട്ടിയ ഒരു വിരൽ ദേഹത്തിൽ അവിടെയും ഇവിടെയും തോണ്ടുന്നതുപോലെയാണ് ആദ്യമാദ്യം നഗരത്തിന്റെ തൊടലുകൾ എനിക്ക് അനുഭവപ്പെട്ടത്. അറപ്പും ചെടിപ്പും മനസ്സിൽ മുറ്റിനിന്നു. നടുമുറ്റവും ഇടനാഴിയും തളവും ഇറയവും തൊടിയുമൊക്കെയുള്ള തറവാട്ടിൽ നിന്ന് നഗരത്തിലെ സർവ്വസാധാരണമായ ഒരു കുടുസ്സു ഫ്ളാറ്റിലേക്കുള്ള മാറ്റം ഒരു ഭൂമികുലുക്കം പോലെ എന്നെ ബാധിച്ചത് പ്രായോഗികതലത്തിലെന്നതിലുമെത്രയോ ഏറെ എന്റെ മനസ്സിന്റെ തലങ്ങളെയാണ്. എന്തെന്നില്ലാത്ത അന്യത്വവും പേറി കണ്ണിലും മൂക്കിലും വായിലും ഒക്കെക്കൂടി തടുക്കാനാവാത്ത ഒരു തള്ളിച്ച പോലെ നഗരം എന്നിലേക്ക് കടന്നു. ജീവിതത്തിന്റെ തുടർച്ചയിൽ അത് തടുക്കാൻ എന്റെ കയ്യിൽ ഒന്നുമുണ്ടായിരുന്നില്ല. ആ കുടുസ്സു ഫ്ളാറ്റിൽ ഞങ്ങൾ ആറുപേരാണുണ്ടായിരുന്നത്. ഒരു മധ്യവർഗ്ഗക്കാരനു താങ്ങാനാവാത്ത വിലയായിരുന്നു അന്ന് മുംബൈയിൽ ഒരു കുടുസ്സു ഫ്ളാറ്റിനു പോലും ഉണ്ടായിരുന്നത്. അതിനാൽ കുടുസ്സു മുറികളിൽ ബന്ധുക്കളും അയൽക്കാരും തിങ്ങിക്കൂടി. ഗ്രാമവാസികളുടെ തീരാപുച്ഛമായിരുന്നു അത് നേടിയത്. മുംബൈയിൽ അദ്ധ്വാനിക്കാൻ തയ്യാറുള്ളവന് ജോലി കിട്ടാതെ വരാറില്ല. ഭക്ഷണവും



ഏത് വരുമാനത്തിനും അനുയോജ്യമാം വിധം കിട്ടും. എന്നാൽ താമസിക്കാനൊരു വീട് മധ്യവർഗ്ഗത്തിനുപോലും അസാധ്യമായി തോന്നുന്ന സ്വപ്നമാണ്. ഫ്ളാറ്റിൽ പിന്നെയും ആൾക്കാർ ഉണ്ടായിരുന്നതിനാൽ, കുളിച്ച് ഈറൻ മാറുന്നതു മുതൽ മുടി വേറെടുക്കലും പുസ്തകം വായിക്കലും ഉറങ്ങലും എന്തിന് ലൈറ്റ് ഇടലും കെടുത്തലും വരെ പരസ്പര സൗകര്യമനുസരിച്ചാക്കേണ്ടിവരുന്നത് സ്വാഭാവികമായി. അത്തരം ഒരു സംവിധാനത്തിനു കീഴിൽ സ്വകാര്യത എത്ര വിലപ്പെട്ട വസ്തുവായി തീരുമെന്നത് അനുഭവിച്ചവർക്കേ അറിയൂ.

സ്ഥലപരിമിതി നമ്മുടെ ഇഷ്ടങ്ങളെ, സൗമനസ്യങ്ങളെ, അഭിരുചികളെ, മൂല്യങ്ങളെ, ശീലങ്ങളെ ഒക്കെ എന്തുമാത്രം സ്വാധീനിക്കുമെന്നറിയാൻ നഗരങ്ങളിലെ 'ഇടമില്ലായ്മ'കളിൽ താമസിക്കണം. കരയാൻ, ചിരിക്കാൻ, ഉണ്ണാൻ, ഉറങ്ങാൻ, ഇണചേരാൻ എല്ലാത്തിനും നാമറിയാതെ സമയവും സന്ദർഭവും നിശ്ചയിക്കുന്ന, നമ്മുടെ നിയന്ത്രണങ്ങൾക്കതീതമായ ഒരു ഘടകമുണ്ട് നഗരത്തിൽ. ദിവസം മുഴുവൻ വെള്ളത്തിന്റെ സപ്ലൈ ഇല്ലാത്തതിനാൽ വെള്ളം വരുന്ന മണിക്കൂറിനുവേണ്ടി എല്ലാമെല്ലാം മാറ്റിവെയ്ക്കേണ്ടിവരും. സ്ത്രീകളുടെ ജീവിതം ഈ സമയത്തിനു ചുറ്റുമാണ് നിലനിൽക്കുന്നത്. സാമൂഹ്യസേവനവും പുറം പരിപാടികളും അതോടെ അവർക്കപ്രാപ്യമാവും. വെള്ളം പിടിച്ചു വെക്കുന്ന വലിയ ഡ്രമ്മുകൾ അവർക്ക് ഏറ്റവും വിലപ്പെട്ട വസ്തുവാണ്. പൂപ്പൽ പിടിച്ച ചുമരുകളിൽ ദൈവത്തിനോട് മാപ്പു പറഞ്ഞ് ആണിയടിച്ചു തൂക്കും. അഴക്കോലിന്റെ ഒരു പകുതി ഒരാൾക്കും മറ്റേ പകുതി മറ്റൊരാൾക്കും എന്ന് വീതിക്കേണ്ടിവരും. തുളസിത്തറ ജനലിനു പുറത്തേക്ക് കമ്പിയിൽ തൂക്കിയിട്ട പൂച്ചട്ടിയാവും.

ഇഷ്ടപ്പെട്ട ഒരു പുസ്തകം വേഗം വായിച്ചു തീർക്കാൻ വേണ്ടി, പൂജാരിയോ ഭക്തരോ ഇല്ലാത്ത, കുന്നിൻമുകളിലെ ഇരുട്ടു പിടിച്ച ചെറിയ അമ്പലത്തിൽ വാതിലടച്ചിരുന്നിട്ടുണ്ട് ഞാൻ. പുസ്തകത്തിനുള്ളിൽ പിടിപ്പിക്കാവുന്ന റീഡിംഗ് ലൈറ്റ് നഗരജീവിതത്തിലെ എന്റെ സന്തത സഹചാരിയായത് അങ്ങനെയാണ്. ആരുടെയെങ്കിലും കാലൊച്ച കേട്ടെന്നു തോന്നിയാൽ പുസ്തകം ബാഗിലൊളിപ്പിച്ച് ഞാൻ ശിവ... ശിവ എന്ന് ഭജിക്കാൻ തുടങ്ങും. ദൈവം ഓട്ടക്കണ്ണിട്ട് നോക്കിയിരിക്കണം. അറിയില്ല. ഞാൻ ദൈവത്തെ ഇതുവരെ കണ്ടിട്ടില്ല.

വ്യത്യസ്ത ഭാഷകളും ഭക്ഷണരീതികളും ജീവിതശൈലികളും ഒന്നിനൊന്നു തിക്കിത്തിരക്കി ബഹളമുണ്ടാക്കുന്ന ഈ നഗരത്തിൽ മുൻവിധികൾക്കോ സ്വപേക്ഷമായ മൂല്യനിർണ്ണയങ്ങൾക്കോ സ്ഥാനമില്ല എന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. എന്തിന്റെ പേരിലായാലും മറ്റുള്ളവരെ അലോസരപ്പെടുത്തുന്ന, പൊതുസ്ഥലത്ത് യാതൊരു പ്രതിപക്ഷ ബഹുമാനവുമില്ലാതെ, പൊതുസ്ഥലത്ത് ശബ്ദമാലിന്യങ്ങൾ വലിച്ചെറിയുന്ന ഭജനകളും നമാസുകളും ഉച്ചഭാഷിണികളും എന്തിന് സെൽഫോണിൽ മറ്റുള്ളവരെ മുഴുവൻ അലോസരപ്പെടുത്തിക്കൊണ്ട് ഉറക്കെ സംസാരിക്കുന്നതു മുതൽ പബ്ലിക് സിഗരറ്റുവലി വരെ എത്രമാത്രം അസഭ്യവും അശ്ലീലവുമാണെന്ന് ഞാൻ തിരിച്ചറിയാൻ തുടങ്ങിയത് ഈ നഗരത്തിൽ വെച്ചാണ്. വൈജാത്യങ്ങളെ ഒതുങ്ങി നിന്ന് അംഗീകരിക്കാനുള്ള ഈ തയ്യാറെടുപ്പാണ്, സഭ്യമായ സഹവർത്തിത്വത്തിന് അതുകൂടിയേ തീരൂ എന്ന തിരിച്ചറിവാണ്, എനിക്ക് മുംബൈ തന്ന ഏറ്റവും വലിയ സമ്മാനം എന്നാണ് എനിക്ക് എന്നും തോന്നിയിട്ടുള്ളത്.

കലാപങ്ങൾ, ലഹളകൾ, ബോംബു സ്ഫോടനങ്ങൾ, തീവ്രവാദി അക്രമങ്ങൾ,

വെള്ളപ്പൊക്കങ്ങൾ, കൊടുങ്കാറ്റുകൾ, മനുഷ്യന്റെ നിസ്സഹായതക്കു മുന്നിൽ നിസ്സംഗരായി നിന്ന ഭരണ സംവിധാനങ്ങൾ, നാണിപ്പിക്കുന്ന ക്രൂരതകൾ, കലാപകാരികൾ, വേശ്യത്തെരുവുകൾ, പാതിമരിച്ച് മാലിന്യക്കൂമ്പാരത്തിൽ കൊണ്ടുചെന്നിട്ട വൃദ്ധവേശ്യയുടെ ശരീരത്തിലേക്ക് മൂത്രമൊഴിച്ച് രസിക്കുന്ന തെരുവുതെണ്ടികൾ, ഉദാത്തമായ സാഹിത്യസപര്യകൾ, വിനയത്തോടെ, അഭിമാനത്തോടെ ഏറ്റു വാങ്ങേണ്ട സാമൂഹ്യ പ്രവർത്തനങ്ങൾ, ഏറെ പരീക്ഷണാത്മകവും ശരാശരി നാടകപ്രവർത്തനങ്ങളിൽ നിന്ന് ഏറെയേറെ മുന്നോട്ടു പോയിട്ടുള്ള മറാത്തി നാടക സംരംഭങ്ങൾ, ചിത്രകലയുടെ ഉദാത്ത സംഭാവനകൾ, ശക്തമായ ദളിത് പ്രസ്ഥാനങ്ങൾ ഇവയെല്ലാം കൂടി കശക്കി മറിച്ച് തിരുത്തുകയും പുനർനിർമ്മിക്കുകയും ചെയ്യുന്ന നഗരമനസ്സിന്റെ ചുമക്കാനാവാത്ത മാറാപ്പുകൾ, സൗന്ദര്യങ്ങൾ എന്നിവയൊക്കെ ഒരു കാഴ്ചവെക്കൽ പോലെ ഈ നഗരം എന്റെ ജീവിതത്തിന്റെ ഉമ്മറപ്പടിയിൽ കൊണ്ടുവന്നു വെച്ചു. ജീവിതപ്രതിസന്ധികളെ ഒരു തിരമാലയെന്നപോലെ മുന്നിലേക്കിട്ടു. അപ്പോഴെല്ലാം നമ്മുടെ ഭരണ നേതൃത്വങ്ങളേക്കാൾ ജനം വിശ്വസിച്ചത്, തീർപ്പിനും നടത്തിപ്പിനും ഉറപ്പു നൽകുന്ന പ്രദേശ ദാദകളെയാണ്. കൊടുത്ത വാക്കുകളിൽ നിന്ന് അവർ ഒരിക്കലും പിൻമാറിയില്ല. ഒരു സമാന്തര നിയമ സംവിധാനം ഇവിടെ ഉരുത്തിരിഞ്ഞത് അവരുടെ വാക്കുകളുടെ ബലത്തിലായിരുന്നു. അതിപ്പോഴും മുംബൈയുടെ നട്ടെല്ലാണ്. അത്യാഹിതങ്ങളുടെയും ആപത്തിന്റെയും കാലത്ത് ഒറ്റക്കെട്ടായി നിൽക്കാൻ മുംബൈക്കറിയാം എന്ന് പലതവണ തെളിയിച്ചതാണ് ഈ നഗരം.

അർദ്ധരാത്രി പബ്ലിക്ക് ട്രാൻസ്പോർട്ടിൽ ഒറ്റക്ക് യാത്ര ചെയ്യുമ്പോൾ പലപ്പോഴും ഓർമ്മ വരാറ്, ഇരുട്ടിയാൽ പെൺകുട്ടികൾക്ക് സുരക്ഷിതമായി വഴി നടക്കാൻ കഴിയാത്ത, ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ നാട്ടിലെ വഴികളെയാണ്. അപ്പോൾ ഈ നഗരത്തിലെത്തിപ്പെട്ടതിൽ സന്തോഷം തോന്നും. നമ്മുടെ ജീവിതവും ഊർജ്ജവും കുറേ മന്ദബുദ്ധികളുമായി പോരടിച്ചു തീർക്കാനുള്ളതല്ലല്ലോ.

വൈകുന്നേരം ജോലിവിട്ടു വരുമ്പോൾ, സ്ഥിരമായി ഒരേ ട്രെയിനിൽ സ്ഥലം പിടിച്ച് അത്താഴത്തിനുള്ള കറിക്കു നുറുക്കിയും ട്രെയിനിലിരുത്തി മകനെ ചിത്രകല അഭ്യസിപ്പിച്ചും പരീക്ഷയുടെ ഉത്തരക്കടലാസുകൾ പരിശോധിച്ചും നഗരജീവിതത്തിന്റെ നിർബന്ധങ്ങളെ മറികടക്കുന്ന സ്ത്രീകളോട് എനിക്ക് അതിയായ ബഹുമാനം തോന്നിയിട്ടുണ്ട്. അറിവുകളുടെയും അവസരങ്ങളുടെയും അനുഭവങ്ങളുടെയും ഉത്സവപറമ്പായ ഈ നഗരം നമ്മെ പഠിപ്പിക്കുന്ന ഒരുപാട് ഗുണങ്ങളിലൊന്നാണ് മെലോ ഡ്രാമയില്ലാത്ത പ്രൊഫഷണലിസം.

ജനിക്കുമ്പോൾ കിട്ടിയ സൗഭാഗ്യങ്ങളിൽ കയ്യും കാലും വായും പൂഴ്ത്തി നിന്ന് നഗരവാസികളെ കരിങ്കൽമനസ്സുകളെന്ന് തരംതാഴ്ത്തുന്ന 'നിഷ്ക്കളങ്ക' നാട്ടിൻപുറത്തുകാരെ കാണുമ്പോൾ പുച്ഛമാണ് തോന്നാറ്. വെറുതെ കിട്ടിയ, കാരണവന്മാർ സമ്പാദിച്ചിരുന്ന സൗകര്യങ്ങളോ സൗഭാഗ്യങ്ങളോ ഇല്ലാത്ത, എല്ലുറപ്പുള്ള മനസ്സോടെ ജീവിതത്തെ നേരിടുന്നവരാണ് നഗരവാസികൾ. വെറുതെകളയാൻ പണമോ സമയമോ ഹർത്താലോ ബന്ദോ ഇല്ല. കാര്യങ്ങൾ വേഗത്തിൽ കൃത്യതയോടെ, സമർത്ഥമായി ചെയ്യുക. തിരുത്താനോ തിരിഞ്ഞു നോക്കാനോ ഇടവരരുത്. താങ്ങായും തണലായും താൻ മാത്രമേ ഉള്ളൂ. കരച്ചിലടക്കാൻ പഠിച്ചേ തീരൂ.

ഞാൻ വളരെക്കാലമായി ജീവിക്കുന്ന ഈ നഗരം എന്നെ എന്തു പഠിപ്പിച്ചു എന്ന് ചോദിച്ചാൽ ഞാൻ ഉത്തരം പറയുക മുൻവിധികൾ എഴുതാതിരിക്കാൻ എന്നാവും. പലപ്പോഴും പലതിനും ആത്യന്തികവിധികളില്ല എന്നും. അറിവില്ലായ്മയിൽ കുളിച്ചു നിൽക്കുമ്പോഴാണ് മറ്റുള്ളവരോട് പുച്ഛം തോന്നുക. മതത്തിലായാലും സംസ്ക്കാരങ്ങളിലായാലും അത് അങ്ങനെ തന്നെയാണെന്ന് പറഞ്ഞ് നഗരം എന്നെ പലപ്പോഴും വിനയാന്വിതയാക്കി. പാമ്പ് ഉറയൂരും പോലെ സ്വന്തം വിശ്വാസങ്ങളെ, ധാരണകളെ പിന്നിലിട്ട് ഞാൻ പലപ്പോഴും ഇവിടെ പുതുവഴികൾ തേടിയിട്ടുണ്ട്. എന്റെ സങ്കല്പങ്ങളെ കശക്കിക്കുത്തി വലിച്ചെറിഞ്ഞിട്ടുണ്ട് ഈ നഗരം. അതുതന്നെയാണ് ഈ നഗരം ഓരോരുത്തർക്കും വേണ്ടി ഒരുക്കിവെക്കുന്ന ആതിഥേയത്വം. കാളപ്പോരുകളിൽ കാളയ്ക്കുമുന്നിൽ ഇളക്കിക്കാട്ടുന്ന ചുവന്ന തുണിപോലെ ഈ നഗരം നിങ്ങളെ വിറളിപിടിപ്പിക്കും. വഴിമാറി നടക്കാം. നേരിട്ടേറ്റുമുട്ടാം. അല്ലെങ്കിൽ ഒരു പുഴുവിനെപോലെ മറ്റുള്ളവരുടെ കാൽച്ചുവട്ടിലമരാം. ആ അർത്ഥത്തിൽ ഈ നഗരം ഇവിടെയുള്ള ഓരോരുത്തരുടേയും ഉരകല്ലാണ്.

പ്രബുദ്ധ സാക്ഷര കേരളത്തിൽ, എന്റെ കുഗ്രാമത്തിൽ, ജീവിതത്തിന്റെ പകുതി പോലും സാർത്ഥകമായി, സുരക്ഷിതയായി, സ്വതന്ത്രയായി എനിക്ക് ജീവിക്കാൻ, പ്രത്യേകിച്ചും ഞാൻ ഇവിടേക്ക് കുടിയേറിയ കാലത്ത് കഴിയുമായിരുന്നില്ല എന്നു തന്നെയാണ് എന്റെ വിശ്വാസം. നഗരം എന്തെന്നുപോലും അറിയാതെ, പടിപ്പുരയും പത്തായപ്പുരയുമൊക്കെയുള്ള വീട്ടിൽ നിന്ന് പേടിച്ചരണ്ട് പടിയിറങ്ങിയ മാനസിക്ക് ഈ നഗരം തന്നത് എന്തെന്നില്ലാത്ത ആത്മവിശ്വാസമാണ്, തന്റേടവും സ്വാതന്ത്ര്യവുമാണ്. വിനയാന്വിതയായി മുന്നിൽ നിൽക്കേണ്ട, എത്തിപ്പിടിക്കാൻ ആരേയും മോഹിപ്പിക്കുന്ന അതീവ സുന്ദരങ്ങളായ ചക്രവാളങ്ങളാണ്. ഭാരതപ്പുഴക്കും കണിക്കൊന്നക്കും പകരം അതെന്റെ സ്വപ്നങ്ങളിൽ ലോകം നിറച്ചു.

നന്ദി നഗരമേ, നന്ദി

■

കഥ



**ഷീജാ മാത്യു**
ചങ്ങനാശ്ശേരി സ്വദേശി.
മുംബൈ മലയാളം
മിഷൻ സെന്റർ കമ്മിറ്റി
മെമ്പർ,  മീരാ റോഡ്
സാംസ്കാരിക വേദി
കമ്മിറ്റി മെമ്പർ

# പ്രിയേ നിനക്കായ്...

**നേരം** പുലരുന്നതേയുള്ളൂ. പതിവിലും നേരത്തെ രാധ ഉണർന്നു ജോലികളെല്ലാം പെട്ടെന്ന് തീർത്തു. എന്നും പോകുന്നതിനേക്കാൾ ഒരു വണ്ടി നേരത്തെ പിടിക്കണം. തിരക്കു പിടിച്ച് പണികൾ തീർത്ത് ഇറങ്ങാൻ നേരം കിടപ്പുമുറിയുടെ വാതിൽക്കൽ തട്ടി പറഞ്ഞു: 'അനന്തേട്ടാ ഞാൻ ഇറങ്ങുന്നു"

"ശരി... ശരി.." പാതിമയക്കത്തിൽ മറുപടി പറഞ്ഞ് അവൻ തിരിഞ്ഞു കിടന്നു. അനന്തന്റെ മറുപടിക്ക് കാത്തു നിൽക്കാതെ അവൾ അതിവേഗം റെയിൽവേ സ്റ്റേഷൻ ലക്ഷ്യമാക്കി പാഞ്ഞു.

സ്റ്റേഷനിൽ സാമാന്യം നല്ല തിരക്കുണ്ട്. വണ്ടി വന്നതും ഒരു തരത്തിൽ ഉള്ളിൽ കടന്നു. അധികം അകത്തേക്ക് പോകാതെ ഒരു ഓരം ചേർന്ന് നില്പുറപ്പിച്ചു. അവളുടെ ലക്ഷ്യം ജോലിസ്ഥലത്ത് പെട്ടെന്ന് എത്തുക എന്നുള്ളതല്ല, മറിച്ച് കഴിഞ്ഞ ദിവസം തന്റെ ശ്രദ്ധയിൽപ്പെട്ട കാഴ്ച. അതെ, അത് ഉറപ്പു വരുത്തണം.

അന്ന് വളരെ പെട്ടെന്നാണ് ആ കാഴ്ച അവളുടെ കണ്ണിൽപ്പെട്ടത്. നന്നായി ഒന്നു കാണും മുമ്പേ വണ്ടി വിട്ടു. അന്നുതൊട്ടു ശ്രമിക്കുന്നതാണ് ഒരിക്കൽകൂടി കാണാൻ. ഓർക്കുന്തോറും മനസ്സിൽ പേടിയോടെ ആ രംഗം മായാതെ നിൽക്കുന്നു. ഈശ്വരാ.... ഞാൻ ഭയക്കുന്ന പോലെ ആവരുതേ...

ഇന്ന് നിറഞ്ഞ പ്രതീക്ഷയും അതിലേറെ പ്രാർത്ഥനയോടെയുമാണ് വീട്ടിൽ നിന്ന് ഇറങ്ങിയത്. ഓരോ സ്റ്റേഷൻ കടന്നു പോകുമ്പോഴും നെഞ്ചിടിപ്പ് കൂടുന്നതായി തോന്നി. അവസാനം തനിക്കിറങ്ങേണ്ടിടത്ത് വണ്ടി എത്തിയപ്പോൾ എന്തോ നെഞ്ചിന്റെയുള്ളിൽ ഒരു പിടച്ചിൽ. വണ്ടിയിൽ നിന്നിറങ്ങി നടന്നു തുടങ്ങി. കാലുകൾക്ക് ചലനശേഷി കുറഞ്ഞുവോ?

വളരെ ദൂരെ നിന്നേ ആ രൂപം രാധയുടെ കണ്ണിൽപെട്ടു. അടുത്തെത്തിയതും രാധ ഞെട്ടിത്തരിച്ചു. അതെ, ഇത്ര നാളും താൻ കാണാൻ കൊതിച്ച്, വർഷങ്ങളോളം പ്രാർത്ഥനകളും വഴിപാടുകളുമായി നടന്ന അതേ രൂപം. അവൾ ഒന്നേ നോക്കിയുള്ളൂ. എന്തൊരു കോലം! കീറിപ്പറിഞ്ഞ് അഴിഞ്ഞുലഞ്ഞുള്ള വസ്ത്രങ്ങൾ. ജട കെട്ടിയ തലമുടി, ചെളിയിൽ പൂണ്ട് ആരിലും അറപ്പുളവാക്കുന്ന ആ കോലത്തിൽ തന്റെ പ്രിയയെ കണ്ടതും ഒന്നലറിക്കരയണമെന്നു തോന്നി രാധയ്ക്ക്. എന്തും വരട്ടെ എന്നു കരുതി കുറച്ചുകൂടി അടുത്തേക്ക് നീങ്ങിയ രാധയെ കണ്ട് പ്രിയ ചാടിയെഴുന്നേറ്റു. ഉയർന്നു പൊന്തിയ വയർ... ഈശ്വരാ, എന്തൊരു വിധി! തന്റെ പ്രിയപ്പെട്ട കൂട്ടുകാരി, അവൾക്ക് ഈ ഗതി എങ്ങനെ സംഭവിച്ചു? നെഞ്ചു പൊട്ടുന്ന വേദന. അവളറിയാതെ കണ്ണുകൾ നിറഞ്ഞൊഴുകി.

മറ്റുള്ളവരുടെ കനിവാകണം, ചുറ്റുപാടും ചിതറിക്കിടക്കുന്ന ആഹാരാവശിഷ്ടങ്ങൾ. അതിൽ നിന്നുള്ള അസഹനീയമായ ദുർഗന്ധം. എന്തു ചെയ്യണമെന്നറിയാതെ ഒരു നിമിഷം രാധ പകച്ചു നിന്നു. തനിക്കെന്തെങ്കിലും കിട്ടുമെന്നു കരുതിയാകണം നിറവയറും താങ്ങി അവൾ മെല്ലെ എഴുന്നേൽക്കാൻ ശ്രമിച്ചു. ആ ദയനീയമായ അവസ്ഥ കണ്ടുനിൽക്കാൻ കഴിയാതെ രാധ തിരിഞ്ഞോടി.

ആദ്യം കണ്ട വണ്ടിയിൽ കയറിയിരുന്ന് പൊട്ടിക്കരഞ്ഞു.

സൗന്ദര്യത്തിന്റെ നിറകുടമായിരുന്നു പ്രിയ.

എന്നാൽ ഇപ്പോൾ ആരും അറപ്പോടും വെറുപ്പോടും നോക്കുന്ന ഒരവസ്ഥയിൽ...

പ്രിയ എങ്ങനെ ഈ മഹാനഗരത്തിൽ എത്തി? ഈ ചതി എങ്ങനെ സംഭവിച്ചു? എത്രയാലോചിച്ചിട്ടും ഒരു എത്തും പിടിയും കിട്ടുന്നില്ല.

പ്രിയ തന്റെ ജീവിതത്തിലേക്ക് കടന്നുവന്ന ദിവസം ഇന്നലെയെന്നപോലെ അവളുടെ മനസ്സിൽ ഓടിയെത്തി. വീട്ടിൽ പട്ടിണിയുടെ തിരമാലകൾ അലയടിക്കുന്ന കാലം. റോഡിന്റെ എതിർവശത്തുള്ള കൂറ്റൻ ബംഗ്ലാവ് ഒരു കൗതുകമായിരുന്നു. അതിലുപരി ഭയാനകവും. എപ്പോഴും വഴക്കും ബഹളവും മാത്രം കേട്ടുകൊണ്ടിരുന്ന ബംഗ്ലാവിന്റെ മട്ടുപ്പാവിൽ ഒരു ദിവസം ഒരു കൊച്ചുസുന്ദരി പ്രത്യക്ഷപ്പെട്ടു. പുഞ്ചിരിക്കുന്ന മുഖവുമായി. ആ കാഴ്ച പതിവായി. പിന്നീടുള്ള ദിനങ്ങളിൽ ആ കൂടിക്കാഴ്ച ഒരു നല്ല സൗഹൃദത്തിന് തുടക്കം കുറിക്കുകയായിരുന്നു.

പ്രിയ തന്റെ മനസ്സിലുള്ള വേദന മുഴുവൻ പറഞ്ഞിരുന്നത് രാധയോടായിരുന്നു. എപ്പോഴും പരസ്പരം മല്ലടിക്കുന്ന മാതാപിതാക്കൾ. ബിസിനസ്സിന്റെ പേരും പറഞ്ഞ് മാസങ്ങളോളം മാറി നിൽക്കുന്ന അച്ഛൻ. വീടിനെയോ തന്നെയോ നോക്കാൻ സമയമില്ലാതെ ആർഭാടങ്ങളുടെ പിന്നാലെ പായുന്ന അമ്മ. ജോലിക്കാരിയുടെ ഔദാര്യത്തിൽ ജീവിക്കേണ്ടിവരുന്നതിന്റെ എല്ലാ പോരായ്മകളും പ്രിയയുടെ ജീവിതത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ അവൾക്ക് എല്ലാം രാധയാണ്.

ജോലിക്കാരിയുടെ നല്ല മനസ്സ്. പിന്നീട് സ്കൂളിൽ പോകുമ്പോഴും രണ്ടുപേരും ഒരുമിച്ചായി. പരസ്പരം കൈകൾ കോർത്ത് പാടവരമ്പിലൂടെ നടക്കുമ്പോൾ ഈ ലോകം പിടിച്ചടക്കിയ പ്രതീതിയായിരുന്നു അവരുടെ മുഖത്ത്. പ്രിയ ഓരോ സമ്മാനപ്പൊതി എന്നും കരുതും രാധയ്ക്കായ്. അവർ പരസ്പരം കാണാത്ത ഒരു ദിവസവും ഉണ്ടായിട്ടില്ല.

സ്കൂൾ ജീവിതം കഴിഞ്ഞതോടെ ഒരുമിച്ചുള്ള പോക്കുനിന്നെങ്കിലും തമ്മിലുള്ള കണ്ടുമുട്ടൽ തുടർന്നു. ഒരിക്കൽ പ്രിയ ഒരു ചെറുപ്പക്കാരനെ അവൾക്ക് പരിചയപ്പെടുത്തി, “ഇത് രാജു. എന്റെ കോളേജിനടുത്തുള്ള ഷോറൂമിൽ ജോലി ചെയ്യുന്നു” ഒറ്റനോട്ടത്തിൽതന്നെ എന്തോ പന്തികേടു തോന്നി. അത് അവളോട പറയുകയും ചെയ്തു. അത് അവളത്ര കാര്യമായി എടുത്തില്ല. അതാവാണം, പിന്നീട് അവനെക്കുറിച്ച് തന്നോട് പറയാതെയായി.

ദിവസങ്ങൾ കടന്നുപോയി. തമ്മിലുള്ള കാഴ്ചകൾ കുറഞ്ഞുതുടങ്ങി. രാധയ്ക്ക് വല്ലാത്ത വിഷമം തോന്നി. എന്താ, എന്നെ കാണാൻ പ്രിയ വരാത്തത്? ആരോടു ചോദിക്കും? ബംഗ്ലാവിൽ ചെന്ന് അന്വേഷിക്കാൻ ഭയമായിരുന്നു. അങ്ങനെയിരിക്കെയാണ് ജോലിക്കാരിയെ കാണാനിടയായത്.

അപ്പോഴാണ് പ്രിയ ആരോടും പറയാതെ എങ്ങോട്ടോ പോയി എന്ന സത്യം അവൾ അറിഞ്ഞത്. ഒരുപാട് അന്വേഷിച്ചു. ഒരു വിവരവും ഇല്ല. പുറത്തറിഞ്ഞാലുള്ള നാണക്കടു കാരണം ആരോടും പറയാതെയുള്ള തിരച്ചിൽ തുടരുന്നു.

കേട്ടപ്പോൾ ഹൃദയം തകരുന്ന വേദന തോന്നി. രാധ തന്റേതായ വഴിയിൽ പലയിടത്തും അന്വേഷിച്ചെങ്കിലും ഫലമുണ്ടായില്ല.

കാലചക്രം കറങ്ങിത്തുടങ്ങി. പതിയെ എല്ലാവരും എല്ലാം മറന്നുതുടങ്ങി. എങ്കിലും തന്റെ വിവാഹം കഴിഞ്ഞ് മുംബൈ എന്ന മഹാനഗരത്തിൽ ചേക്കേറുന്നതുവരെ എന്നും കൊതിയോടെ ആ ബംഗ്ലാവിന്റെ മട്ടുപ്പാവിൽ നോക്കുമായിരുന്നു, ‘രാധേ’ന്നുള്ള ഒരു വിളിക്കായ്...

ഇന്ന്... ഇന്ന് തന്റെ എല്ലാ പ്രതീക്ഷകൾക്കും മീതെ പേമാരിയായ് പെയ്തിറങ്ങിയ ആ കാഴ്ച, ഹൃദയം പിളർക്കുന്ന വേദനയിലും അവളുടെ മനസ്സ് മന്ത്രിച്ചു: ‘ഇനി എന്ത്?’

എന്തെങ്കിലും ഉടനെ ചെയ്യണം. തന്റെ കൂട്ടുകാരിയെ അനാഥയായി വിട്ടുകൂടാ. എത്രയും വേഗം അനന്തേട്ടനെ വിവരങ്ങൾ അറിയിക്കണം. സ്റ്റേഷനിൽ ഇറങ്ങി അവൾ വീട് ലക്ഷ്യമാക്കി ഓടി. അനന്തൻ ഓഫീസിൽ പോകുന്നതിനു മുമ്പ് വീട്ടിലെത്തണം.

എല്ലാം ശ്രദ്ധയോടെ കേട്ടിരുന്ന അനന്തൻ ഉടനെ നാട്ടിലേക്ക് വിളിച്ചു. അത്ര സുഖകരമായ വിവരങ്ങളായിരുന്നില്ല അവിടെനിന്ന് കിട്ടിയത്. മകളുടെ വേർപാടിൽ മനംനൊന്ത് മുഴുക്കുടിയനായ അപ്പൻ ഏതാനും മാസങ്ങൾക്കുമുമ്പ് ലോകത്തോട് വിടപറഞ്ഞു. എല്ലാ കുറ്റങ്ങൾക്കും കാരണക്കാരി താനാണെന്നുള്ള എല്ലാവരുടെയും കുറ്റപ്പെടുത്തൽ സഹിക്ക വയ്യാതെ അമ്മയും പോയി.

എല്ലാം കേട്ട് അനന്തനും രാധയും ഏറെ വിഷമിച്ചു. ഒടുവിൽ അവർ ഒരു തീരുമാനത്തിലെത്തി. ഏതെങ്കിലും ഒരു സംരക്ഷണകേന്ദ്രത്തിൽ അവളെ എത്തിക്കുക. തുടർന്നുള്ള ദിവസങ്ങൾ അതിനുള്ള ഓട്ടത്തിലായിരുന്നു. അവസാനം അവളെ സുരക്ഷിതയാക്കി പടിയിറങ്ങുമ്പോൾ വേദനയുടെ നെരിപ്പോടിൽ നീറുമ്പോഴും തന്റെ പ്രിയയ്ക്കായ് ഇത്രയും ചെയ്യാൻ സാധിച്ചതിൽ സന്തോഷം തോന്നി.

പടിവാതിലിൽ എത്തി തിരിഞ്ഞു നോക്കുമ്പോൾ തങ്ങളെ തന്നെ നോക്കിനിൽക്കുന്ന പ്രിയ... മുഖത്തൊരു പുഞ്ചിരി... അവൾക്ക് എന്നെ മനസ്സിലായോ? അതോ? രണ്ടു കൈയും വീശി യാത്ര പറയുമ്പോൾ എന്നെങ്കിലും തന്നെ തിരിച്ചറിയുമെന്നുള്ള പ്രതീക്ഷ മാത്രം ബാക്കിയാക്കി അവർ യാത്ര തുടർന്നു.

■



**ഇന്ദിരാ കുമുദ്**
വടകര സ്വദേശി.
മും ംബൈയിൽ താമസം.
എഴുത്തും വായനയും
ഹോബി. വിവർത്ത
നത്തിൽ താൽപര്യം.

# പൊട്ടിയ ബണ്ടുകൾ(മറാഠി)

## (ശ്രീപാദ് ജോഷി)

സാറേ......
നനഞ്ഞളിഞ്ഞ മണ്ണിനടിയിൽ
പൂണ്ടുകിടക്കുന്ന ആ ഗ്രാമത്തിന്റെ
പേരെന്താണ്?

നനഞ്ഞ ആകാശമട്ടുപ്പാവിലെ
അണഞ്ഞ ദീപങ്ങളുടെ
കറുത്ത വെളിച്ചമുള്ളപ്പോൾ
ആ ഗ്രാമവാസികൾക്ക്
മറ്റൊന്നും വേണ്ടെന്നാണോ?

വെള്ളത്തിനടിയിലൊരു
സ്ഫോടനം നടന്നോ
അതോ വെള്ളത്തിനു തന്നെ
തീപിടിച്ചതാണോ?
അവിടുണ്ടായിരുന്ന
ജയിലും സൈന്യവും
സേനാപതിയും ഓഫീസർമാരും
എങ്ങോട്ടാണ് മുങ്ങിമറഞ്ഞത്?

അച്ഛാ....അമ്മേ....
എന്തിനാണ് വേണ്ടാത്ത ചോദ്യങ്ങൾ
ചോദിക്കുന്നത്?
കണ്ണുതുറന്ന് ചുറ്റും നോക്കിക്കോളൂ..
പക്ഷേ ഉരിയാടരുത്..
വീണ്ടും ബണ്ടുകൾ പൊട്ടിയേക്കാം.

# ഒറ്റക്കണ്ണി /തമിഴ്

## (മീനാ കന്ദസ്വാമി)

ബഹളം വെയ്കുന്ന ഒരു കൊച്ചുകുട്ടിയെയാണ്
മൺകൂജ കണ്ടത്
ഗ്ലാസ് കണ്ടത് തന്റെ നേർക്കു നീണ്ടുവരുന്ന
ദാഹിച്ചു വലഞ്ഞ ഒരു കൈപ്പത്തിയാണ്
ടീച്ചർ കണ്ടത് ഒരു വിദ്യാർത്ഥിനി
ക്ലാസ് നിയമം ഭേദിക്കുന്നതായിരുന്നു
ഡോക്ടർക്ക് അത് മറ്റൊരു ഓപ്പറേഷൻ
മാത്രമായിരുന്നു
സ്കൂളിനാണെങ്കിൽ ലജ്ജാവഹമായ ഒറ്റപ്പെട്ട
വെറും ഒരു സംഭവം
പത്രങ്ങൾക്ക് അത് വെറുമൊരു വാർത്ത
മാത്രമായിരുന്നു..

ധന്യയുടെ ലോകം പകുതി കീറിയെടുത്ത ഭൂമി!
തൊടാൻ യോഗ്യതയില്ലന്ന് അവർ കൽപ്പിച്ച
വെള്ളം കുടിക്കാനാഞ്ഞതിന്റെ ശിക്ഷ!!

ചർച്ചാവിഷയം



അഡ്വ.പ്രേമ മേനോൻ

# കേരളത്തിന് കൈത്താങ്ങായി മുംബൈ പ്രവാസി സമൂഹം

**2018** ആഗസ്റ്റ് മധ്യഭാഗത്തോടെ സംഹാരതാണ്ഡവമാടിയ പ്രകൃതി കേരളത്തിന് വിതച്ച നാശനഷ്ടങ്ങൾ വിവരണാതീതമാണ്. ജന്മനാട്ടിന് സംഭവിച്ച അതിദാരുണമായ ദുരന്തത്തിന് സമാശ്വാസമേകാൻ ലോകമലയാളികൾ ഉണർന്നു പ്രവർത്തിച്ചത് ഒരു ചരിത്രനേട്ടമെന്നു തന്നെ വിലയിരുത്താം. സഹജീവികളോടുള്ള കാരുണ്യം അതിന്റെ യഥാർത്ഥ അർത്ഥതലത്തിൽ പ്രാവർത്തികമാക്കാൻ മുംബൈ പ്രവാസി സമൂഹവും ഉണർന്നു പ്രവർത്തിച്ചു എന്നത് അംഗീകരിക്കേണ്ട സത്യമാണ്.

ആദ്യഘട്ടങ്ങളിൽ പലയിടങ്ങളിൽ കുടുങ്ങി കിടക്കുന്നവരെ രക്ഷിക്കുവാനും, ദുരിതാശ്വാസ ക്യാമ്പുകളിൽ അവശ്യസാധനങ്ങൾ എത്തിക്കുവാനുമായി മുംബൈയിലെ സന്നദ്ധപ്രവർത്തകർ ജന്മനാട്ടിലെത്തുകയും, കയ്യും മെയ്യും മറന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തു. മുംബൈയിലെ ലോകകേരള സഭാംഗങ്ങളുടെ നേതൃത്വത്തിൽ വാഷി കേരള ഹൗസ്, ചെമ്പൂർ ആദർശ വിദ്യാലയം, വസായി ബസെയ്ൻ കേരള സമാജം എന്നിവിടങ്ങളെ കേന്ദ്രീകരിച്ച് കേരളത്തിനാവശ്യമായ ഭക്ഷ്യസാമഗ്രികൾ, കുടിവെള്ളം, മരുന്നുകൾ എന്നിവ സമാഹരിക്കുകയും കപ്പൽ വഴിയും, റെയിൽ വഴിയും, റോഡ് വഴിയുമെല്ലാം ആയിരക്കണക്കിന് ടൺ സാധനങ്ങൾ ദുരിതാശ്വാസ ക്യാമ്പുകൾ വഴിയും, സന്നദ്ധ സംഘടനകൾ വഴിയും അവശ്യക്കാർക്ക് എത്തിക്കാനായി എന്നത് മഹത്തായ ഒരു കാര്യം തന്നെയാണ്.ലോകകേരള സഭാംഗങ്ങളും, കേരള സംഗീത നാടക അക്കാദമി, ആൾ ഇന്ത്യ മലയാളി അസ്സോസിയേഷൻ, കേരളീയ കേന്ദ്ര സംഘടന, മുളുണ്ട് നായർ വെൽഫയർ സൊസൈറ്റി, ആൾ താനമലയാളി അസ്സോസിയേഷൻ, ആസാദ് നഗർ മലയാളി അസ്സോസിയേഷൻ, ഗ്രാമം ഗോഡ് ബന്ദർ റോഡ് കേരളീയ സമിതി താനെ, ഹിൽ ഗാർഡൻ മലയാളി അസ്സോസിയേഷൻ ലോക്പുരം,ഘാർഖർ മലയാളി സമാജം, പനവേൽ മലയാളി സമാജം, നെറുൾ കേരള സമാജം തുടങ്ങി നൂറുക്കണക്കിന്





അറിഞ്ഞും അറിയാതെയുമുള്ള മുംബൈയിലെയും പ്രാന്തപ്രദേശങ്ങളിലെയും മലയാളി സംഘടന കളും അംഗങ്ങളും ഊണും ഉറക്കവും ഉപേക്ഷിച്ച് ജന്മനാട്ടിലെ സോദരർക്കായി ഒരേ മനസ്സോടെ, ലക്ഷ്യത്തോടെ പ്രവർത്തിച്ചു എന്നത് തികച്ചും മാതൃകാപരവും, ശ്ലാഘനീയവുമാണ്.മുംബൈ യിലെ ജാതി മതസാമൂഹ്യരാഷ്ട്രീയ സംഘടനകൾ എല്ലാം തന്നെ ഓണാഘോഷങ്ങൾ മാറ്റി വെച്ച് ആ തുക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കും സംഭാവന ചെയ്തു എന്നതും മഹത്തരമായ കർമ്മമാണ്.

സെപ്റ്റംബർ 25 ന് തിരുവോണ ദിന ത്തിൽ ഓണം ബഹി ഷ്ക്കരിച്ച് Mumbai Stands with Kerala എന്ന മുദ്രവാക്യവുമായി മുംബൈയിലെ സാമൂ ഹികസാംസ്കാരിക നായകന്മാരും, സന്നദ്ധ പ്രവർത്തകരും സഹജീ വികളുടെ ദുരിതത്തിന് ഐക്യദാർഢ്യം പ്രകടി പ്പിച്ചു കൊണ്ട് തെരു വിൽ നടത്തിയ പ്രക ടനവും ഫണ്ട് സമാ ഹരണവും ചരിത്രത്തിൽ ഇടം നേടിയിരിക്ക യാണ്. മലയാളിക്കൊപ്പം മറുഭാഷക്കാരും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തുവെന്നതും മറുനാടൻ മലയാളിക്ക് അഭിമാനിക്കാവുന്ന വസ്തുതയാണ്. ഒരാഴ്ചക്കാലം കേരളത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നേരിട്ട് പങ്കെടുക്കാനായത് ഒരു കടമയെന്ന തിലപ്പുറം പുണ്യം തന്നെയെന്ന് ഞാൻ വിശ്വസിക്കുന്നു.



ഇപ്പോൾ മുംബൈയിലെ മുഴുവൻ സാമൂഹികസാംസ്ക്കാരിക സംഘടനകളും നവകേരള സൃഷ്ടിക്കായുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ ശ്രദ്ധയൂന്നിരിക്കയാണ്. ജാതിമത കക്ഷി രാഷ്ട്രീയഭേദമെന്യേ ജന്മ നാടിന്റെ പുനർനിർമ്മാണത്തിനാ യുള്ള ഏക ലക്ഷ്യത്തിൽ ഭിന്നത കൾ എല്ലാം മറന്ന് മലയാളി സംഘടനകൾ ഒന്നിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ സർക്കാരിന് സഹായകമാകുന്ന വിധത്തിൽ കേരളത്തിന്റെ പുനർനിർമ്മാണത്തിനായുള്ള തുക സമാഹരിക്കുക എന്ന സമീപനമാ ണുള്ളത്. മഹാരാഷ്ട്രയിലെ മലയാളി സംഘടന കളെയെല്ലാം ഒത്തൊരുമിച്ചു കൊണ്ട് ലോക കേരള സഭാംഗങ്ങളുടെ നേതൃത്വത്തിൽ കേരള സംഗീത നാടക അക്കാദമി പശ്ചിമമേഖലയുടെ സഹകരണത്തോടെ നവകേരള നിർമ്മിതിക്കായി എ, ആർ റഹ്മാനെ പോലുള്ള വിശ്വോത്തര കലാകരന്മാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള മെഗാഷോ ജനുവരി ഫെബ്രുവരി മാസങ്ങളിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.അതുപോലെ ആൾ ഇന്ത്യ മലയാളി അസ്സോസിയേഷൻ പോലുള്ള സംഘടനകൾ ദുരിതബാധിത പ്രദേശങ്ങൾ ദത്തെടുത്ത് വീടുകൾ പുനർ നിർമ്മിച്ചു കൊടുക്കാനുള്ള തീരുമാനത്തിലാണ്. ഇതിനൊക്കെ പുറമെ ടാറ്റ കൺസൽട്ടൻസി, ജെ.കെ സിമന്റ്സ്, ജ്യോതി ലബോറട്ടറീസ്, ഗോകുലം ഗ്രൂപ്പ് തുടങ്ങിയ വൻകിട കോർപ്പറേ റ്റുകൾ, വസായ്, താനെ, നവി മുംബൈ, ഉല്ലാസ് നഗർ തുടങ്ങിയ കോർപ്പറേഷനുകൾ എല്ലാം തന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കോടിക്കണക്കിന് രൂപ നൽകിയിരിക്കയാണ്.

ഏതൊരർത്ഥത്തിൽ വീക്ഷി ച്ചാലും സ്വന്തം തറവാടിന്റെ പുന രുദ്ധാരണത്തിനായി പ്രവാസികളായ തറവാട്ടം ഗങ്ങൾ കയ്യും മെയ്യും മറന്ന് ഉത്സാഹിക്കുകയാണ്. വീണ്ടെടുക്കാം നമ്മുടെ സംസ്ക്കാരത്തിന്റെ, പൈതൃകത്തിന്റെ, സാഹോദര്യത്തിന്റെ ഈറ്റില്ല മായ കേരളാംബയെ, ഒരേ മനസ്സോടെ ആ സ്നേഹനിർമ്മിതിയിൽ നമുക്കും ഭാഗഭാക്കാവാം. നവകേരളസൃഷ്ടിക്കായി മുംബൈ പ്രവാസി സമൂഹം നൽകിയ സംഭാവനകൾ ചരിത്രത്തിന്റെ തങ്കതാളുകളിൽ ആലേഖനം ചെയ്യപ്പെടട്ടെ! ■



അഭിമുഖം

കമല/ഗീത വെങ്കട്ട്



ഗീതാ വെങ്കട്ട്

# മുംബൈയിലെ മലയാളി മാലാഖമാർ

**മും**ബൈയിൽ പൊതുവെ മലയാളി നേഴ്സുമാർക്ക് മതിപ്പാണ്. ഈ വെള്ളരിപ്രാവുകൾക്കു പണ്ട് കിട്ടിയിരുന്നതിനേക്കാളും എത്രയോ മടങ്ങു് ബഹുമാനമാണ് ഇപ്പോൾ കിട്ടുന്നത്. അതിനു പല കാരണങ്ങളുണ്ട്. നമ്മുടെ മാലാഖമാർ ആതുരശുശ്രൂഷയിലും സേവന മനോഭാവത്തിലും അവരുടെ മികവ് തെളിയിച്ചു കഴിഞ്ഞു. വിദേശരാജ്യങ്ങളിൽ ഇവർക്കുള്ള ഡിമാൻഡ് ഏറെയാണ്. ഇവരെ വിവാഹം കഴിച്ചു വിദേശരാജ്യങ്ങളിലേക്ക് കുടിയേറിപ്പാർത്ത നമ്മുടെ യുവാക്കൾ ഒട്ടനവധിയാണ്. നഴ്സിങ്ങിലും പല സ്ഥാനമാനങ്ങളും പാഠ്യപദ്ധതിയും വന്നതോടെ അവർക്കു സമൂഹത്തിലും വലിയ ബഹുമാനങ്ങൾ കിട്ടിത്തുടങ്ങി.

നഴ്സുമാർ പലവിധമുണ്ട്. അതായത് കുറച്ചുകാലം നമ്മുടെ നാട്ടിൽ ജോലി നോക്കിയ ശേഷം വിദേശത്തു പോയി ചിലപ്പോൾ കുടുംബസമേതം അവിടെത്തന്നെ കഴിയുന്നവർ, നാട്ടിൽ ഒതുങ്ങിക്കൂടുന്നവർ, ഉയർന്നതലത്തിലെത്തി ഡോക്ടറെക്കാളും മിടുക്കരായവർ എന്നിങ്ങിനെ. ആർദ്ര മനസ്കരായവരും ചിലപ്പോൾ കഠിന ഹൃദയരായി പ്രവർത്തിക്കേണ്ടിവരും. പുറത്തേക്കു കാണിക്കാൻ പറ്റാതെ സങ്കടങ്ങൾ മറച്ചുപിടിച്ചു അവനവന്റെ കൃത്യ നിർവഹണം നടത്തുമ്പോൾ ഉള്ളുരുകാറുണ്ടെന്ന് പലരും പറയുന്നു. എന്തെങ്കിലും അനിഷ്ടസംഭവങ്ങൾ, അപകടങ്ങൾ എന്നിവ നേരിടുമ്പോൾ കാണിക്കുന്ന സമചിത്തത അതിശയിപ്പിക്കുന്നതാണ്. പല രോഗികളും വേദന കാരണമോ മറ്റോ മോശമായി പെരുമാറുമ്പോൾ അപൂർവം ചിലർ വഴക്കു പറയുമായിരിക്കും. പക്ഷെ ഒട്ടുമുക്കാലും കൂട്ടർ ആശ്വാസം പകരുന്നുണ്ടാവും. രോഗികളായി ആശുപത്രിയിൽ കിടക്കേണ്ടിവരുന്ന മലയാളികൾക്ക് ഇരട്ടി ആശ്വാസമാണ് ഇവരെ കാണുമ്പോൾ. പേരുകേട്ട ആശുപത്രികളിൽ ഹെഡ് നേഴ്സ്, ഡോക്ടർമാർ എന്നിവർ അപ്പപ്പോൾ ചോദ്യോത്തരം നടത്തി നഴ്സുമാരെ വിലയിരുത്താറുണ്ട്. പല നഴ്സുമാരുമായും സംസാരിച്ചതിൽ കിട്ടിയ രസകരവും അല്ലാത്തതുമായ ചില സംഭവങ്ങൾ ഇവിടെ പങ്കുവെയ്ക്കുന്നു.

കേരളത്തെക്കാളും മുംബൈയിൽ നഴ്സിംഗ് ജോലി കിട്ടാൻ എളുപ്പമാണെന്നാണ് മിക്കവരും അഭിപ്രായപ്പെടുന്നത്. നൈറ്റ് ഡ്യൂട്ടിയുണ്ടെങ്കിൽ, കേരളത്തിൽ നേരത്തെ പുറപ്പെട്ടാൽ മാത്രമേ യാത്ര ചെയ്യാൻ പറ്റൂ. മുംബൈയിൽ രാത്രി സഞ്ചരിക്കാൻ വിഷമം തോന്നില്ല. ഗതാഗതവും മറ്റും മെച്ചപ്പെട്ടതാണ്. ഹർത്താൽ ഇല്ലാത്തതു കൂടുതൽ സൗകര്യമാണ്. വലിയ ആശുപത്രികളിൽ താമസ സൗകര്യമുണ്ടാകും. ചിലപ്പോൾ ഹോസ്റ്റൽ സൗകര്യം ഉണ്ടാവും.

വീട്ടിൽ നിന്നും വരുന്നവരും ഉണ്ട്. ആദ്യമാദ്യം ഭാഷ പഠിച്ചെടുക്കാൻ കുറച്ചു മിനക്കെടേണ്ടിവരും. പിന്നീടത് ശീലമായിക്കോളും.

എല്ലാ മേഖലകളിലെയും പോലെ ഇവിടെയും പരീക്ഷണങ്ങളെ നേരിടേണ്ടിവരാം. ആശുപത്രിയുടെ നിലനിൽപിന് വേണ്ടി കൂടുതൽ ടെസ്റ്റുകൾ ചെയ്യാൻ പറയുക, രോഗിയുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ചു ചികിത്സ നിശ്ചയിക്കുക എന്നിങ്ങിനെ. അതുപോലെ തന്നെ മരുന്ന് കമ്പനിക്കാരും ആശുപത്രിയുമായി ചില ധാരണകളൊക്കെ എല്ലായിടത്തും ഉണ്ട്. അതിലൊന്നും പെടാതെ അവനവന്റെ ജോലി നോക്കുന്നവർക്ക് ഒരു വിഷമവുമില്ല. എന്തിനും പോന്നവർ എല്ലാ മേഖലകളിലും ആദ്യ വിജയം കൈവരിക്കുമായിരിക്കാം. എന്നാൽ അതൊന്നും ശാശ്വതമല്ലെന്ന ബോധം ഉള്ളിടത്തോളം ഒരു കുരുക്കിലും ചെന്ന് ചാടാനിടയില്ല. ഗവൺമെന്റ് ആശുപത്രികളിൽ ആനുകൂല്യം, തൊഴിൽ സുരക്ഷിതത്വം ഇവ മെച്ചപ്പെട്ടതാണെങ്കിലും അവനവനു പറ്റിയ അന്തരീക്ഷത്തിൽ ജോലി ചെയ്താൽ കിട്ടുന്ന സുഖം ഒന്ന് വേറെയാണ് എന്ന അഭിപ്രായക്കാരാണ് അധികവും.

വീടിന്നടുത്തുള്ള ഒരു പ്രൈവറ്റ് ആശുപത്രിയിൽ ജോലിചെയ്തു കുടുംബജീവിതവും ജോലിയും ഒരുമിച്ചു കൊണ്ട് പോകുന്ന ഒരു നഴ്സിന്റെ അനുഭവങ്ങൾ അവരിൽ നിന്നുതന്നെ അറിയാം.

കേരളത്തിലെ ആലപ്പുഴ ജില്ലയിലെ ഒരു ഗ്രാമത്തിലാണ് ഞാൻ ജനിച്ചതും വളർന്നതും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതും. പന്തളത്തു ആണ് ഞാൻ കോളേജിൽ പഠിച്ചതും നഴ്സിംഗ് പഠിച്ചതും. എന്റെ സ്വന്ത താല്പര്യ പ്രകാരമാണ് നഴ്സിംഗ് പഠിച്ചത്. എന്റെ മാതാപിതാക്കൾ അതിൽ എന്നെ പൂർണമായും പിന്തുണച്ചു. മറ്റുള്ളവരെ ആരോഗ്യപരമായി ശുശ്രൂഷിക്കാനും സഹായിക്കാനും കഴിയും എന്നെനിക്ക് അറിയുമായിരുന്നു. അതിനു എന്നെക്കൊണ്ട് കഴിയുന്ന രീതിയിൽ സാധിച്ചിട്ടുണ്ട്.

ഞാൻ 1999ൽ ആണ് ആദ്യമായി മുംബൈയിൽ വന്നത്. ആ സമയത്തു എനിക്ക് ഹിന്ദി ഒട്ടും അറിയില്ലായിരുന്നു. പക്ഷെ എന്റെ കൂട്ടുകാർ എല്ലാം ഒത്തിരി നല്ലവർ ആയിരുന്നു. അതുകൊണ്ടു വലിയ ബുദ്ധിമുട്ടുകൾ ഒന്നും ഇല്ലാതെ ജോലി ചെയ്തു. മൂന്നുമാസം കൊണ്ട് ഞാൻ ഹിന്ദി പഠിച്ചു. എന്റെ ജോലി പരമാവധി ആത്മാർത്ഥതയോടെ ചെയ്യാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

ഒരുപാടു ചെറിയ ചെറിയ രസകരമായ സംഭവങ്ങൾ എന്റെ ജോലിസ്ഥലത്തും ഉണ്ടാകാറുണ്ട്. ഒരു അനുഭവം പറയാം... ഒരിക്കൽ കൊൽഹാപ്പൂർ എന്ന സ്ഥലത്തു നിന്ന് ഒരു രോഗിയെ, വീണിട്ടു മുട്ടിന്റെ ചിരട്ട മാറിപ്പോയിട്ടു നടക്കാൻ പോലും കഴിയാത്ത അവസ്ഥയിൽ ആംബുലൻസിൽ കൊണ്ട് വന്നു. ഡോക്ടർ പറഞ്ഞു 'പെട്ടെന്ന് എമർജൻസി ഓപ്പറേഷൻ(ശസ്ത്രക്രിയ) ചെയ്യണം. ഓപ്പറേഷൻ തിയേറ്റർ (ഓ.ട്ടി) തയാറാക്കൂ' ഞാൻ ഓ.ട്ടി പെട്ടെന്ന് തയ്യാറാക്കി. ഓർത്തോപീഡിക് സർജൻ (അസ്ഥി ചികിത്സാ വിദഗ്ധൻ) വന്നു. രോഗിയെ ഓപ്പറേഷൻ സമയത്തു മയക്കി കിടത്താനായി അനസ്തേഷ്യാ വിദഗ്ധൻ വന്നു. രോഗിയെ ആംബുലൻസിൽ നിന്നും ഇറക്കിമാറ്റിക്കിടത്തുന്നതിനിടയിൽ ട്രോളി ഭിത്തിയിൽ ഇടിച്ചു. എല്ലാവരും പരിഭ്രമിച്ചിരിക്കുന്നതിനിടയിൽ മനസ്സിലായി അയാളുടെ മുട്ട് പഴയതു പോലെ ആയി എന്ന് ! അങ്ങിനെ ഓപ്പറേഷൻ വേണ്ടി വന്നില്ല! അത് വളരെ രസകരമായ ഒരനുഭവമായിരുന്നു.

പിന്നെ, വിഷമിക്കേണ്ടിവന്ന ഒരനുഭവം പറയാം. ഒരിക്കൽ അഞ്ചാറുപേർ ചേർന്ന് ഒരു രോഗിയെ എടുത്തു കൊണ്ട് വന്നു. അവർ ആ രോഗിയെ കൺസൾട്ടിങ് റൂമിൽ കിടത്തി. അപ്പോൾ ഡ്യൂട്ടിയിൽ ഞാനും ഒരു മൗസിയും മാത്രമേ ഉണ്ടായിരുന്നുള്ളു. (സഹായത്തിനായുള്ള ആയമാരെ മൗസി എന്നാണ് വിളിക്കാറ്). വന്നവരോട് ഞാൻ വെളിയിൽ കാത്തുനിൽക്കാൻ പറഞ്ഞു. അവർ ആ രോഗിയുടെ പഴ്സും പോക്കറ്റിൽ ഉണ്ടായിരുന്നതൊക്കെയും എടുത്തിട്ട് പുറത്തേക്കു പോയി.

ഞാൻ രോഗിയെ പരിശോധിച്ചപ്പോൾ പൾസ് ബിപി ഒന്നും കിട്ടുന്നില്ല. ആൾ നേരത്തെതന്നെ മരിച്ചിരുന്നു. അത് പറയാൻ ഞാൻ വെളിയിൽ വന്നപ്പോൾ ആരും തന്നെ ഉണ്ടായിരുന്നില്ല. ഞാൻ ഡോക്ടറെ അറിയിച്ചു. ഡോക്ടർ വന്നു പോലീസിൽ പരാതി കൊടുത്തു. മുനിസിപ്പാലിറ്റിക്കാർ വന്നു ബോഡി കൊണ്ടുപോയി. കൂടെ വന്നവർ അയാളുടെ ആരും അല്ലായിരുന്നു. ആ സംഭവം എന്നെ ഒരുപാടു വിഷമിപ്പിച്ചു. ഞാൻ ഇപ്പോൾ നൈറ്റ് ഡ്യൂട്ടി ചെയ്യാറില്ല. നേരത്തെ ചെയ്തിരുന്നപ്പോഴും അതൊരു ബുദ്ധിമുട്ടായി തോന്നിയിട്ടില്ല. നൈറ്റ് ഡ്യൂട്ടി കഴിഞ്ഞു വീട്ടിൽ വന്നു വീട്ടിലെ ജോലിയും കഴിച്ചു ഞാൻ കുറച്ചു നേരം ഉറങ്ങുമായിരുന്നു.

മുംബൈ ഒരു മനോഹരമായ നഗരമാണ്. പണക്കാരനും സാധാരണക്കാരനും ഒരുപോലെ സംതൃപ്തിയോടെ ജീവിക്കാൻ സാധിക്കുന്ന നഗരമാണ്. ഏതു അർദ്ധരാത്രിയിലും പേടിക്കാതെ യാത്ര ചെയ്യാൻ ഇവിടെ കഴിയും. അവിടെയും ഇവിടെയും ഉള്ള ചെറിയ ചെറിയ പ്രശ്നങ്ങളൊഴിച്ചു സുഖമായി ഞാൻ കഴിയുന്ന സ്നേഹമുള്ള നഗരമാണ് മുംബൈ. ■

കഥ

ഷഹന എ.

# പെണ്ണാഴി

**വാ**തിൽ വലിച്ചടച്ച് സുഹാന ചീറ്റയെ പോലെ മുറിയിൽ നിന്നും പുറത്തു കടന്നപ്പോൾ സനൂപിന്റെ ചിരിക്കോണിൽ ഒരു പുച്ഛം വെളുത്തു. ലിവിങ്ങ് റൂമിലെ സോഫയിൽ അവൾ വന്നു വീണു. കരളിലിരുന്ന് കറങ്ങുന്ന മുൾചക്രംപോലെ സനൂപിന്റെ വാക്കുകൾ.

"നാണമില്ലല്ലോ ഇവറ്റകൾക്ക് അങ്ങാടി കെടന്നഴിഞ്ഞാടാൻ" കുത്തി തുളയ്ക്കുന്ന തലവേദനയോടെയായിരുന്നു സുഹാന മുറിയിലേക്ക് കയറിയത്. ലാപ്ടോപ്പിന് മുന്നിലിരിക്കുകയയായിരുന്ന സനൂപ് അവളെ കണ്ടതും ഓവുചാല് പൊളിച്ചു. വാദപ്രതിവാദത്തിനുള്ള അവസ്ഥയല്ലായിരുന്നിട്ടും ഒന്നും പറയാതിരിക്കാൻ അവൾക്ക് സാധിച്ചില്ല.

"ആട്ടത്തിൽ ഒന്നും അഴിഞ്ഞു വീണതായിട്ട് ഞാൻ കണ്ടില്ല" സുഹാന ചാലിലേക്ക് കല്ലെടുത്തിട്ടു. അഴിഞ്ഞുവീണില്ലെങ്കിലും അഴിച്ചിട്ടവർ തന്നെയാണെടീ എന്ന വാക്യത്തിന്റെ കൂർപ്പുകളിൽ പഴക്കമുള്ള കഫക്കട്ടകൾ പറ്റി പിടിച്ചിരുന്നു. കറുത്ത കർട്ടനുകളെ  ചൂഴുന്ന സ്കാനർ കണ്ണിലെ കണ്ണാടിയുടലുകൾ.

ഉറക്കം വരാതെ സുഹാന തിരിഞ്ഞും മറിഞ്ഞും കിടന്നു.

നീണ്ടു കിടക്കുന്ന പാവാടയും മുഴുനീളൻ കുപ്പായവുമണിഞ്ഞ പെൺകുട്ടികൾ ഇ.എം.എസ് (എഡ്യുക്കേഷൻ ഓഫ് മുസ്ലീം സൊസൈറ്റി) സ്ക്കൂളിന്റെ വേദിയിൽ നിരന്നു നിന്നു.

"ലേഡിസ് ആന്റ് ജന്റിൽമാൻ, നെക്സ്റ്റ് വി ഹാവ് ആൻ എക്സൈറ്റിംങ് പെർഫോമൻസ് പ്രസന്റഡ് ബൈ സിക്സ്ത്ത് എ ഗേൾസ്'"

കർട്ടനുയർന്നു. മഴയുടലുകൾ പതിയെചാറി. സുഹാനയ്ക്ക് ഒന്നമർത്തി ചാടണമെന്നുണ്ടായിരുന്നു. തുള്ളുന്ന ഇറച്ചിയുടെ കമ്പനദൈർഘ്യം അളന്നുകൂട്ടാൻ സദസ്സിലിരുന്ന താടിശിരോമണികളെ കണ്ടപ്പോൾ സുഹാന ഇഴഞ്ഞു നീങ്ങി. സദസ്സിൽ കയ്യടി ഉച്ചത്തിലായി. അനൗൺസർ മൈക്ക് വിഴുങ്ങി. മാർവലസ്, മൈന്റ് ബ്ലോവിങ്ങ് കാഴ്ചപണ്ടങ്ങളുടെ അന്നനടയ്ക്ക് ശേഷം വേദിയിൽ പുലിക്കുട്ടികൾ ഉറുമ്പിയുറുമ്പി വന്നു. വേട്ടക്കാരെ കണ്ട ഇരകൾ ഇറച്ചി വെളിപ്പെടാതെ കൂനിക്കൂടി.

അനന്തത ഇടിഞ്ഞുവീണ കടലിന്റെ ഏകാന്തത പോലൊരു ചീനക്കുളം. ഉമ്മൂമ്മയുടെ വീട്ടിൽ വിരുന്നിനു പോകുമ്പോഴൊക്കെ സുഹാന കുളക്കടവിലെത്തും. എല്ലാ അഴുക്കുകളും വലിച്ചെറിയപ്പെട്ട വെള്ളത്തെ അതിർത്തിക്കുള്ളിലൊതുക്കി തളച്ചിടുന്ന ചീനക്കുളം.

നരച്ച വെയിലിന് താഴെ പായൽ പച്ച പന്തലിട്ട് ചീനക്കുളത്തിന് എത്ര നേരം വെണമെങ്കിലും സുഹാന കൂട്ടിരിക്കും. കാലം കഴിയുംതോറും അഴുക്ക് മൂടിയ കുളം ഭൂമിക്കടിയിലെ കടലിനെ തേടിപ്പോയി. മണ്ണിട്ടു മൂടിയ കുളത്തിന് മുകളിലായിരുന്നു സുഹാനയുടെ ജീവിത പന്തലിനു മുള നാട്ടിയത്.

ചീനപ്പെണ്ണായി സുഹാന ഒരേ നിൽപ്പ് നിൽക്കുകയാണ്. മണവാട്ടിക്കൊപ്പം  ഒരൊറ്റ സ്നാപ്പിനായി ഒരു പറ്റം ബന്ധുക്കൾ. ഫോട്ടോഗ്രാഫർ സ്റ്റാർട്ട് പറയുമ്പോൾ അക്ഷമയുടെ തിളക്കുന്ന കുമിളകളെ മറച്ചൊതുക്കാനായി ചിരിയുടെ മസാലക്കൂട്ട് തയ്യാറാക്കുകയാണവൾ. ടൺ കണക്കിന് 916 പരിശുദ്ധി ചുമക്കുന്ന ഒരു ചാവാലി മണവാട്ടി ഡൈനിങ്ങ് ഹോളിലെ ആധുനിക ഭക്ഷണ ഭിക്ഷാടന ക്യൂവിൽ നിന്ന്

രക്ഷപ്പെട്ട് സംവരണ സീറ്റിൽ ഞെളിഞ്ഞിരിക്കുമ്പോഴാണ് എതിർവശത്തു നിൽക്കുന്ന കദീസുതാത്തയെ ശ്രദ്ധിച്ചത്. ചുണ്ടിൽ കരഞ്ഞ് കണ്ണിൽ ചിരിക്കുന്ന കറുത്ത പർദ്ദയിട്ട മൊണാലിസ. സുഹാനയുടെ നെഞ്ചിലൊരു ഇടി മിന്നി. ചൂടിളകി പായുന്ന കദീസുതാത്ത മനസ്സിന് കുറുകെ ഓടുകയാണ്, പിറകെ കടലു പിളർക്കാൻ ശക്തിയുള്ള മുണ്ടൻ വടിയുമായി അഹമ്മദ് ഹാജിയും. കൺതടം വീർത്ത് മേലോട്ടുയർന്ന അവരുടെ മുഖഭാവം പിടികിട്ടാത്ത പദപ്രശ്നം പോലെ ഹാജിയെ വിളറി പിടിപ്പിക്കും. സായാഹ്നത്തിൽ കായ്ച്ച അവിഹിതങ്ങളുടെ ചൂടൻ ഭംഗി കദീസുതാത്തയെ മുറിയിലിട്ടു പൂട്ടി. സുഹാനയുടെ മുറിയിൽ നിന്ന് നോക്കിയാൽ കാണാവുന്ന കദീസുതാത്തയുടെ ജനാലയിൽ ഒരു കടങ്കഥ പൂട്ട് തുറക്കാതെ ഓർമ്മയിൽ തുരുമ്പിച്ചു.

ചില്ലിലടച്ച ചിത്രങ്ങൾക്കുള്ളിൽ സുഹാനയ്ക്ക് ശ്വാസം മുട്ടി. അവളുറക്കെ തുമ്മി. തുമ്മലിന്റെ വെള്ളപ്പൊട്ടുകളിലേക്ക് സൂര്യനിറങ്ങിയപ്പോൾ അവൾ കണ്ണു തുറന്നു. ലിവിങ് റൂമിലൊഴുകിയ ഇമ്പമുള്ള വരികൾ ചെവിയിൽ എണ്ണ പുരട്ടുന്നു.

"കിസ്സ് മി ക്ലോസ്സ് യുവർ അയ്സ്
മിസ്സ് മി ക്ലോസ്സ് യുവർ അയ്സ്
ഐ ക്യാൻ റീഡ് യുവർ ലിപ്പ്സ്"

ആണും പെണ്ണും ചോക്ലെറ്റ് നുണയുകയാണ്. ഇന്നലെ രാത്രി റിമോട്ട് ഞെക്കിപ്പിഴിഞ്ഞ് ഒടുവിൽ ഉറങ്ങിയപ്പോൾ ടി.വി ഓഫ് ചെയ്തിരുന്നില്ല. അവന്റെ ചിരിക്കോണിൽ നിന്നും ഒലിച്ചിറങ്ങുന്ന പ്രണയത്തെ നോക്കിയിരിക്കുന്ന ഒരു പെൺകുട്ടി. അവളുടെ വിശപ്പ് അവനെ ആനന്ദിപ്പിക്കുന്നു. സനൂപിന്റെ ചിരികോണിലൂടെ ഒലിക്കുന്ന വെറുപ്പിന്റെ കേല ഓർമ്മ വന്നപ്പോൾ വിശപ്പ് ചത്തു, അവൾ ടി.വി ഓഫ് ചെയ്തു.

ഇരുട്ടിന്റെ ഭക്ഷണവും പകലിന്റെ പാചകറാണിയുമായ ഒരഞ്ചടി നാലിഞ്ച് മാംസം തൂങ്ങിയാടി അടുക്കളയിലേക്ക് നീങ്ങി. പുഴവെള്ളത്തിൽ പൊട്ടി വീണ മഴവില്ലിന്റെ പൊട്ടിച്ചിരി, പാത്രങ്ങൾ കിണുങ്ങി ചിരിച്ചു. സുഹാന ഒന്നമർത്തി തൊട്ടപ്പോൾ എക്സോഡിഷ് വാഷിന്റെ അനുഭൂതിയിൽ നുരയും പതയുമൊഴുകി ജലം പൊട്ടിക്കുന്ന കുമിളക്കണ്ണുകൾ ടപ്പ്...ടപ്പ്....

ഇന്ന് നടക്കാൻ പോകുന്ന പെയിന്റിങ്ങ് എക്സിബിഷൻ കുളിരുപടർത്തി ഓർമ്മയിലെത്തി. വെഞ്ചർ കൺവെൻഷൻ സെന്ററിൽ റിസപ്ഷനിസ്റ്റായി ജോലിക്ക് ചേർന്നിട്ട് അധികമൊന്നും ആയിട്ടില്ല. പ്രാതലിന് എന്തുണ്ടാക്കണമെന്ന ചിന്തയിൽ പ്രഭാതസൂര്യൻ മൊരിച്ചെടുത്ത ഒരു കീറ് ആകാശപ്പം ദോശച്ചട്ടിയിൽ വെന്തു. അമ്മിക്കല്ലിലരച്ച ഒരു പൊട്ട് നിലാവ് അപ്പത്തിൽ കുതിരവെ നക്ഷത്രങ്ങൾ കണ്ണുചിമ്മി. 'സബാഷ് പ്രാതൽ' സുഹാന സ്വയം ചിരിച്ചു. സനൂപിന്റെ ആക്രോശങ്ങളിൽ കാർമേഘങ്ങൾ ഉരുണ്ടുകൂടി നിലാവിനെ മുക്കിക്കളഞ്ഞു. പ്രാതലിന് പുട്ടും കടലയും മതിയെന്ന് സുഹാന നിശ്ചയിച്ചു. സിറ്റൗട്ടിലിരുന്ന സനൂപ് പത്രവുമായി മൽപ്പിടുത്തതിലാണ്.

"ഇന്ദിരാജീടെ അടിയന്തരാവസ്ഥ ആയിരുന്നു ഇതിലും ഭേദം. ഇതിപ്പൊ ഒരൂട്ടർക്കു മാത്രം "തൊട്ടേനും പിടിച്ചേനും വെടിയുണ്ട" ശക്തിയിൽ ടീപ്പോയിലെറിഞ്ഞ പത്രം വഴുതി മാറി തറയിൽ മലർന്നു കിടന്നു. അടിയന്തിരാവസ്ഥകളുടെ ജനാധിപത്യബോധത്തിൽ ആശങ്കാകുലനായ സനൂപിന് അവൾ ചായ നീട്ടി.

വാഴനാരിന്റെ പോറലുകൊണ്ടുപോലും

**ഭൂതകാലക്കുളിരിൽ വെയിൽ കൊത്തുമ്പോൾ കൂറകൾ പരക്കം പായും. ഉജാലകളിലും ഹാർപ്പിക്കിലും അലിഞ്ഞു തീരാത്ത പാടകളെ പിച്ചാത്തി കൊ് വരി... വരി... ചൂരി... ചുി... ചു... ചുപ്... ചുപ് വയസ്സൻ തീവി ഉടലിൽ കിതച്ച് പായുന്നു. കണ്ണുനിറയെ ചവർപ്പ് തുള്ളിയിട്ടു കലങ്ങിക്കുറുകിയ വേദനയെ പുതച്ച് സുഹാന കണ്ണടച്ച് കടലിനെ തളച്ചു. നക്ഷത്രങ്ങൾ കോർത്ത് തുന്നുന്ന വെള്ളിനിലാപുതപ്പ് തയ്ക്കാൻ ര് കണ്ണുകൾ വിളിക്കുന്നു. ആത്മവ്യഥയിൽ ഊറിക്കൂടിയ ഉപ്പിനെ നക്കിയെടുക്കുന്ന ഒരു നാവ്. മൂത്തു പഴുത്ത ആനന്ദത്തോടയാണവൾ ഉണർന്നത്. പച്ചില തുമ്പിലെ മഞ്ഞുതുള്ളിയിൽ ഒരു തുറന്ന ആത്മാവ് ചിരിക്കുന്നു**

ചോരപൊട്ടി ചലമുറഞ്ഞ് പഴുക്കുന്ന മതവ്രണങ്ങൾ. മുറിയിലേക്ക് തിരികെ നടക്കുമ്പോൾ സുഹാന ചിന്തിച്ചത് പുരുഷൻ ഏത് അവയവയത്തിലായിരിക്കും മതത്തെ പേറുന്നത് എന്നായിരുന്നു.

വെഞ്ചർ കൺവെൻഷനിൽ സുഹാന എത്തിയപ്പോൾ ആളുകൾ വന്നു തുടങ്ങുന്നേയുള്ളൂ. ഫ്രെയിം ചെയ്തു തൂക്കിയ ചിരിയുമായി രവിശങ്കർ തന്റെ ചിത്രങ്ങളെ മുട്ടിയുരുമ്മി നടന്നു.

'ഇസക്കുരുക്കൾ' അടവെച്ച് വിരിയിച്ച ചിത്രങ്ങൾ. തടങ്ങളെ തകർക്കന്ന സൗന്ദര്യം തേടിയ സുഹാന നിരാശയായി മടങ്ങി. ഇശലു വറ്റിയ ഇസങ്ങളെ ഉണക്കി പൊടിച്ച വളത്തിൽ തഴച്ചു വളർന്ന എക്സ്പ്രഷനിസ്റ്റ് മോഡേൺ ഹൈബ്രിഡ് ചേന തൊണ്ടയിൽ ചൊറിഞ്ഞു.

രണ്ടു തുള്ളി വിയർപ്പിനെ ഒപ്പുന്ന ഒരു നനുത്ത പാളവിശറി കാറ്റ്. അയാൾ വീണ്ടും വന്നിരിക്കുന്നു. മുമ്പും അയാളെ കണ്ടിട്ടുണ്ട്. തിരക്കുള്ള ഇടങ്ങളിൽ ഒറ്റപ്പെട്ട തുരുത്തുപോലെ. ചോര ചാറിയ സനൂപിന്റെ നഖങ്ങളെ മറക്കാനായി ചെളിപുരണ്ട ഈ നഖങ്ങളെ സുഹാന ഓർക്കാറുണ്ടായിരുന്നു. കുസൃതി കുട്ടികൾ കളിച്ച് തിമിർത്ത ഒരു കുഴഞ്ഞ മുറി പോലെ അയാൾ. നെറ്റിയിലേക്ക് തൂങ്ങിക്കിടക്കുന്ന അലസമായ മുടിയിഴകൾ. അതിനിടയിൽ വറ്റുന്ന രണ്ടു തടാകങ്ങളും പിടയ്ക്കുന്ന പരൽ മീനുകളും. മനസ്സിന്റെ നില തെറ്റുന്ന ഊഞ്ഞാലാട്ടത്തിൽ ആകാശത്തിനും ഭൂമിക്കുമിടയിൽ ഗുരുത്വാകർഷണ വിമുക്തമായ ഒരു പച്ചില. സുഹാനയാകുന്ന പച്ചില അല്ല പച്ചിലയാകുന്ന സുഹാന. അയാൾ ചിത്ര പ്രദർശന ഹാൾ വിട്ട് പോയികഴിഞ്ഞിരുന്നു. വാരിയെല്ലിൽ നൂഴ്ന്നിറങ്ങിയ ഒരു കമ്പിപ്പാര കൊളുത്തുകൊണ്ട് ഒറ്റ വലി. കൈകൾ അടിവയറിൽ പിണച്ചു വെച്ച് സുഹാന കസേരയിലേക്ക് മറിഞ്ഞു.

തോന്ന്യാസ ദിനങ്ങൾ കലണ്ടറിൽ നിന്ന് വഴിതെറ്റി മുന്നോട്ട് നീങ്ങിയിരിക്കുന്നു. പബ്ലിക് ഹോളിഡേ അല്ലാതിരുന്നിട്ടും പതിനെട്ടിന് ചുവപ്പടയാളമിട്ട് സുഹാന കണ്ണുകളടച്ചു. ഡോങ്കിഡേ വന്നെത്തിയിരിക്കുന്നു. മദ്രസ്സയിൽ ഏഴിൽ പഠിക്കുമ്പോഴായിരുന്നു ഡോങ്കിഡേ ജനിച്ചത്. ചിന്നഹാജി ഉസ്താദ് താരീഹ് ക്ലാസ്സിൽ ചൂടുള്ള ചരിത്രം വിളമ്പി. ചരിത്രത്തിനു പുറത്ത് ഒരു തണുത്ത ചേര തുടകൾക്കിയിലൂടെ ഇഴഞ്ഞിറങ്ങുന്നത് സുഹാനയറിഞ്ഞു. ഉസ്താദിനെ വിഴുങ്ങാൻ വളഞ്ഞു പുളഞ്ഞു പോയ ചേരയെനോക്കി സുഹാന റബ്ബിനെ വിളിച്ചു. വിയർത്തൊട്ടിയ കൈകൾ മുന്നിലിരുന്ന പുസ്തകത്തിലെ പേജുകൾ വലിച്ചു കീറി ചേരയെ ചുരുട്ടിയെടുത്തു. ദീന് പഠിക്കണ കിതാബിൽ ഹറാംപിറപ്പ് കാട്ടിയാൽ പടച്ചോൻ കഴുതയാക്കി മാറ്റുമെന്ന ഉമ്മൂമ്മയുടെ പ്രഖ്യാപനം ചെവികളിൽ ഓരിയിട്ടു. മഗ്‌രിബ് നിസ്കരിക്കാൻ ആൺകുട്ടികളും ഉസ്താദുമാരും പള്ളിയിലേക്ക് പോയിക്കഴിഞ്ഞാൽ പിന്നെ ക്ലാസ്സിലെ ഭരണം പെൺകുട്ടികളുടേതായിരുന്നു. മൈമു കൊണ്ടു വരുന്ന കണ്ണു പുളിക്കണ പച്ചമാങ്ങ എരിവലിച്ച് തിന്നാനായി സുഹാന കിതാബുകളിൽ ഉപ്പും മുളകും സൂക്ഷിക്കുമായിരുന്നു. ഉമ്മൂമ്മയാണ് അത് കണ്ടെത്തിയത്. ആകാശത്തിനപ്പുറത്ത് കഴുതമന്ത്രം ചൊല്ലുന്ന അള്ളാഹു കാണാതിരിക്കാൻ സുഹാന ഹിജാബിലൊളിച്ചു.

അച്ചടക്കവകുപ്പധികാരിയുടെ ഏമ്പക്കം പുറത്തേക്ക് മുരളുന്നത് കേട്ടാണ് സുഹാന വീട്ടിലേക്ക് കയറിയത്. അനുദിനം അടിയിൽ ചെളി ഊറിക്കൂടുന്ന വീട്. തല മറിച്ചിട്ട് മൺവെട്ടി കൊണ്ട് കിളച്ച് കോരണം. ഭൂതകാലക്കുളിരിൽ വെയിൽ കൊത്തുമ്പോൾ കൂറകൾ പരക്കം പായും. ഉജാലകളിലും ഹാർപ്പിക്കിലും അലിഞ്ഞു തീരാത്ത പാടകളെ പിച്ചാത്തി കൊണ്ട് വരണ്ടി...വരണ്ടി...ചൂരണ്ടി...ചുണ്ടി...ച്ചു...ച്ചുപ്പ്...ച്ചുപ്പ്വയസ്സൻ തീവണ്ടി ഉടലിൽ കിതച്ച് പായുന്നു. കണ്ണുനിറയെ ചവർപ്പ് തുള്ളിയിട്ടു കലങ്ങിക്കുറുകിയ വേദനയെ പുതച്ച് സുഹാന കണ്ണടച്ച് കടലിനെ തളച്ചു. നക്ഷത്രങ്ങൾ കോർത്ത് തുന്നുന്ന വെള്ളിനിലാപുതപ്പ് തയ്ക്കാൻ രണ്ട് കണ്ണുകൾ വിളിക്കുന്നു. ആത്മവ്യഥയിൽ ഊറിക്കൂടിയ ഉപ്പിനെ നക്കിയെടുക്കുന്ന ഒരു നാവ്. മൂത്തു പഴുത്ത ആനന്ദത്തോടയാണവൾ ഉണർന്നത്. പച്ചില തുമ്പിലെ മഞ്ഞുതുള്ളിയിൽ ഒരു തുറന്ന ആത്മാവ് ചിരിക്കുന്നു. ബീച്ചിന് ഇടതുവശം ചേർന്ന റോഡിലൂടെ ചെങ്കൽപാർക്കിലേക്ക് സുഹാന തിരിക്കിട്ടു നടന്നു.

തന്റെ പേനുകൾക്ക് വഴികാട്ടാൻ പോകുന്ന രൂപം അവളുടെ മനസ്സിനെ മദിച്ചു. കാടുപിടിച്ച സിമെന്റ് ബെഞ്ചുകൾക്ക് പിറകിൽ നിറമഴ നനച്ചു തുവർത്തിയ ഒരു സൗന്ദര്യ മനുഷ്യൻ. നിവർത്തിയിട്ട ആകാശവിരിപ്പിൽ പൂക്കടൽ കടയുന്നു. പറക്കുന്ന സുഗന്ധച്ചുരുളുകൾക്കിടയിൽ അവർ രണ്ടു പേരും പരസ്പരം കണ്ടു. രൂപങ്ങളഴിഞ്ഞ് അരിപ്പകളായ ഉടലുകൾ.

ബാഗിൽനിന്ന് വയലറ്റ് ഉടുപ്പിട്ട ചോക്ലെറ്റ് എടുത്ത് സുഹാന അയാൾക്ക് നീട്ടി.

കണ്ണിന്റെ പറച്ചിലുകൾക്കിടയിൽ ആത്മദളങ്ങളിൽ തേൻനിലാവ് പരന്നു. അയാളുടെ ചിരിക്കോണിൽ നിന്നും ഒലിച്ചിറങ്ങുന്ന സൗന്ദര്യം കാത്ത് അവൾ നിന്നു. ഈത്തപ്പഴത്തിന്റെയും പച്ച പുളിങ്ങയുടേയും ഇറച്ചിയിൽ നിന്നും മോചിതയായ സുഹാന ചോദിച്ചു.

"ക്യാൻ യു റേപ്പ് മി''

ഓർമ്മയിൽ നിന്നും കടം കൊള്ളാത്ത പുതിയ പോസ്റ്റ്.

മോഡേൺ കഥയുടെ പണിപ്പുരയിലേക്ക് കടക്കവെ കണ്ണുരുട്ടിയ ചരിത്രത്തെ സുഹാന മൂത്രിച്ചുകളഞ്ഞു. ■






സന്ധ്യ ഇ.

# ആർക്കുവേണം കവിതയെ?

ഒരു വാക്കിനുവേണ്ടി
എത്ര ആകാശങ്ങളിൽ പറന്നുവെന്നതല്ല
എത്ര പുഴ കുടിച്ചു എന്നല്ല
എത്ര കടലു നീന്തിയെന്നോ
എത്ര കനലുവിഴുങ്ങിയെന്നോ അല്ല
എത്ര നീറ്റൽ, എത്ര വേവൽ
എത്ര കയ്പ്, എത്ര ചവർപ്പ്
വിഭ്രാന്തി, ഭ്രാന്ത്
നിലതെറ്റൽ, അടി പതറൽ
രക്തം വാർക്കൽ, മരിച്ചു വീഴൽ.
ഇതൊന്നുമല്ല അറിയേണ്ടത്
“ഞായറാഴ്ച എന്താ സ്പെഷൽ?”
എന്നതിനുത്തരമാണ്.

ഉപ്പും മുളകും



പി. ഗീത

# വഞ്ചി സ്ക്വയർ സമരം – ലോക ചരിത്രത്തിലെ ഒരേട്

കേരളത്തിലെ കന്യാസ്ത്രീകൾ എറണാകുളത്തെ വഞ്ചി സ്ക്വയറിൽ പ്രത്യക്ഷ സമരം ചെയ്തത് എന്തിനായിരുന്നു?

ഈയൊരു ചോദ്യത്തിന്റെ ഉത്തരത്തിലേക്കു പോകുന്നതിനു മുമ്പ് ഇതുമായി ബന്ധപ്പെട്ട ചില വസ്തുതകൾ ഓർത്തെടുക്കേണ്ടതുണ്ട്.

കന്യാസ്ത്രീകളെപ്പറ്റി മലയാളിയുടെ അനുഭവങ്ങൾ എന്തൊക്കെയാണ്? സ്കൂൾ, കോളെജ്, ആശുപത്രി, പള്ളി, മഠം ഇവിടെയൊക്കെയാണ് നാം കന്യാസ്ത്രീകളെ കണ്ടിട്ടുള്ളത്. അധ്യാപനം ആതുരശുശ്രൂഷ എന്നീ തൊഴിലുകളിലാണ് പൊതുവേ ഇവർ ഏർപ്പെട്ടിരിക്കുന്നതായി കാണുന്നത്. കൂടാതെ പൂന്തോട്ടങ്ങൾ, അലങ്കാരങ്ങൾ എന്നിവയിലും ഇവരുടെ സാന്നിദ്ധ്യം കാണാം. നിങ്ങളവർക്ക് മരുപ്പറമ്പു കൊടുത്താൽ അവരതു മലർവാടിയാക്കി തിരിച്ചു തരുമെന്ന് സാറാ ജോസഫ് സമരപ്പന്തലിലെ പ്രസംഗത്തിനിടയിൽ പറഞ്ഞത് ഏറ്റവും അർഥവത്താണ്.

മദർ തെരേസ ഒരു പുരുഷനാകാതിരുന്നത് യാദൃശ്ചികമല്ല. സേവനം, ത്യാഗം എന്നിവയിൽ പെണ്ണിന്റെ വഴി വേറിട്ടതാണ്. ദൈവവുമായി അവൾക്കുള്ള ബന്ധമാകട്ടെ അത്യഗാധവും. സ്ത്രീകളെ കാലാകാലമായി പൗരോഹിത്യത്തിൽ നിന്ന് മാറ്റി നിർത്താൻ എല്ലാ മതങ്ങളും ബദ്ധശ്രദ്ധമായിരുന്നു. ദൈവത്തിന്റെ മുമ്പിൽപ്പോലും താഴ്ന്ന പദവികളിലാണ് പെണ്ണ് വിന്യസിക്കപ്പെട്ടതെന്നു കാണാം. ഏറ്റവും കരുണാമയനായ വിപ്ലവകാരിയായ ബുദ്ധൻ പോലും വിഹാരങ്ങളിൽ പെണ്ണിനെ പ്രവേശിപ്പിക്കുന്നതിന് എതിരായിരുന്നു.

ഹിന്ദുമത ക്ഷേത്രങ്ങളിൽ ദൈവവുമായി നേരിട്ടു ബന്ധമുള്ള പൂജാദികർമ്മങ്ങൾ അനുഷ്ഠിക്കുന്നത് പൊതുവേ പുരുഷൻ മാത്രമാണ്. അതും ബ്രാഹ്മണ പുരുഷൻ. മാലകെട്ടി കൊടുക്കുക, ക്ഷേത്രപരിസരം വൃത്തിയാക്കുക എന്നീ പുറംപണികൾ മാത്രമാണ് അന്തരാള വിഭാഗത്തിൽ പെട്ട സ്ത്രീകൾ നിർവഹിച്ചിരുന്നത്/ഇപ്പോഴും നിർവഹിക്കുന്നതും. സ്ത്രീകൾ പൂജാരിയാകുന്ന അപവാദ സന്ദർഭങ്ങൾ ബ്രാഹ്മണ പുരുഷൻമാത്രം പൂജാരിയാകുന്ന സാമാന്യ സന്ദർഭങ്ങളെ സാധൂകരിക്കുന്നവ മാത്രമാണ്.

മുസ്ലിം പള്ളികളുമായി ബന്ധപ്പെട്ട സ്ത്രീ സാന്നിദ്ധ്യം ഇതിലേറെ സങ്കീർണമാണ്. പൗരോഹിത്യ പദവികളിൽ വാങ്കുവിളിക്കുകയോ നിസ്കാരങ്ങൾ നടത്തിക്കൊടുക്കുകയും ഖുർആൻ ഓതിക്കൊടുക്കുകയും ചെയ്യുന്ന എത്ര സ്ത്രീകളുണ്ട്? പല പള്ളികളിലും ആരാധനക്കു പോലും സ്ത്രീകൾ അനുവദിക്കപ്പെടാത്ത സാഹചര്യമാണുള്ളത്.

മറ്റു മതങ്ങളിൽ നിന്ന് ക്രിസ്തുമതം വ്യത്യസ്തമായിരിക്കുന്നത് ക്രിസ്തീയ സ്ത്രീപുരുഷന്മാരുടെ സന്യാസജീവിതവുമായി ബന്ധപ്പെട്ടു കൊണ്ടാണ്. കന്യാസ്ത്രീകളും പള്ളീലച്ചന്മാരും നയിക്കുന്ന സന്യാസജീവിതം എതു വിധത്തിലാണ് വ്യത്യസ്തമായിരിക്കുന്നത് എന്നത് വളരെ പ്രധാനമാണ്.

സന്യാസജീവിതം നയിക്കുന്ന സ്ത്രീപുരുഷന്മാരുടെ സാമൂഹികവും ആത്മീയവുമായ പദവികൾ ക്രിസ്തീയ പൗരോഹിത്യത്തിൽ വിവേചനപരമാണ്. കന്യാസ്ത്രീകൾക്ക് അനുസരണവും ത്യാഗവും ദാരിദ്ര്യവും പരിശീലിപ്പിച്ച് അവരെ ക്രിസ്തുവിന്റെ മണവാട്ടിമാരായി ആരാധിക്കുന്നതിനു പകരം പുരുഷ പുരോഹിതന്മാരുടെ ദാസികളാക്കി മാറ്റുകയാണ് ചെയ്യുന്നത്. പള്ളിയുമായി ബന്ധപ്പെട്ട മുഖ്യ ചടങ്ങുകൾക്കു കാർമ്മികത്വം വഹിക്കുന്നത്/വഹിക്കേണ്ടത് പുരുഷന്മാർ മാത്രമാണ്. സ്ത്രീകൾക്ക് അത്തരം പദവികളും അവകാശങ്ങളും നിഷേധിക്കപ്പെടുന്നത് അവർ സ്ത്രീകളായതു കൊണ്ടു മാത്രമാണ്.



നൂറ്റാണ്ടുകൾക്കു മുമ്പ് കന്യാസ്ത്രീകൾ നടത്തിയ സമരം തങ്ങൾക്കും പൗരോഹിത്യ അവകാശം വേണമെന്ന ആവശ്യപ്പെട്ടുകൊണ്ടായിരുന്നു. എന്നാൽ ഇന്നും കന്യാസ്ത്രീകൾക്കു അവരുടെ മണവാളനായ കർത്താവുമായി ബന്ധപ്പെടണ മെങ്കിൽ പുരുഷസഹായം കൂടിയേ തീരൂ എന്ന ഗതികേടിലാണുള്ളത്.

ദൈവത്തിലേക്കുള്ള വഴികൾ ആണിനും പെണ്ണിനും വ്യത്യസ്തമാകുന്നതെങ്ങനെയെന്നത് ഇന്നും മതങ്ങൾ ഉത്തരം തരാത്ത ഒരു പ്രശ്നമാണ്.

ജനാധിപത്യ സംവാദ ഇടങ്ങളിൽ പെണ്ണിന്റെ ആത്മീയതയെക്കുറിച്ചുള്ള ചർച്ചകളും ചിന്തകളും വികസിക്കുമ്പോൾത്തന്നെ അതിനു വിപരീതമായി മതത്തിന്റെ ഏകപക്ഷീയമായ അടിച്ചേല്പിക്ക ലുകൾ സ്ത്രീകൾക്കു മേൽ നടക്കുന്നു. എല്ലാ മതത്തിലും ഇതു തന്നെയാണ് അവസ്ഥ. ദൈവാ ധികാരത്തിന്റെ മറവിൽ ചൂഷണങ്ങളും ലൈംഗിക പീഡനങ്ങളും കൂടിയാവുമ്പോൾ ആ വ്യവസ്ഥക്കു ള്ളിൽ പെണ്ണിന്റെ നില അതീവ ദയനീയമാകുന്നു.

വഞ്ചി സ്ക്വയർ കന്യാസ്ത്രീ സമരത്തി ന്റെയും പശ്ചാത്തലം ഈ വിധത്തിൽത്തന്നെ മനസിലാക്കപ്പെടേണ്ടതുണ്ട്. കന്യാസ്ത്രീകളോ ടുള്ള മതത്തിന്റെ അതായത് മതാധിപന്മാരുടെ സമീപനം എന്താണ്? അവരെ അദൃശ്യരും നിശബ്ദരുമായിരിക്കാൻ നിർബന്ധിക്കുന്നതാരാണ്?

സ്വന്തം 'കന്യാസ്ത്രീ' പദവിയുടെ അന്തസും സൽപേരും നിലനിർത്തുകയെന്നത് കന്യാസ്ത്രീകളുടെ മാത്രം ബാധ്യതയാണ്. അതിനാൽ സഹോദരിയുടെ കുഞ്ഞിന്റെ ചടങ്ങിനു വന്ന ബിഷപ്പ് ലൈംഗിക അതിക്രമം നടത്തിയാൽ അതു രഹസ്യമായി സൂക്ഷിക്കേണ്ടതുണ്ടെന്ന് ഏതു കന്യാസ്ത്രീയും കരുതിപ്പോകും. പക്ഷേ ഒരു കന്യാസ്ത്രീക്ക് അതിൽ അനിഷ്ടവും പരാതിയും ഉണ്ടായിപ്പോയി. താൻ പതിമൂന്നു തവണ ബിഷപ്പി നാൽ ബലാത്സംഗം ചെയ്യപ്പെട്ടെന്ന് അവർ സഭ യോടു പരാതിപ്പെട്ടു. ആഭ്യന്തരമായ പരിഹാര ത്തിനു തന്നെയായിരുന്നു ആദ്യ ശ്രമം. രണ്ടു വർഷത്തോളം കാത്തിരുന്നിട്ടും പരിഹാരമില്ലാതി രുന്നപ്പോൾ മാത്രമാണ് അവർ പോലീസിൽ പരാതി യുമായെത്തിയത്. എന്നാൽ ഫ്രാങ്കോ എന്ന കന്യാസ്ത്രീപീഡകൻ അറസ്റ്റു ചെയ്യാൻ വൈകി യപ്പോഴാണ് ആക്രമിക്കപ്പെട്ട കന്യാസ്ത്രീയുടെ സുഹൃത്തുക്കളായ നാലഞ്ചു കന്യാസ്ത്രീകൾ എറണാകുളം വഞ്ചി സ്ക്വയറിൽ കുത്തിയിരുപ്പു സമരം തുടങ്ങിയത്. കാൽ നൂറ്റാണ്ടു മുമ്പു കൊല്ലപ്പെട്ട സിസ്റ്റർ അഭയയുടെ സുഹൃത്ത് സ്റ്റീഫൻ മാത്യു അനിശ്ചിതകാല നിരാഹാരം ആരംഭിച്ചു.

വഞ്ചി സ്ക്വയർ സമരം കേരളത്തിന്റെ പൊതു സമൂഹം ഏറ്റെടുക്കുകയായിരുന്നു. സമര പ്പന്തലിലേക്ക് സ്വമേധയാ ആളുകൾ ഒഴുകിയെത്തി. സമരത്തിൽ സ്വയം പങ്കാളികളായി. സ്ത്രീകൾ സ്വന്തം കടമ തിരിച്ചറിഞ്ഞു കൊണ്ട് അക്ഷരാർ ത്ഥത്തിൽ സമര സജ്ജരായി. ആരും ആരോടും ഒന്നും ആവശ്യപ്പെട്ടില്ല. എന്നാൽ എണ്ണയിട്ട യന്ത്രം പോലെ സ്ത്രീകൾ സമരത്തെ ഏറ്റെടുത്തു മുമ്പോട്ടു നയിച്ചു.

മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ഈ സമരത്തെ അഭിസംബോധന ചെയ്തില്ല. എന്നാൽ എല്ലാ സംഘടനയിലും പെട്ട വ്യക്തികൾ അവിടെ യെത്തിച്ചേർന്നു.

അങ്ങനെ ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന മൗലികാവകാശങ്ങൾക്കു വേണ്ടിയുള്ള സമരമായി വഞ്ചി സ്ക്വയർ സമരം അടയാളപ്പെട്ടു. ബൈബിളിനു പകരം ഇന്ത്യൻ ഭരണഘടനയേന്തിയ കന്യാസ്ത്രീ ചിത്രം സമരത്തിന്റെ പ്രതിനിധാന ചിത്രമായി മാറി.

ക്രിസ്തുവിന്റെ മണവാട്ടിയെന്നാൽ ബിഷപ്പുമാരുടെ വെപ്പാട്ടിയെന്നല്ല അർഥം. വള്ള ത്തോളിന്റെ കൊച്ചു സീതയെന്ന ഖണ്ഡകാവ്യ ത്തിൽ ദേവദാസിയായ ഞാൻ മനുഷ്യദാസിയായി മാറണോ എന്ന ചോദ്യം ചോദിച്ചു കൊണ്ട് മാറുകയില്ല എന്ന ശപഥബലത്താൽ പ്രാണാഹുതി ചെയ്തവളാണ് നവോത്ഥാന നായികയെങ്കിൽ ഈ അന്യായത്തെ ചെറുക്കാൻ പ്രത്യക്ഷ കലാപമാണ് പോംവഴിയെന്ന് പുതിയ സ്ത്രീകൾ പ്രഖ്യാ പിക്കുന്നു.

പെൺപക്ഷം



അജിത കെ.

# പ്രളയാനന്തരം കേരളം

നൂറു വർഷങ്ങൾക്കുശേഷം ഉണ്ടായ ഒരു പ്രളയത്തിനുശേഷം ആദ്യമായി കേരളക്കരയെ താറുമാറാക്കിയ പ്രളയത്തിന്റെ അതി ദുരന്തഘട്ടം തരണം ചെയ്ത ഒരു ജനതയാണ് കേരളം. തരണം ചെയ്തുവെന്ന് പറയാറായിട്ടില്ല. കേരള സമ്പദ്ഘടന ഇനിയും ഒന്ന് നിവർന്നു നില്ക്കാൻ ഒന്നുരണ്ടു വർഷങ്ങൾ പിടിക്കുമെന്ന് എല്ലാവർക്കുമറിയാം. എന്താണീ പ്രളയത്തിന് കാരണമായത്? തീർച്ചയായും തുടർച്ചയായി നില്ക്കാതെ പെയ്ത മഴ പ്രധാന കാരണമാണ്. അതോടൊപ്പം പ്രകൃതിയെ ഒട്ടും തന്നെ പരിഗണിക്കാതെ "വികസനത്തിനു വേണ്ടി വികസനം" എന്ന ലക്ഷ്യം വെച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളും മുപ്പതിലധികമുള്ള ചെറുതും വലുതുമായ ഡാമുകൾ എല്ലാം ഒപ്പം തുറന്നതും അതിഭീകരമായ വെള്ളപ്പൊക്കത്തിന് കാരണമായെന്ന് സംശയമില്ലാത്തവിധം നമുക്ക് പറയാനാവും. ഈ ചർച്ച ഇന്ന് കേരളത്തിൽ സജീവമാണ്. കേരളം പുനർനിർമ്മിക്കപ്പെടുമ്പോൾ പ്രകൃതിയ്ക്ക്, പരിസ്ഥിതിയ്ക്ക് അർഹമായ സ്ഥാനം കൊടുക്കുക തന്നെ വേണമെന്ന വാദം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇതിനിടയ്ക്കാണ് എറണാകുളം വഞ്ചി സ്ക്വയറിൽ കേരള ചരിത്രത്തിൽ പെൺ സമരത്തിന്റെ പുതിയ അദ്ധ്യായം കുറിച്ചുകൊണ്ട് അഞ്ച് കന്യാസ്ത്രീകൾ തങ്ങളുടെ സഹോദരിക്ക് നീതി ലഭിക്കാൻ വേണ്ടി സത്യാഗ്രഹമിരുന്നത്. വർഷങ്ങളോളം ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിൽ നിന്ന് വെറുപ്പുളവാക്കുന്ന പീഡനങ്ങൾ ഏറ്റുവാങ്ങിയിട്ടും, അതേക്കുറിച്ച് ക്രിസ്തീയ സഭാമേലാളന്മാർക്ക് പരാതി നൽകിയിട്ടും ഫ്രാങ്കോയെ സംരക്ഷിക്കുക എന്ന നിലപാടായിരുന്നു ക്രിസ്തീയ സഭാ അധികൃതരുടേത്. തുടർന്ന് അക്രമിക്കപ്പെട്ട കന്യാസ്ത്രീയ്ക്കെതിരെ കള്ളക്കേസുമായി മുന്നോട്ടുവന്ന, ആ സഹോദരിയുടെ വായടപ്പിക്കാൻ പലവിധ കുതന്ത്രങ്ങളും പ്രയോഗിച്ച ബിഷപ്പിന്റെയും അദ്ദേഹത്തിന്റെ പിണിയാളുകളുടേയും കുൽസിത ശ്രമങ്ങളും കൂടിയായപ്പോൾ ഒന്നുകിൽ ആത്മഹത്യ ചെയ്യുക അല്ലെങ്കിൽ പൊതുസമൂഹത്തിനു മുമ്പിൽ സത്യം വെളിപ്പെടുത്തുക എന്ന ഘട്ടം വന്നപ്പോൾ ധീരമായ ഒരു ചുവടുവെപ്പിലൂടെ അവരുടെ ഒപ്പം ഉറച്ചു നിൽക്കുന്ന മറ്റു അഞ്ച് സഹോദരിമാരും സമരപാത തിരഞ്ഞെടുത്തു. പത്തിലധികം ദിവസങ്ങൾ പിന്നിട്ടിട്ടാണെങ്കിലും ആ സമരം ഗംഭീരമായി വിജയിച്ചു. ഫ്രാങ്കോ മുളയ്ക്കലിന്ന് ജയിലിലാണ്. കേസ് നീതിപൂർവ്വം കൈകാര്യം ചെയ്യപ്പെടുമോ, അല്ല, മതമേലാളന്മാരുടേയും രാഷ്ട്രീയ നേതൃത്വത്തിന്റേയും ദുഷിച്ച സ്വാധീനം കേസിനെ തേയ്ച്ചു മായ്ച്ചു കളയുമോ എന്ന് നമ്മൾ കാണാനിരിക്കുന്നതേയുള്ളൂ. സ്ത്രീ നീതിക്കുവേണ്ടി വൻകോട്ടകളോട് മത്സരിക്കാൻ തയ്യാറായ ഈ കന്യാസ്ത്രീ സഹോദരിമാർക്ക് പൂർണ്ണമായ ഐക്യദാർഢ്യം നൽകുന്നതോടൊപ്പം കേരളത്തിലെ സ്ത്രീ പ്രസ്ഥാനം അവരോടൊപ്പം തുടർന്നും ഉറച്ചു നിന്ന് അവർക്കെതിരെ ഉണ്ടാകുന്ന പ്രതികാര നടപടികളെ തടുക്കാൻ ഒരുങ്ങിയിരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഷേർളി പോൾ/ഗീതാ വെങ്കട്ട്



ഷേർളി പോൾ

# അള മുട്ടിയാൽ

അളമുട്ടിയാൽ ചേരയും കടിക്കും എന്ന ചൊല്ലിനെ അന്വർത്ഥമാക്കും വിധം, മാർഗം കഠിനമാകുമ്പോൾ ഉറച്ച മനസ്സുള്ളവർ മുന്നോട്ടു പോകുന്നു. ഇതിനൊരു ഉദാഹരണമാണ് ഫീനിക്സ് പക്ഷിയെപ്പോലെ ഉയിർത്തെഴുന്നേറ്റ ഷേർലി എന്ന ധീരവനിതയുടെ ജീവിതം. മിസ് ഷേർലി പോൾ, എം.എ. സേഥ് ഹൈസ്കൂളിന്റെ പ്രിൻസിപ്പൽ ആണ്. ആർദ്രഹൃദയയായ ഷേർളിയെക്കുറിച്ചു അവർ മൂലം ജീവിതത്തിനൊരു അർത്ഥം കിട്ടിയ എത്രയെത്രയോ, വിദ്യാർത്ഥികളും, മാതാപിതാക്കളും, കുടുംബങ്ങളും, കൂട്ടുകാരും – പുരസ്ക്കാരവും പ്രമാണപത്രവും സമർപ്പിക്കുന്നു. അത്ര കണ്ടു എല്ലാവരുടേയും ജീവിതത്തിൽ ഷേർലി സ്ഥാനം പിടിച്ചിട്ടുണ്ട്. ദൈവം അയച്ച ഒരു മാലാഖയെപ്പോലെ ഇവർ ധന്യമാക്കിയ ജീവിതം ഒട്ടനേകം.

മുംബൈയിലെ ഒരു സാധാരണ മധ്യതര കേരള കുടുംബത്തിൽ, ഗോദ്റെജ് & ബോയ്സ് കമ്പനിയിലെ ഫോർമാനായ ശ്രീ പോളിന്റെ രണ്ടാമത്തെ മകളായി ജനിച്ചു. പോളിന്റെ ഭാര്യ വീട്ടമ്മയായിരുന്നു.

ഷേർളിയുടെ വാക്കുകൾ–

“അമർഷത്തോടെയോ, വേദനയോടെയോ അല്ല ഞാൻ ഇവ ഓർമ്മിക്കുന്നത്. കൂട്ടരേ, ഓരോ ഭാരതീയ വനിതയും ഈ വേദനകളിലൂടെ കടന്നു പോകുന്നു.രണ്ടാമത്തെ പെൺകുട്ടിയായി ജനിച്ച ഞാൻ സ്വാഭാവികമായും മാതാപിതാക്കൾ ഒരു മകനെന്ന പോലെ കുടുംബത്തിന്റെ ചുമതലകൾ പങ്കു വെക്കാൻ ഞാൻ മുതിരണം എന്നാശിക്കുന്നു.

ഭക്ഷണവും വസ്ത്രങ്ങളും സഹോദരങ്ങളുമായി പങ്കുവെച്ചു അവനവന്റെ ചുമതലകൾ കടുകിട കുറയാതെ ഭംഗിയായി നിറവേറ്റി. പഠിക്കാൻ മിടുക്കിയായിരുന്നു. ഒരിക്കൽ പോലും രക്ഷിതാക്കൾ ‘ഓപ്പൺ ഹൗസിനു’ വന്നിരുന്നില്ല. അവർ ജീവിക്കാൻ വരുമാനമുണ്ടാക്കുന്നതിനു പ്രയാസപ്പെടുകയായിരുന്നു.”

ബാല്യത്തിൽ തന്നെ ഷേർളിക്ക് താൻ അവഗണിക്കപ്പെട്ടതായി അനുഭവപ്പെട്ടു. അനിതര സാധാരണമായ കഴിവും ഉള്ളുണർവും ഉള്ള കുട്ടിയായിരുന്നു. പഠിപ്പിൽ മാത്രമല്ല മറ്റു കലാ സാംസ്കാരിക രംഗത്തും ഷേർലി മുന്നിൽ നിന്ന് തന്റെ കഴിവ് തെളിയിച്ചു. പ്രസംഗകലയും വാദ പ്രതിവാദവുമാണ് ഏറ്റവും പ്രിയപ്പെട്ട മേഖലകൾ. ഷേർളിയ്ക്കു തീവ്രമായ അഭിലാഷങ്ങളുണ്ടായിരുന്നു. ഒരു ഡോക്ടർ ആകാനായിരുന്നു മോഹം.

പക്ഷെ അച്ഛൻ പറഞ്ഞ കാരണത്തിൽ ആ സ്വപ്നം  പൊലിഞ്ഞു പോയി. അച്ഛൻ കർശനമായി പറഞ്ഞു.

“എന്റെ മൂന്നു പെൺകുട്ടികളെയും കെട്ടിച്ചു വിടുന്ന ചുമതല എന്റെ മനസ്സിനെ കാർന്നു കൊണ്ടിരിക്കുന്നു. അതിനാൽ വേറെ ആശകളൊന്നും വേണ്ട ”

തന്റെ ആഗ്രഹത്തെ മണ്ണിട്ടുമൂടിയെങ്കിലും ഷേർലി കൂടുതൽ വാശിയോടെ പഠിച്ചു. അച്ഛൻ ജോലിയിൽ നിന്ന് വിരമിച്ചപ്പോൾ കുടുംബഭാരം തന്റെ ലോലമായ തോളുകളിൽ ചുമന്നു. അതിന്റെ സാധ്യതയിൽ തന്റെ പഠിപ്പ് മൂന്നാം കൊല്ലം ബി.എസ്.സിയിൽ നിർത്തേണ്ടിവന്നു. ഭാവിയെക്കുറിച്ചു ചിന്തിക്കാൻ എവിടെ സമയം? തളർന്നില്ല ഷേർലി. വീട്ടിൽ ട്യൂഷൻ എടുക്കുവാൻ തുടങ്ങി. വളരെ ശ്രദ്ധയോടും പരിശ്രമത്തോടും നടന്ന അവരുടെ ക്ലാസുകൾ പ്രസിദ്ധമായിത്തീർന്നു.

ഒടുവിൽ ജീവിതത്തിലെ അറ്റുപോയ കണ്ണികൾ കോർത്തിണക്കി ഉത്സാഹത്തോടെ പഠിച്ചു ബിരുദമെടുത്തു. അവിടെ നിന്നില്ല അവരുടെ പഠിപ്പ് . വീടിന്റെ നാലു ചുമരുകളിൽ ഒതുങ്ങുന്നതായിരുന്നില്ല അവരുടെ ദീർഘ വീക്ഷണം. പുതിയ സ്വപ്നം പൂവണിഞ്ഞു. – സ്കൂളിലെ പ്രധാനാദ്ധ്യാപിക അഥവാ പ്രിൻസിപ്പൽ ആകുവാൻ മോഹിച്ചു.

പെൺകുട്ടികൾ ജോലിക്കു പോകുന്നത് കുടുംബത്തിന് കുറച്ചിലാണെന്ന വിചാരം നിലവിലുള്ള കാലമായിരുന്നു. ‘എന്തൊരു തെറിച്ച പെണ്ണാണിത്, ആണത്തം കൂടുതലാണിവൾക്ക്. ഓടുകാലിയാണിവൾ. ഇവൾ ഒരു ആണാണെന്നു തോന്നുന്നു.” തുടങ്ങിയ ആരോപണങ്ങൾക്കിടയിൽ ഒട്ടും കൂസലില്ലാതെ ഓരോ അപമാന വാക്കുകളും സഹിച്ചു “ദൈവമേ, എന്റെ കുടുംബത്തെ സഹായിക്കുവാൻ കനിവുണ്ടാകണമേ, എന്റെ സഹോദരങ്ങളെ കരകയറ്റാൻ എനിക്ക് ശക്തി തരൂ. ഞാനൊരിക്കലും നിരുത്സാഹപ്പെടരുതേ” എന്ന് ഗാഢമായി പ്രാർത്ഥിച്ചു.

അടിസ്ഥാനസൗകര്യങ്ങളും അവകാശങ്ങളും നിഷേധിക്കപ്പെട്ട അവസ്ഥയിലും ഷേർലി തന്റെ അച്ഛനമ്മമാരെ കുറ്റപ്പെടുത്തുന്നില്ല. എന്തെന്നാൽ ഇത് നമ്മുടെ ഭാരതത്തിന്റെ സംസ്കാരമാണ്– പെൺകുട്ടികൾ അവഗണിക്കപ്പെട്ട് ആൺകുട്ടികൾക്ക് മുൻതൂക്കം ലഭിക്കുന്നത്. ജനസംഖ്യാശാസ്ത്രത്തിന്റെ ഈ അപാകതക്ക് ആരെ കുറ്റപ്പെടുത്താൻ?

വീടിന്റെ നാല് ചുമരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടാതെ അവൾ മനസ്സിരുത്തി പഠിച്ചു ബി.എഡ്, സയൻസിൽ മാസ്റ്റേഴ്സ് ഡിഗ്രിയും, പിന്നെ എം. എഡ് , മാനേജ്മെൻറ്, റെമഡിയൽ ടീച്ചിങ് എന്നിവയിൽ ഡിപ്ലോമ, ഐ ഐ ടി പോവായിൽ നിന്നും ഹ്യൂമൻ റിസോഴ്സസിൽ ഡിപ്ലോമ, പിന്നെ എൻ എൽ പി (ന്യൂറോ ലിംഗ്വിസ്റ്റ് പ്രോഗ്രാമിങ് )യിൽ പരിശീലനം എന്നിവ നേടി. പിന്നെ ഒരു തിരിഞ്ഞു നോട്ടമുണ്ടായില്ല. ഒരു 'കുടുംബനാഥനെ'പ്പോലെ വീട്ടിലെ ചുമതലകൾ ഏറ്റെടുത്തു. അതിന്റെ കൂടെ പഠിപ്പും കൊണ്ടു നടക്കുന്നത് ഭഗീരഥ പ്രയത്നമായിരുന്നു.

പക്ഷെ ദൈവം കാണിച്ചുതന്ന വഴിയിൽ രണ്ടും കല്പിച്ചു മുന്നോട്ടു നീങ്ങി.. എന്ത് ദൗത്യത്തിനാണോ തന്നെ ദൈവം സൃഷ്ടിച്ചത് അതിന്നായി ശ്രമിക്കുമ്പോൾ ദൈവവിളിയെന്നോണം അന്ധേരിയിലെ സെൻറ് ഡൊമിനിക് സേവിയോ സ്കൂളിൽ, ജോലി കിട്ടി. അടിസ്ഥാന സൗ കര്യങ്ങളും അവകാശങ്ങളും നിഷേധിക്കപ്പെട്ട ആൺകുട്ടികൾക്ക് വേണ്ട മാർഗദർശനം നൽകി അവരെ നേർവഴിക്കു നടത്തുന്ന ചുമതല പതിനഞ്ചു കൊല്ലത്തോളം ഭംഗിയായി നിറവേറ്റി. അധ്യാപകരുടെ ജോലിയും പരിമിതിയും പല തരത്തിലുള്ള വിദ്യാലയങ്ങളുടെ നടത്തിപ്പും ഒക്കെ വശമായി.

2008 ൽ തന്റെ സ്വപ്നസാക്ഷാത്ക്കാരത്തിനെന്നോണം എം,എ. സേഥ് ഹൈസ്കൂളിൽ പ്രിൻസിപ്പലായി ജോലി കിട്ടി. 2011ൽ അന്നത്തെ മേയർ ആയിരുന്ന ശ്രദ്ധ ജാദവിൽ നിന്നും 'എക്സെലൻസ് ഇൻ എഡ്യൂക്കേഷൻ' എന്ന പുരസ്കാരം ലഭ്യമായി.

അധ്യാപികയായി ജോലി ചെയ്തതിൽ അവരുടെ വിഷമങ്ങളും പരിമിതികളും ഗ്രഹിക്കാനിടയായി. സഹായധനം ലഭ്യമാകുന്ന വിദ്യാലയങ്ങൾ സർക്കാരിന്റെ സംരക്ഷണ വലയത്തിലാണ്. അതിശയമെന്നോണം, സെന്റ് ഡൊമിനിക് വിദ്യാലയത്തിൽ ജോലി നോക്കിയതിൽ കിട്ടിയ അനുഭവത്തിന്റെ വെളിച്ചത്തിൽ അവർക്കു താണ വിഭാഗം നിരക്ഷരരായ മാതാപിതാക്കളുടെ കുട്ടികൾക്ക് ഒരു പുതിയ ജീവിതം നൽകുന്നതായിരുന്നു ലക്ഷ്യം. ഇതൊരു വെല്ലുവിളി തന്നെയായിരുന്നു. കാരണം തൊണ്ണൂറു ശതമാനം അധ്യാപകരും മാതൃഭാഷയിൽ പഠിച്ചതുകൊണ്ടു അവർക്കു ഇംഗ്ലീഷിൽ സംസാരിക്കുക വിഷമമായിരുന്നു. ഇവരെ നിയമപരമായി കൊണ്ട് നടത്തുക തന്നെ വേണം. അതിനാൽ ഷേർലി മറാത്തി പഠിച്ചു. നയത്തിലും സ്നേഹത്തോടെയും സഹപ്രവർത്തകർക്ക് പ്രചോദനം നൽകിക്കൊണ്ട് അവർ തന്റെ ലക്ഷ്യത്തിൽ മുന്നേറി, 2012 ൽ സ്കൂൾ 93% വിജയം നേടി.

തോൽവിയുടെ ശതമാനം കുറഞ്ഞു. ഇതുവരെ നാലു ചുമരിനകത്തുവെച്ചായിരുന്നു കുട്ടികൾക്ക് എല്ലാ പരിശീലനങ്ങളും, കായികം ഉൾപ്പെടെ. മെല്ലെ അതിന്നു മാറ്റം വന്നു. പുറത്തുള്ള പരിശീലനങ്ങളും, വിദ്യാഭ്യാസപരമായ യാത്രകളും ഉൾക്കൊള്ളിച്ചു.

കുട്ടികളോടുള്ള, (പ്രത്യേകിച്ച് നിർദ്ധനരായ വിദ്യാർത്ഥികളോട്) ഷേർളിയുടെ വാഞ്ഛയും സ്നേഹവും ആ കുരുന്നു ജീവിതങ്ങളിൽ മാറ്റം കൊണ്ടുവരാനും അവരെ ഉദ്ധരിക്കാനും പ്രേരണ നൽകി. ചേരി പ്രദേശത്തും, കുടിലുകളിലും അവർ പരിശീലനക്കളരി സംഘടിപ്പിച്ചു. ആരെയും ഭയപ്പെടേണ്ടതില്ല. ദൈവത്തിനോട് മാത്രം ഉത്തരം പറഞ്ഞാൽ മതിയെന്നാണ് ഷേർളി പറഞ്ഞിരുന്നത്. ഒരു രാഷ്ട്രീയക്കാരനും ചെയ്യാൻ മുതിരാത്ത സത്കർമങ്ങളാണ് ഷേർലി എന്ന നിർദ്ധനയും, പരിശുദ്ധയും, ദൈവവിശ്വാസിയും, യേശുവിൽ ദൃഢ ഭക്തി ഉള്ളവളും ആയ ഷേർലി എന്ന വനിത ചെയ്തത്. ഇരുണ്ട വഴികളിലൂടെ സഞ്ചരിച്ചു ലോകർക്ക് വെളിച്ചവും സമാധാനവും പകർന്നു അവർ.

ഓരോ ദിവസവും വെല്ലുവിളികളെ നേരിടേണ്ടി വന്നു– വിദ്യാർത്ഥികൾക്കിടയിൽ, അധ്യാപകർക്കിടയിൽ, ചിലപ്പോൾ രക്ഷിതാക്കളുടെയും തർക്കങ്ങൾ തീർത്തുവെക്കേണ്ടി വന്നു. വയറു വിശന്നിരിക്കുമ്പോൾ എവിടെയാണ് ഉന്നതഭാവിയും നേട്ടങ്ങളുമെല്ലാം ? അതുകൊണ്ടു ഉച്ചഭക്ഷണം സംഘടിപ്പിച്ചു. കുട്ടികൾ വയറു നിറയെ തിന്നു അല്പം വീട്ടിലേക്കും കൊണ്ടു പോകുന്ന കാഴ്ച രമണീയമായിരുന്നു. വലിയ, ഉയർന്ന കെട്ടിടങ്ങളിൽ വസിക്കുന്നവർക്കു ഇതൊരു പാഠമാണ്, ദയവുചെയ്ത് ഭക്ഷണ സാധനങ്ങൾ കളയാതിരിക്കുക. ഒരു നേരത്തെ ആഹാരത്തിനു വെമ്പുന്ന കുറെ പേരുണ്ടിവിടെ.

ചുരുങ്ങിയ സമയത്തിനുള്ളിൽ ഷേർളി പ്രശസ്തയായ പ്രധാനാധ്യാപികയായിത്തീർന്നു. 2011 ൽ അവരെ ബാന്ദ്രയിൽ നിന്ന് ദഹിസർ വരെയുള്ള സ്കൂളുകളിൽ 'മാസ്റ്റർ ട്രെയിനർ ഫോർ പ്രിൻസിപ്പൽസ്' അതായതു പ്രിൻസിപ്പൽമാർ പരിശീലിപ്പിക്കുന്ന പ്രധാന വ്യക്തിയായി നിയമിച്ചു. ഗവൺമെന്റ് വിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്തുകയെന്നതായിരുന്നു അവരുടെ രണ്ടാമത്തെ വീക്ഷണം. വീട്, സ്കൂൾ, അടുത്തുള്ള സ്കൂളുകൾ, പരിശീലനം എന്നിങ്ങിനെ തിരക്കിനിടയിൽ ഉച്ചഭക്ഷണം, ചായ എന്നിവ മറന്നു

പണിയെടുത്തു. എങ്ങിനെയാണ് ഇത് സാധ്യമായ തെന്നു ചോദിച്ചപ്പോൾ കിട്ടിയ ഉത്തരം :

'എല്ലാ ജോലിയും നിന്റേതാണ്. അത് നിറവേറ്റാൻ നീയാണ് ഉത്തരവാദി. എല്ലാം ദൈവ ത്തിൽ അർപ്പിച്ചു പ്രാർത്ഥിക്കുക അതാണ് എന്റെ വഴി'.

'സ്വർഗ്ഗവാതിലിൽ മുട്ടിവിളിക്കുന്നതിനു മുൻപ് ഒരുപാടു കാര്യങ്ങൾ ചെയ്തു തീർക്കാ നുണ്ട്. വരും തലമുറയുടെ വിദ്യാഭ്യാസത്തിലൂടെ നല്ല രാഷ്ട്രം കെട്ടിപ്പടുക്കണം. കഴിവില്ലാത്തവരാണ് മറ്റുള്ളവരിൽ കുറ്റം ചുമത്തുന്നത്. ആത്മാർത്ഥമായി പണിയെടുക്കുന്നവർ ലോകാവസാനം വരെ പണിയെടുക്കും'

വീണ്ടും ഗവൺമെന്റ് 2012 ൽ ഷേർളിയെ മാസ്റ്റർ ട്രെയ്നർ ആയി നിയമിച്ചു. ഇത്തവണ കൗമാരപ്രായത്തിലുള്ളവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായിരുന്നു. ഈ വർഷമാണ് 'നിർഭയാ' സംഭവം നടന്നതും കുട്ടികളുടെ ലൈംഗിക പീഡനത്തിനെതിരായി നിയമം നടപ്പിൽ വന്നതും (പ്രിവെൻഷൻ ഓഫ് ചൈൽഡ് സെക്ഷ്വൽ അബ്യൂസ് ആക്ട് )

സുമാർ 500 പേർക്ക് പരിശീലനം നൽകി ഒരു ദിവസം ക്യാബിനിൽ ഇരിക്കുകയായിരുന്നു. പെട്ടെന്ന് മൂന്നു പെൺകുട്ടികൾ കടന്നുവന്നു. അവർ പറഞ്ഞു :

'മാഡം ഞങ്ങൾ താങ്കളെ വളരെ സ്നേഹി ക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. താങ്കൾ അധികൃതർക്കെതിരെ പോരാടി ഈ സ്കൂളിനെ ഇന്നത്തെ നിലയിൽ എത്തിച്ചു. പക്ഷെ താങ്കൾ അറിയേണ്ട മറ്റൊരു കാര്യം ഉണ്ട്. വൈസ് പ്രിൻസിപ്പലോ മറ്റു ടീച്ചർമാരോ ഒരിക്കലും ഇത് താങ്കളെ അറിയിക്കുകയില്ല. ഞങ്ങൾ ഒരുപാടു കരഞ്ഞു അപേക്ഷിച്ചിട്ടും അവർ ഞങ്ങളുടെ വായ അടച്ചിട്ടേയുള്ളൂ.'

ഷേർളി ചിന്തിച്ചു 'എന്തായിരിക്കും ഈ കുരുന്നുകളുടെ പ്രശ്നം ?'

'എന്നും പത്രത്തിൽ വരാറുള്ള ലൈംഗിക പീഡനം, ചൂഷണം, ബലാത്സംഗം തുടങ്ങിയ വാർത്തകൾ വായിക്കേണ്ടി വരുന്നു. പക്ഷെ ഒരിക്കലും വിചാരിച്ചില്ല ഇത് എന്റെ സ്കൂളിൽ സംഭവിക്കുമെന്ന്' ഷേർളി തുടർന്നു : 'അവർ പതിയെ മുറിയുടെ വാതിൽ അടച്ചു എങ്ങിനെ യാണ് ഈ സംഭവങ്ങൾ നടന്നതെന്ന് പ്രാവർത്തിക മാക്കി വിവരിച്ചു'

'വക്രബുദ്ധിയായ അധ്യാപകൻ അവരുടെ അടുത്തിരുന്നു സ്വന്തം കൈ ചുമലിലൂടെ ഇട്ടു സ്തനങ്ങൾ, തുട ഇവ സ്പർശിക്കും, അടിവസ്ത്ര ങ്ങൾ പോലും നീക്കിയാണിവ സാധിക്കുന്നത്. എതിർത്താൽ വളരെ സാമർത്ഥ്യമായി പേടിപ്പിക്കും. സ്കൂളിൽ നിന്ന് കൊടുക്കുന്ന ഇന്റേർണൽ മാർക്കുകളാവും വിഷയം. ഒന്നോർത്തുനോക്കൂ, നിറഞ്ഞ ഒരു ക്ലാസ്സിലാണ് ഇത് നടക്കുന്നത്.'

ഒരു പ്രിൻസിപ്പലിന്റെ കർത്തവ്യബോധ ത്തോടുകൂടി അവരോടു ഈ കുറ്റാരോപണങ്ങൾ എഴുതിത്തരാൻ പറഞ്ഞു ഷേർളി.

അവർ പറഞ്ഞത് ഇതായിരുന്നു: 'ഞങ്ങളുടെ കാലം ഇവിടെ കഴിഞ്ഞു മാഡം. ഇനി വരുന്ന തലമുറ ഞങ്ങളെപ്പോലെ സഹിക്കേണ്ടി വരരുത് എന്ന് കരുതി മാത്രം പറഞ്ഞ താണ്. മാഡം ദയവു ചെയ്തു ഇതിനെക്കുറിച്ച് വൈസ് പ്രിൻസിപ്പാലിനോടോ മറ്റു ടീച്ചർമാ രോടോ പറയരുത്. അവർ പ്രതികാരം ചെയ്യും.'

എന്താണ് ചെയ്യേണ്ടത്? ഇതൊരു വലിയ കാര്യമല്ലേ? എങ്ങിനെ എവിടെ തുടങ്ങണം, ഒരെത്തും പിടിയുമില്ല ഷേർളിക്ക്.

'പോക്സോ ആക്ട് ' ട്രെയിനിങ് എനിക്ക് സഹായത്തിനെത്തി. ഈ കുട്ടികൾ പോലീസിൽ പോകാൻ തല്പരരായിരുന്നില്ല. പക്ഷെ ഇമ്മാതിരി വക്രബുദ്ധികൾക്ക് താക്കിത് നൽകേണ്ടത് എന്റെ കടമയാണ്. ഉടനെ ഞാൻ 'പോക്സോ ആക്ട് ഉം ലൈംഗിക പീഡനവും' എന്ന വിഷയത്തെക്കുറിച്ചു ഒരു പരിശീലനം സംഘടിപ്പിച്ചു. ടീച്ചർമാരോട്, മറ്റു പ്രവർത്തകരുടെ മേൽ അവരറിയാതെ ഒരു കണ്ണ് വയ്ക്കാൻ അഭ്യർത്ഥിച്ചു. ആ വർഷവും അവസാനിച്ചു'

പുതിയ വിദ്യാഭ്യാസ വർഷത്തിൽ 2013-2014 സ്കൂൾ തുറന്നു പ്രവർത്തിക്കാൻ തുടങ്ങി. സ്വാതന്ത്ര്യദിന ആഘോഷങ്ങൾ നടന്നു. കഷ്ടമെന്നോണം ആഗസ്ത് ഒടുവിൽ പത്താം ക്ലാസ്സിലെ മോണിറ്റർ ഓടി വന്നു അതേ വക്രബുദ്ധിയായ അധ്യാപകനിൽ നിന്നും കിട്ടിയ പീഡനവും വേദനയും പങ്കു വെച്ചു. ക്ലാസ് ടീച്ചറോടും വൈസ് പ്രിൻസിപ്പലോടും ഈ അധ്യാപകന്റെ മേൽ ഒരു കണ്ണ് വെക്കാൻ പറഞ്ഞിരുന്നു. ക്ലാസ് ടീച്ചർ വിദ്യാർഥിനികളു മായി സംസാരിച്ചു ഇയാളെക്കുറിച്ചു ഒരു റിപ്പോർട്ട് സവിസ്തരം അറിയിച്ചു.

ഷേർളി പറയുന്നു:

"എത്ര പറഞ്ഞിട്ടും ഈ വിവരങ്ങളൊന്നും എഴുതിത്തരാൻ ടീച്ചർ തയാറായില്ല. കുറ്റപത്രം എഴുതികിട്ടാതെ ഒന്നും ചെയ്യാൻ പറ്റില്ല. അതൊരു കേട്ടുകേൾവിയോ കിംവദന്തിയോ കെട്ടിച്ചമച്ച സംഭവമോ ആയേ എടുക്കൂ.'

ഒടുവിൽ 16 ഡിസംബർ 2013 മോണിറ്റേർസ് തുടർച്ചയായ പീഡനത്തിൽ മടുപ്പും വെറുപ്പും തോന്നിയതിനാൽ പ്രിൻസിപ്പാലിനോട് സ്വയം അന്വേഷിക്കുവാൻ അഭ്യർത്ഥിച്ചു. ചില പെൺ കുട്ടികൾ പ്രിൻസിപ്പലിനോട് സ്വകാര്യമായി അധ്യാപകൻ പീഡിപ്പിക്കുന്നതിനെക്കുറിച്ചും, ശരീരഭാഗത്തു സ്പർശിക്കുന്നതിനെക്കുറിച്ചും, ആൺകുട്ടികൾക്ക് അശ്ലീല വിഡിയോകൾ കാണിച്ചു കൊടുക്കുന്നതിനെക്കുറിച്ചും പരാതി നൽകി.

നമ്മുടെ സമൂഹത്തിൽ മുതിർന്നവരുടെ നിലപാട് ഊഹിക്കാവുന്നതാണ്. പോലീസും, കോടതിയും ഒന്നും വേണ്ട, അതിൽ നിന്നെല്ലാം അകന്നു നിന്നില്ലെങ്കിൽ ജീവിതം തന്നെ തുലയും എന്നാണ് അവർ പറയുക. പക്ഷെ കുട്ടികളുടെ വേദനയും അപമാനവും, അവരോടുള്ള തന്റെ സ്നേഹവും ഷേർളിക്കു ധൈര്യം നൽകി. അവർ ഡി. എൻ. നഗർ പോലീസ് സ്റ്റേഷനിൽ കൈകൊണ്ടെഴുതിയ പത്താം ക്ലാസ്സിലെ വിദ്യാർത്ഥിനികളുടെ 39 പരാതിയുമായി എത്തി. പക്ഷെ പോലീസ് അത് പരിശോധിക്കുന്നതിന് പകരം മോശപ്പെട്ട ചോദ്യങ്ങൾ ചോദിച്ചു തുടങ്ങി.

'എവിടെ തൊട്ടു? അപ്പോൾ കുട്ടിക്ക് എന്ത് വികാരമായിരുന്നു?' ശോചനീയമായ അവസ്ഥ, പീഡനം പ്രിൻസിപ്പലിനല്ല, കുട്ടികൾക്കായിരുന്നു.

'ചില പോലീസുകാർ ഇതിന്റെ പരിണാമത്തെക്കുറിച്ചു എന്നെ താക്കീതു ചെയ്തു.' ഷേർളി മൊഴിഞ്ഞു. "എങ്കിലും കുട്ടികളുടെ നേരെയുള്ള ഇമ്മാതിരി അക്രമങ്ങൾക്കു കൂട്ടുനിൽക്കാൻ വയ്യാതെ ധൈര്യമായി പരാതി എഴുതിക്കൊടുത്തു".

ഷേർളി തുടരുന്നു. 'ഇത് പറയാനെനിക്ക് വിഷമമുണ്ട്. എന്നോട് പൊറുക്കണം... ചില സമയം സ്ത്രീകൾ തന്നെയാണ് സ്ത്രീകളുടെ ശത്രുക്കൾ. വൈസ് പ്രിൻസിപ്പലും അവരുടെ ശിങ്കിടി ടീച്ചർമാരും ഈ അവസരം ഉപയോഗിച്ച് എനിക്കെതിരെ അണിനിരന്നു. അവരുടെ മാറത്തടിച്ചുള്ള ആരോപണം എന്റെ നേർക്കായിരുന്നു. ഞാൻ നുണ പറയുന്നെന്നും, പക വീട്ടുന്നെന്നും ആരോപിച്ചു. ഞാൻ ആ അധ്യാപകനെ ഒരു പാഠം പഠിപ്പിക്കുകയാണത്രെ. ചിലർ പറഞ്ഞത് ആ വക്രബുദ്ധിയായ അധ്യാപകൻ തികച്ചും ഒരു മാന്യവ്യക്തിയാണെന്നും, കുട്ടികളെ ഒരു പിതാവെന്ന പോലെയാണ് സ്പർശിക്കുന്നതെന്നും'

തുടർന്നത് നാടകീയമായ സംഭവങ്ങളായിരുന്നു. ബാധിക്കപ്പെട്ടവരെ സഹായിക്കുന്നതിന് പകരം പോലീസ് കുറ്റം ചെയ്തയാളെ അനുകൂലിച്ചു. ഷേർളിയെ നിസ്സാരകാരണങ്ങൾക്കായി പദവിയിൽ നിന്നും നീക്കം ചെയ്തു. എന്താണ് കാരണങ്ങൾ? 'പ്രിൻസിപ്പൽ ഡി..എൻ. നഗർ പോലീസിൽ പരാതി കൊടുത്തു. എഴുതപ്പെട്ട പരാതി സ്കൂൾ അധികൃതർക്ക് കൊടുക്കാൻ വിസമ്മതിച്ചു, കുട്ടികളെ പ്യൂണിനെ മാതിരി ഉപയോഗിക്കുന്നു. സ്വയം ജോലി ചെയ്യുന്നില്ല, എപ്പോഴും അലസതയാണ് എന്നിങ്ങിനെ. സംഗതി അവിടെ നിന്നില്ല. യു ട്യൂബടക്കം ചാനലുകൾ അവരെ ദോഷിയായി മുദ്ര കുത്തി.

അക്രമത്തിനു നേരെ കണ്ണടക്കാത്തതിന്റെ ഫലം, വിശ്വസ്തമായി പ്രവർത്തിച്ചതിന്റെ ഫലം ഇതാണോ? വിചിത്രം തന്നെ. പോൾ മാഡം, നിങ്ങൾ ഞങ്ങളിൽ നിന്നും എന്തോ ഒന്ന് മറച്ചു പിടിക്കുന്നു.

വിഷമിക്കേണ്ട. ഈ കുബുദ്ധിയായ അധ്യാപകൻ മാനേജ്മെന്റിന്റെ ആളാണ്. മാനേജ്മെന്റിനാകട്ടെ ഈ വിദ്യാലയം നടത്തിക്കൊണ്ടു പോകുന്നതിൽ താല്പര്യമില്ലതാനും. കണ്ണായ സ്ഥലത്തുള്ള ഭൂമിക്കു പറഞ്ഞ വില കിട്ടും. വിലപിടിപ്പുള്ള ഭൂസ്വത്തു പാവങ്ങൾക്ക് സ്കൂൾ നടത്തി പാഴാക്കണമോ?ഹിന്ദി യിൽ ഒരു ചൊല്ലുണ്ട് ' മുളയില്ലെങ്കിൽ പാട്ടും ഇല്ല' (ഓടക്കുഴൽ) അതുപോലെ സ്കൂൾ നിലച്ചാൽ അവർക്കു ലാഭമല്ലേ? ഇവരുടെ വായ അടയ്ക്കാനായിരുന്നു ശ്രമം. പക്ഷെ പാവങ്ങൾക്ക് വേണ്ടി ജീവിതം മാറ്റിവെച്ച ഷേർളി മുംബയിലെ ഝാൻസി റാണിയായി ഉയർന്നു.

തന്റെ ഭാഗത്തെ ന്യായീകരിച്ചുകൊണ്ട് അവർ തന്റെ നിലപാടിൽ ഉറച്ചു നിന്നു . അന്ന് തുടങ്ങി നാലു നീണ്ട വർഷങ്ങൾ പിന്നിട്ട സംഘർഷം ഒരു സാധാരണ 'ഓപ്പൺ ആൻഡ് ഷട് കേസ്' നെ സങ്കീർണമാക്കി.

നീണ്ട നാലുവർഷം അവരെ തന്റെ വിശ്വാസത്തിൽ നിന്ന് പിൻതിരിപ്പിക്കാനും ധൈര്യത്തിന് കോട്ടം തട്ടിക്കാനുള്ള വ്യവഹാരങ്ങളും കേസ് നീട്ടി നീട്ടി കൊണ്ട് ചെന്ന് ഭയപ്പെടുത്താനും കുറെ ശ്രമങ്ങൾ നടന്നു. കയ്യൂക്കും പണക്കൊഴുപ്പും കൊണ്ട് മാനസികമായി തളർത്താൻ ശ്രമിച്ചു. ക്ലാസ് ടീച്ചർ തന്റെ നേരെ തിരിഞ്ഞു. ജീവന് പോലും ഭീഷണിയുണ്ടായി.

പക്ഷെ ഷേർളിക്ക് ആരുടേയും ഭാവി നശിപ്പിക്കാൻ താല്പര്യം ഇല്ലായിരുന്നു. പല കാര്യങ്ങളും അവർ പുറത്തു പറഞ്ഞില്ല.. അത് അവരുടെ ഉള്ളിൽ തന്നെ ഇരിക്കും.

എന്ത് ചെയ്യണമെന്നറിയാതെയിരിക്കുമ്പോൾ തന്റെ കഥ കേട്ട് എവിടെന്നോ വന്ന ഒരു 84 വയസ്സായ ഒരു മാന്യൻ ഷേർളിയെ പ്രോത്സാഹിപ്പിച്ചു. 'എന്തായാലും വിടരുത്. സത്യം ജയിക്കും. തിന്മ ഇല്ലാതാവും'.

ഇതാ തുടങ്ങുന്നു ന്യായത്തിന്റെ സംഘർഷം.

'സ്കൂളിന്റെ വിധികർത്താക്കൾ എന്നെ കുറ്റവിമുക്തയാക്കി. സകല ബഹുമതികളോടെ എന്നെ തിരിച്ചെടുക്കാനും ആജ്ഞാപിച്ചു.' ഷേർളിയുടെ വാക്കുകൾ.

ഇതെങ്ങിനെ സംഭവിച്ചു? മാനേജ്മെന്റിന് ഈ തിരിച്ചടിസഹിക്കാനായില്ല. 'ഹൈ കോർട്ടിൽ അപ്പീൽ കൊടുത്തു. ന്യായാധിപന്റെ മകനെ സ്വാധീനിച്ചു, മനുഷ്യാവകാശ തലത്തിലും, തൊഴിൽ സംബന്ധിച്ച നിയമത്തിലും പ്രവീണതയുള്ള ഉയർന്ന വക്കീലന്മാരെ നിയോഗിച്ചു, കോടതി മുറിയെ ഗുണ്ടകളെക്കൊണ്ട് നിറച്ചു. അവരുടെ ഭീഷണിക്കു ഞാൻ വഴങ്ങുമെന്ന് കരുതി.'

ഹൈ കോർട്ടിൽ സംഘർഷം ആറു

മാസത്തോളം തുടർന്നു. ഒരു ദിവസം ജഡ്ജ് ചോദിച്ചു 'ഇനിയും എത്ര ദിവസം ഈ പാവം സ്ത്രീയെ വലയ്ക്കും എന്റെ ബഹുമാനപ്പെട്ട വക്കീലേ?'

ഇതൊക്കെ ഒരു മുഖാവരണം പോലെയിരുന്നു ഷേർളിക്ക്. അവർ ജഡ്ജിന്റെ മുൻപാകെ ഉറക്കെ കരഞ്ഞു.' ഞാൻ കുറ്റം ചെയ്തതായി അങ്ങേയ്ക്കു തോന്നുന്നുവെങ്കിൽ എന്നെ ജയിലിൽ ഇടുക. ഞാൻ മാനസികമായും ശാരീരികമായും തകർന്നിരിക്കുന്നു, എനിക്ക് വേണ്ടത് ന്യായമാണ്, വെറും വാക്കുകളല്ല. ദയവായി ന്യായം തരുവാൻ അപേക്ഷ'

ജഡ്ജ് പറഞ്ഞു' മനുഷ്യനും ദൈവത്തിനും മുമ്പിൽ ഭവതിയുടെ ഈ സത്യസന്ധതയെ ഞാൻ നമിക്കുന്നു' താങ്കൾ ജീവനെ വകവെക്കാതെ കുട്ടികൾക്കുവേണ്ടി ചെയ്ത കാര്യം പ്രശംസയർഹിക്കുന്നു. ഞങ്ങളും ഇതുപോലെ ചെയ്യാൻ ഒരുക്കമാണ്. താങ്കൾ ഞങ്ങളെ പഠിപ്പിച്ചതു കൊണ്ടാണ് ഞങ്ങൾ അഭ്യസ്തവിദ്യരായതു. അതിനാൽ നന്മ പഠിപ്പിച്ചു അതിലൂടെ സഞ്ചരിക്കുന്ന എല്ലാ അധ്യാപകർക്കും എന്റെ പ്രണാമം.'

ഹൈ കോർട്ടിന്റെ വിധി അനുകൂലമായി. ഷേർളി സ്കൂളിൽ പോയി.

' കടക്കു പുറത്തു. ഇവിടെ വരൻ പറ്റില്ല. ഞങ്ങൾ സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കും നിന്നെ ഒരു പാഠം പഠിപ്പിക്കും' എന്നൊക്കെ കേൾക്കേണ്ടി വന്നു. തീർച്ചയായും പണവും മസിലും ഒരു അബലയായ സ്ത്രീയെ എത്രമാത്രം കഷ്ടപ്പെടുത്തുമെന്നു ഊഹിക്കാം.

മാനേജ്മെന്റ് പേര് കേട്ട അഭിഭാഷകരെക്കൊണ്ട് ഷേർളി ഒരിക്കലും തിരിച്ചുവരാത്തവണ്ണം കേസ് വാദിപ്പിച്ചു. വൈസ് പ്രിൻസിപ്പൽ ഉയർന്നു പ്രിൻസിപ്പലായി. അവരുടെ കസേര മോഹം ഫലവത്തായി. പക്ഷെ ദൈവം ചെയ്തത് മറിച്ചായിരുന്നു. സത്യം എന്നും ജയിക്കും എന്നുള്ളതിന് ഇതൊരു ഉദാഹരണമാണ്.

ഉള്ളിലെ കാര്യങ്ങൾ മാനേജ്മെന്റ് കയ്യിലെടുത്തു. അവർ വിധി പ്രഖ്യാപിച്ചു :

"എല്ലാ ആരോപണങ്ങളും ഒരു കുട്ടിയെപ്പോലും വിസ്തരിക്കാതെ തെളിയിച്ചു. 'വൈസ് പ്രിൻസിപ്പലിനെ കൂടി വിസ്താരം ചെയ്തിരുന്നെങ്കിൽ അവരുടെ കള്ളി വെളിച്ചത്തായേനെ.

'പദവി നീക്കം ചെയ്യപ്പെട്ട പ്രിൻസിപ്പൽ' എന്ന് സംബോധന ചെയ്ത കുറെ കത്തുകളയക്കും.

"എന്റെ ഇന്റർവ്യൂ വിന്റെ സമയത്തു മാനേജ്മെന്റ് എന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ചും, കുടുംബത്തെക്കുറിച്ചും, എല്ലാം മനസ്സിലാക്കിയിരുന്നു. ഞാൻ ഈ കേസുമായി ഉയർന്ന കോടതിയിൽ പോവുകയില്ലെന്നു അവർക്കു ഉറപ്പായിരുന്നു.അതിനു കഴിയാതെ വരാനുള്ള സകല വിദ്യയും അവർ പ്രയോഗിച്ചു'

'ആഹാരത്തിനും അമ്മയുടെ മരുന്നാവശ്യങ്ങൾക്കും വളരെ ബുദ്ധിമുട്ടി. ദൈനംദിന ജീവിതം തന്നെ ദുസ്സഹമായിത്തീർന്നു.'

എങ്കിലും ദൈവത്തിൽ ഉറച്ച വിശ്വാസമുള്ള ഷേർളി കരുതി –' ദൈവം സത്യമാണെങ്കിൽ ഒരു വഴി തെളിയിച്ചുതരും'.

അതാണ് സംഭവിച്ചത്.

'ഡൽഹി യിലുള്ള സുപ്രീം കോർട്ടി നെക്കുറിച്ചു ഓർത്താൽ പേടി തോന്നും. യാത്രയും, താമസവും മറ്റുമൊക്കെ സാധിക്കുമോ?

ഏതായാലും പള്ളിയിലെ ഒരു സ്നേഹിതന്റെ സഹായത്തോടെ ഡൽഹിയിൽ ഒരു വക്കീലിനെ ഏർപ്പാടാക്കി. പക്ഷെ പണത്തിന് അന്ധമായ ആർത്തിയുള്ള ആ വക്കീൽ എന്നെ ഒറ്റിക്കൊടുത്തു. പിന്നീട് ഞാൻ തന്നെ ധൈര്യം സംഭരിച്ചു സ്വയം വാദിക്കുവാൻ തീരുമാനിച്ചു. ഇപ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത്, വക്കീലന്മാർ എങ്ങിനെ സത്യത്തെ നുണയായും നുണയെ സത്യമായും മാറ്റുന്നതെന്ന്. ഒരുപക്ഷെ നുണ പറയാൻ കാശു കിട്ടുന്ന ഒരേ തൊഴിലായിരിക്കും ഇത്.'

'ഏതേതു എങ്ങിനെ ആയാലും സുപ്രീം കോടതി ദൈവമാണ് ആരുമില്ലാത്തവരുടെ.

സുപ്രീം കോർട്ടിലെ ജഡ്ജ് എന്റെ വിഷമങ്ങൾ കണ്ടു. എന്റെ പക്ഷഭേദമില്ലാത്ത നിലപാട് പീഡനത്തിന്നിരയായവരുടെ രക്ഷക്കാണെന്നു അദ്ദേഹം മനസ്സിലാക്കി. എന്റെ വഴി ഇരുണ്ടതും കഷ്ടതകൾ നിറഞ്ഞതുമാണെന്നു അദ്ദേഹം അറിഞ്ഞു. എന്റെ ഉദ്യമം പരിപാവനമാണെന്നു തെളിഞ്ഞു.'

'27 ഫെബ്രുവരി 2017 ൽ സുപ്രീം കോർട്ട് ദൈവത്തിന്റെ നീതിപീഠമായിത്തീർന്നു. അര മണിക്കൂർ വാദിച്ച മാനേജ്മെന്റിന്റെ വാദം വില പോയില്ല. സത്യം ജയിച്ചു. എന്നെ സകല വേതനങ്ങളും തന്നു വീണ്ടും ജോലിയിലെടുക്കണമെന്നു ഉത്തരവായി.'

'സ്കൂളിൽ തിരിച്ചു ചെന്നപ്പോൾ മാനേജ്മെന്റ് എന്നെ സ്വീകരിക്കാൻ തയാറായില്ല. പണക്കൊഴുപ്പും അഹങ്കാരവും തലയ്ക്കു പിടിച്ചവർ മാറാൻ തയ്യാറില്ല. ഒരു ഒട്ടകത്തിനെ സൂചിപ്പഴുതിലൂടെ കൊണ്ടുപോകാൻ കഴിഞ്ഞെന്നു വരും. എന്നാൽ പണവും ബലവും ദുരുപയോഗിക്കുന്ന ഒരു വ്യക്തിക്ക് സ്വർഗ്ഗരാജ്യത്തിൽ പ്രവേശനമില്ല. എവിടെയാണ് സ്വർഗ്ഗരാജ്യം? സത്യവും നീതിയും സമാധാനവും ഉള്ള രാജ്യം തന്നെ. ദൈവകൃപയാണ് എനിക്കുവഴികാട്ടിയതും കൊണ്ടുനടന്നതും. എന്റെ പ്രിയപ്പെട്ട വായനക്കാരെ , നിങ്ങൾ സത്യസന്ധമായി പ്രവർത്തിച്ചാൽ ഒന്നിനെയും ഭയപ്പെടേണ്ടതില്ല. ഒരിക്കലും സത്യത്തിന്റെ പാതയിൽ നിന്നും വഴുതരുത്.. ദൈവം നിങ്ങൾക്കുവേണ്ടി വഴി കാണിക്കും.'



**അൻസാ ജോയ്**
ഇരിഞ്ഞാലക്കുട സ്വദേശി.
മുപ്പതു വർഷത്തോളമായി
വസായ് ഈസ്റ്റിൽ താമസം.
ബാങ്ക് ഓഫ് മഹാരാഷ്ട്ര
യിൽ ജോലി

# കഥയിലെ കല്യാണം

ഏഴു ദിവസം മാത്രം പ്രായമുള്ള പിഞ്ചുകുഞ്ഞിനെ മാറോട് അടുക്കിപ്പിടിച്ച്, മുറിയുടെ ഇരുണ്ടമൂലയിൽ വിരിച്ചിരിക്കുന്ന തഴപ്പായയിൽ ശാരി ഇരുന്നു. ഉറക്കത്തിൽ എന്തോ സ്വപ്നം കണ്ട് പിഞ്ചുകുഞ്ഞ് ചെഞ്ചുണ്ട് വിരിച്ച് ചിരിച്ചു. പുറത്ത് വരാന്തയിൽ വെള്ളത്തുണിയിൽ വിരിച്ച് കിടത്തിയിരിക്കുന്നത്, ഒരു വർഷം മുമ്പ് തന്റെ കഴുത്തിൽ മിന്ന് കെട്ടിയ മനുഷ്യനെയാണ്. അദ്ദേഹത്തെ അവസാനമായി ഒന്ന് കാണാനോ സംസ്കാര ചടങ്ങുകളിൽ പങ്കെടുക്കുവാനോ തനിക്കും മകൾക്കും അനുവാദമില്ലെന്ന്, വിദേശത്തു നിന്നു വന്ന അദ്ദേഹത്തിന്റെ മക്കൾ തീർത്തു പറഞ്ഞു. താനും മകളുമാണ് അദ്ദേഹത്തിന്റെ മരണത്തിനുത്തരവാദികൾ എന്നാണ് അവരുടെ പക്ഷം. ചടങ്ങുകൾ കഴിയും വരെ ഈ മുറിയിൽത്തന്നെ ഇരിയ്ക്കുവാൻ വേണ്ടിയാണ്, അല്പം പഴങ്കഞ്ഞിയും പയറും മേശപ്പുറത്ത് വച്ച് മുറിയും പൂട്ടി അവർ പുറത്തിറങ്ങിയത്.

പത്തുവർഷം മുമ്പാണ് ബാലേട്ടൻ തന്നെ വിവാഹം കഴിച്ചത്. ബാലേട്ടൻ അമിതമദ്യപാനിയും അതിക്രൂരനുമായിരുന്നു. സുഹൃത്തുക്കളുമൊന്നിച്ച് മദ്യപിച്ച് ലക്കുകെട്ട് ഏതെങ്കിലും പാതിരായ്ക്ക് വീട്ടിൽ കയറി വരുമായിരുന്നു. സന്ധ്യയ്ക്ക് പോയാൽ പാതിരായ്ക്ക് വരും. പിന്നെ പകൽ മുഴുവൻ ഉറക്കം, ഒരു പണിയ്ക്കും പോകുമായിരുന്നില്ല. പറഞ്ഞുനോക്കി; പരിഭവം നടിച്ചു; പിണക്കം ഭാവിച്ചു – ഒന്നിനും ഒരു പ്രതികരണവും ഉണ്ടായില്ല. സ്ത്രീധനം കിട്ടിയ പണം അവസാനിച്ചപ്പോൾ തന്റെ ആഭരണങ്ങളിലായി കണ്ണ്. എതിർത്തപ്പോൾ മർദ്ദനമായിരുന്നു മറുപടി. പിന്നെ വീട്ടുസമാനങ്ങളും പെറുക്കി വില്ക്കാൻ തുടങ്ങി. ദുർഗ്ഗുണ പരിഹാരത്തിനായി നടത്തിയ ഒരു പരീക്ഷണം.

സന്ധ്യയ്ക്ക് സുഹൃത്തുക്കളോടൊപ്പം ഉല്ലസിക്കാൻ ഇറങ്ങിപ്പോയ ബാലേട്ടൻ പിന്നീട് തിരിച്ചുവന്നില്ല. ദിവസങ്ങൾക്കുശേഷം ഏതോ ഒരു പാടത്ത് നിന്ന് തകർന്ന് തരിപ്പണമായ ഒരു കാറും ചെളിയിൽ പുരണ്ട നാല് മൃതദേഹങ്ങളും കിട്ടി. അതിൽ ഒന്ന് ബാലേട്ടന്റേതായിരുന്നു. ചിത എരിഞ്ഞടങ്ങുന്നതിനുമുമ്പ് തന്നെ ബാലേട്ടന്റെ അച്ഛനും അമ്മയും തന്റെ ഏട്ടനും ഏട്ടത്തിയുമായി വാക്ക് തർക്കം തുടങ്ങി. ഇപ്പോൾതന്നെ താൻ അവിടെനിന്ന് പടിയിറങ്ങണമെന്നാണ് അവരുടെ ആവശ്യം. അതിന് അവർ പറയുന്ന കാരണങ്ങൾ രണ്ടാണ്; ബാലേട്ടന്റെ സ്വഭാവത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ തനിയ്ക്ക് കഴിഞ്ഞില്ല. കുടുംബത്തിന്റെ പാരമ്പര്യം നിലനിർത്താൻ ഒരു കുഞ്ഞിനെ നല്കാൻ തനിയ്ക്കായില്ല. നിശ്ശബ്ദയായി, വിധവയുടെ വെള്ള വസ്ത്രമണിഞ്ഞ് ഏട്ടന്റെയും ഏട്ടത്തിയുടെയും കൂടെ നടക്കുമ്പോൾ അറിയാൻ കഴിഞ്ഞു. തന്റെ സ്ത്രീധനമെല്ലാം ഇത്രയും നാളത്തെ ചെലവിലേയ്ക്ക് എഴുതി തള്ളിയെന്ന്.

പിന്നെ ഏട്ടന്റെയും ഏട്ടത്തിയമ്മയുടെയും പരാതികളും കുത്തുവാക്കുകളും നിറഞ്ഞ നീണ്ട പത്തുവർഷങ്ങൾ. എങ്കിലും അറിയുന്ന കൈത്തൊഴിലായ തയ്യൽ ജോലി ചെയ്ത്, എട്ടന്റെ കുട്ടികൾക്ക് ഒരു സ്നേഹത്തണലായി ജീവിയ്ക്കാനായിരുന്നു മോഹം. മറ്റൊരു ജീവിതത്തെക്കുറിച്ച് ചിന്തിച്ചിട്ടു പോലുമില്ലായിരുന്നു. അപ്പോഴാണ് പത്രത്തിൽ കൃഷ്ണ

പ്പിള്ളയദ്ദേഹത്തിന്റെ വിവാഹപരസ്യം കാണുന്നത്. പരസ്യത്തിനടിയിൽ ചേർത്തിരുന്ന സ്വത്തു വിവര പട്ടികയിൽ ആകൃഷ്ടരായത് ഏട്ടനോ ഏട്ടത്തിയ മ്മയോ അറിയില്ല. അഭിപ്രായ സ്വാതന്ത്ര്യം പണ്ടേ നിഷേധിച്ചിരുന്നതുകൊണ്ട്, അനുസരണയോടെ കഴുത്ത് നീട്ടിക്കൊടുക്കുവാനേ കഴിഞ്ഞുള്ളൂ.

ഇവിടെവന്ന് കയറിയപ്പോഴാണ്, ഇത് കഥകളിൽ മാത്രം നടക്കുന്ന കല്ല്യാണമാണെന്ന് മനസ്സിലായത്. എഴുപതിന്റെ വാർദ്ധക്യത്തിലെത്തി യപ്പോഴാണ് കൃഷ്ണപ്പിള്ളയദ്ദേഹത്തിനും രാധാ മണിയമ്മയ്ക്കും ഒരു ആൺകുഞ്ഞു വേണമെന്ന് തോന്നിയത്. തന്റെ വസ്തുവകകൾക്കും വാടക കെട്ടിടങ്ങൾക്കും ഒരു അവകാശി വേണം. കുടുംബ പേര് കൈമാറാൻ പറ്റിയ ഒരു ആൺകുട്ടി. മൂത്ത രണ്ട് പെൺമക്കളും വിവാഹിതരായി വിദേശത്ത് നല്ല നിലയിൽ കഴിയുന്നു. രാധാമണിയുടെ പെൺബുദ്ധിയിൽ ഉദിച്ച ആശയമായിരുന്നു ഈ രണ്ടാംവിവാഹം. ഒരു ആൺകുഞ്ഞിനെ ദത്തെടുക്കാമായിരുന്നില്ലേ? ഒരു വാടകഗർഭപാത്രം കിട്ടുമായിരുന്നില്ലേ? കൃത്രിമബീജ സങ്കലനം നടത്താമായിരുന്നില്ലേ? സംശയങ്ങൾ പിന്നെയും ബാക്കിയായി. വൃദ്ധദമ്പതികളുടെ ഉദ്ദേശ്യങ്ങൾ പലതായിരുന്നു. വാർദ്ധക്യത്തിൽ അവരെ ശുശ്രൂ ഷിക്കാൻ ഒരു ഹോംനേഴ്സ്, പിറക്കാൻ പോകുന്ന ആൺകുഞ്ഞിനെ വളർത്തിവലുതാക്കാൻ സ്വന്തം അമ്മ, വീട്ടുവേലക്ക് ഒരു സഹായി.

രാധാമണിയമ്മയുടെ ഉത്സാഹത്തിൽ പദ്ധതികൾ നടപ്പിലായി. മൂന്നാം മാസത്തിൽ താൻ ഗർഭിണിയായി. മൂന്നുപേരും മൂന്നുതര ത്തിൽ ആകാശക്കോട്ടകൾ കെട്ടാൻ തുടങ്ങി. ജീവിതം കൈവിട്ടു പോയെന്നു കരുതിയിരുന്ന തനിക്കും ജീവിക്കാൻ ആഗ്രഹമായി. മാതൃത്വ ത്തിന്റെ മാധുര്യം അനുഭവിക്കാൻ തുടങ്ങി. ദിവസങ്ങൾ അടുക്കുംതോറും കൃഷ്ണപ്പിള്ളയ ദ്ദേഹവും രാധാമണിയമ്മയും പൂജകളും വഴിപാടു കളുമായി നടന്നു, ആൺകുഞ്ഞിനുവേണ്ടി. താൻ മറ്റേതോ സ്വപ്നലോകത്തായിരുന്നു. തന്റെയും തന്റെ കുഞ്ഞിന്റെയും മാത്രമായ സ്വപ്നലോകത്ത്.

ലേബർ റൂമിനു പുറത്ത് ആകാംക്ഷയോടെ, അക്ഷമയോടെ നിന്നിരുന്ന കൃഷ്ണപ്പിള്ളയദ്ദേഹ ത്തിനും രാധാമണിയമ്മയ്ക്കും മുൻപിൽ നഴ്സ് ഒരു ബോംബിട്ടു, പെൺകുഞ്ഞ്. കേട്ടപാടെ ഹൃദയം സ്തംഭനം സംഭവിച്ച് കൃഷ്ണപ്പിള്ളയ ദ്ദേഹം കുഴഞ്ഞുവീണു. ആറു ദിവസം വെന്റിലേറ്റ റിൽ കിടന്നു. ഇന്നു പുലർച്ചെ മരണം സംഭവിച്ചു. അതുകൊണ്ടാണ് 'കൊലപാതകി' എന്ന് മുദ്ര കുത്തി തന്നെയും മകളേയും ഈ മുറിയിൽ അടച്ചിരിക്കുന്നത്. മാത്രമല്ല, അച്ഛന്റെ നിയമപര മല്ലാത്ത ഈ രണ്ടാം വിവാഹത്തെക്കുറിച്ച് അമ്മ അവരോട് ഒന്നും കൃത്യമായി പറഞ്ഞിരുന്നില്ല.

നേരിയ വെളിച്ചം ജനലിലൂടെ അകത്തേക്ക് കടന്നു. ചടങ്ങുകൾ അവസാനിച്ച് എല്ലാവരും പിരിഞ്ഞുപോയിരിക്കണം. തന്റെ സ്വാതന്ത്ര്യം അവരുടെ കയ്യിലായിപ്പോയി. രാധാമണിയമ്മയ്ക്കും ഇനി നിസ്സഹായയായി നോക്കി നില്ക്കാനേ കഴിയുകയുള്ളൂ. വാതിൽ തുറക്കുന്ന ശബ്ദം കേൾക്കുന്നുണ്ട്. ആരോ അകത്തേക്ക് വരുന്നു. പെൺമക്കൾ രണ്ടുപേരും ഉണ്ട്. അവർ വാചാലരാ യി. ഞങ്ങൾക്കു വേഗം തിരിച്ചുപോകണം. പോകുമ്പോൾ വീടുപൂട്ടി, അമ്മയേയും കൊണ്ടു പോകാനാണ് ഉദ്ദേശം. താനും മകളും എത്രയും പെട്ടെന്ന് വീടൊഴിഞ്ഞു കൊടുക്കണം. ആലോ ചിച്ചു തീരുമാനിക്കാൻ സമയം തന്നിട്ട് വന്നതു പോലെ രണ്ടുപേരും പുറത്തിറങ്ങി. വീണ്ടും വാതിൽ തഴുതിട്ടു.

ആലോചിക്കണം, ഇത്തവണ ആലോ ചിച്ചു തന്നെ തീരുമാനിക്കണം. പത്തുവർഷം മുമ്പ് വെറും കയ്യോടെ ഇറങ്ങിയതുപോലെ തനിക്ക് ഇറങ്ങാൻ പറ്റുകയില്ല. തന്റെ കയ്യിൽ ഒരു കുഞ്ഞു ജീവനുണ്ട്. ഈ ലോകത്തിൽ തനിക്ക് ആകെയുള്ള സമ്പാദ്യം. ആ കുഞ്ഞിനും ഇന്നു താൻ മാത്രമേ ഉള്ളൂ. എല്ലാം വിട്ടു കൊടുത്ത് ഒരു വിഡ്ഢിയെപ്പോലെ ഇറങ്ങിപ്പോകാൻ തനിക്ക് കഴിയില്ല. ഈ കുഞ്ഞിനെ തനിക്കു വളർത്തണം, വലുതാക്കണം, പഠിപ്പിക്കണം. അതെ, ഞങ്ങൾക്ക് ജീവിക്കണം. നിയമപരമായി വിവാഹത്തിന് സാധുത ഇല്ലായിരിക്കാം. എന്നാൽ ഇത് കൃഷ്ണ പ്പിള്ളയദ്ദേഹത്തിന്റെ മകളാണെന്ന് തെളിയിക്കാൻ ഏത് കോടതിയിലും തനിക്കു കഴിയും. അതു കൊണ്ടുതന്നെ ന്യായമായ അവകാശങ്ങൾക്ക് ഞങ്ങൾക്ക് തരണം.

മക്കളും മരുമക്കളും അമ്മയും ചർച്ചകൾ തുടങ്ങി. താൻ ഒന്നും മിണ്ടാതെ കുഞ്ഞിനെയു മെടുത്ത് പോകുമെന്നാണ് അവർ കരുതിയത്. ഇല്ല, ഇവിടെ ഞാൻ ദുർബ്ബലയായാൽ എല്ലാം നഷ്ടമാവും. ഞങ്ങൾക്ക് ആരെയും ആശ്രയിക്കാതെ ജീവിക്കാൻ കഴിയണം. അല്ലെങ്കിൽ മരണം വരെ ഈ വീട്ടിൽ താമസിക്കാനും മകളെ വളർത്താനും അനുവദിക്കണം. തർക്കങ്ങളും വാദങ്ങളും നടന്നു. വിട്ടുകൊടുക്കാൻ താനും തയ്യാറായില്ല. എനിക്കും എന്റെ മകൾക്കും ജീവിക്കണം. ധനികനായ ഒരു അച്ഛന്റെ മകളാണ് അവൾ. ആ സ്വത്തുക്കളിൽ അവൾക്കും അവകാശമുണ്ട്.

ഒടുവിൽ അവർക്ക് തലകുനിക്കേണ്ടി വന്നു. കൃഷ്ണപ്പിള്ളയദ്ദേഹത്തിന്റെ അഞ്ചിന്റെ യന്ന്, എല്ലാം തർക്കങ്ങളും അവസാനിപ്പിച്ച് മകളുടെ അവകാശം അവർ എഴുതിതന്നു. തനിക്കും തന്റെ മകൾക്കുമായി നൽകിയ ആ അവകാശപത്രവുമായി അവസാനമായി ആ വീടിന്റെ പടി കടന്നു. ഇനി ഒരു പുതിയ ജീവിതം തുടങ്ങണം. ■

കഥ

സ്മിത.സി.ആർ.

# ഒറ്റമൊലച്ചി

വേനൽ കനത്താൽ കുറുവാന്തൊടി പ്രദേശത്തെ മുഴുവൻ കിണറുകളും വറ്റും. പിന്നെ ആ പ്രദേശക്കാരുടെ ഏക ആശ്രയം മഠത്തിനകത്തെ കിണർ മാത്രമാണ്. ചെങ്കല്ലുകൊണ്ട് കെട്ടിപ്പൊക്കിയ കിണറിന് പകുതിയോളം പടിക്കെട്ടുകളുണ്ട്. ഒരിക്കലും തേവിയില്ലെങ്കിലും ഉറവ വറ്റാത്ത അക്ഷയക്കിണർ. വേനലിൽ കൂവ കുത്താനായി പെണ്ണുങ്ങൾ മഠത്തിന് സമീപമുള്ള തോട്ടറമ്പത്തേയ്ക്കു പോകും. ഉച്ച തിരിയുമ്പോഴേക്ക് കാലും മുലയുമായി കൂവക്കിഴങ്ങുകളുടെ കൂമ്പാരം നിരക്കും. നീരിന് സമൃദ്ധം കൂവയുടെ മുലയാണ്. കാലുകളിൽ നീര് കുറയും. അവ വെവ്വേറെ ചാക്കിൽ നിറച്ച് തലയിലേറ്റി പെണ്ണുങ്ങൾ ചുവടുവച്ച് നീങ്ങും. തോടും തുറയും പാടവുമൊക്കെയായി ഏക്കറുകണക്കിന് സ്ഥലമുണ്ട് മഠംകാർക്ക്. തെങ്ങും കവുങ്ങും പലയിനം മാവുകളും അത്തിയും ആഞ്ഞിലിയും പേരയ്ക്കയുമായി ഫലവൃക്ഷങ്ങൾ നിറഞ്ഞ പറമ്പ്. കൂവ കുത്തി തിരിച്ചുപോകുന്ന പെണ്ണുങ്ങളുടെ ചാക്കിൽ കൂവ മാത്രമല്ല തേങ്ങയും മാമ്പഴവും കൊതുമ്പും ചുള്ളലും എല്ലാം കാണും.



കൂവ കുത്തി തളരുമ്പോൾ പാരിവെയിലിലെ ദാഹം തീർക്കാൻ അവർ കിണററിൽ നിന്നും ആവോളം വെള്ളം കോരിക്കുടിച്ചു. അന്നനാളത്തിന്റെ രണ്ടറ്റവും തണുപ്പിക്കാൻ കെല്പുള്ള തെളിനീര്.

കിണറിന് തെക്കുവശത്തായി കല്പ്പടവുകൾ തേഞ്ഞുതീർന്ന ഒരു വലിയ കുളം. നാലു ഋതുക്കളിലും പൂത്തുനിറഞ്ഞുനില്ക്കുന്ന നിത്യഹരിത താമരക്കുളം. എന്നാൽ ആ ഭാഗത്തേയ്ക്ക് അധികം ആരും പോകാറില്ല. കുട്ടികളേയും പറഞ്ഞയയ്ക്കില്ല. താമരക്കുളത്തിനടുത്തേയ്ക്ക് ഓടിപ്പോകാൻ കുട്ടികളുടെ മനസ്സ് വെമ്പും. കിണറ്റിൻ കരയിൽ കൂട്ടംകൂടുന്ന അമ്മമാര് പറയും 'അങ്ങോട്ട് പോണ്ട. ആ ഉണ്ണിത്തറ മാവിലേ ഒറ്റമൊലച്ചീ. നേരംകെട്ട നേരത്ത് ചെന്നാ തട്ട് കിട്ടും.'

തല്ക്കാലം തിരിച്ചുപോന്നെങ്കിലും മനസ്സിൽ നൂറായിരം ചോദ്യം ബാക്കിയായി.

'ഉണ്ണിത്തറ മാവിലെ പഴുത്ത മാങ്ങ തിന്നാ പിന്നെ വേറൊരു മാങ്ങേം തിന്നൂല. അത്ര രുചിയാ. ഉച്ചതിരിഞ്ഞ് പടിഞ്ഞാറന്ന് വീശണ കാറ്റില് നിറയെ മാമ്പഴം പൊഴിയും. പക്ഷേ ഒരെണ്ണം എടുക്കാൻ കഴിയൂല്ലാ. ഒറ്റമൊലച്ചീ...'

കുളത്തിലെ താമരകൾക്കും കാവല് ഒറ്റമൊലച്ചി തന്നെ. ഒരിക്കൽ പൂ പറിക്കാൻ ഒരാൾ കുളത്തിൽ പോയതാ. അന്നൊരൊറ്റ താമരയേ വിരിഞ്ഞിരുന്നുള്ളൂ. പറിക്കാൻ കൈ എത്തിക്കുന്തോറും താമര അകലേയ്ക്കുനീങ്ങി. ഒടുക്കം കാലുതെറ്റി കുളത്തിൽ വീണു. നിലയില്ലാക്കയമല്ലേ. ആണ്ടുപോയി.

ചത്ത് ശവം പോലും പൊന്തിയില്ല.

'കഥയങ്ങനെ ഒത്തിരിയെണ്ട്. അതാ മാങ്ങ പറക്കാനും പൂ പറിക്കാനും അങ്ങോട്ട് ആരും പോകാറില്ല. ശാപം കിട്ടിയ സ്ഥലാ....' ഇങ്ങനെ പോകുന്നു കൂവ കുത്തുന്നതിനിടയിലെ നേരം

കൊല്ലികൾ.

പക്ഷേ എപ്പോഴെങ്കിലും എല്ലാവരുടെയും കണ്ണുവെട്ടിച്ച് ഉണ്ണിത്തറമാവിലെ മാങ്ങ തിന്നുമെന്നും കുളത്തിൽ നിന്ന് ഒരു താമരപ്പൂ സ്വന്തമാക്കുമെന്നും ഞാനുറപ്പിച്ചു. അമ്മമാര് കൂവ കുത്തുമ്പോൾ കുട്ടികൾ തോട്ടിൽ ചൂണ്ടയിട്ട് സമയം പോക്കി. കറൂപ്പും വരാലും മൂഴിയും പരലും കോമ്പലുകളിൽ തൂങ്ങിയാടിപ്പിടഞ്ഞു. പക്ഷേ എന്റെ ശ്രദ്ധ മുഴുവൻ കല്പവൃക്ഷങ്ങൾക്കിടയിൽ കരിമ്പച്ച ഇലകൾ തിങ്ങിനിറഞ്ഞ് തലയെടുപ്പോടെ നില്ക്കുന്ന ഉണ്ണിത്തറമാവിലായിരുന്നു.

അന്നൊരും ചൊവ്വാഴ്ചയായിരുന്നു. ഏപ്രിൽ ഒന്നുമുതൽ ചാരായം നിരോധിക്കുന്നു എന്ന വാർത്ത ഊക്കോടെയാണ് ഞങ്ങളുടെ നാട്ടിൽ വന്നലച്ചത്. സ്ത്രീകൾ എ. കെ. ആന്റണിയെ വാഴ്ത്തി.

ആണുങ്ങളെല്ലാം കവലകളിലും പീടികത്തിണ്ണകളിലും ഇരുന്ന് വിമർശനശരങ്ങൾ എയ്തു. നൂറായിരം അമ്പുകളേറ്റ് ആന്റണി ഞങ്ങളുടെ കവലകളിലെ ശരശയ്യയിൽ മരണം കാത്തുകിടന്നു.

'നാളെ മുതൽ ഇവിടുത്തെ പെണ്ണുങ്ങളുടെ കണ്ണീരിന് അറുതിയാവും. ചാരായം രാധേടെ നെഗളിപ്പ് കൊറയും. നമ്മട ആണുങ്ങൾക്ക് അവൾട ആട്ടം കണ്ടില്ലെങ്കീ ഒറക്കം വരുവാ ?' അന്നത്തെ ചർച്ചകൾ അങ്ങനെ കൊടുമ്പിരികൊണ്ടു. ആ ചർച്ചകളേക്കാളും ചാരായത്തേക്കാളും വലിയ ലഹരിയായി എന്റെ മനസ്സിൽ ഒറ്റമൊലച്ചീം ഉണ്ണിത്തറമാങ്ങയും താമരപ്പൂവും.

'അമ്മേ എനിയ്ക്ക് വെശക്കണ്. വീട്ടീപ്പോണം.'

'മക്കളാ തോട്ടിറ്റമ്പത്തൂട പയ്യെ പോയേച്ചും വാ.'

ങാ...

തോടിന്റെ വരമ്പിലൂടെ നടന്നുനീങ്ങിയ ഞാൻ ഒരാൾപ്പൊക്കത്തിൽ വളർന്നുനില്ക്കുന്ന പാണൽക്കാടിനിടയിൽ കയറി ഒളിച്ചു. നാട്ടിൽ അന്ന് കക്കൂസുകൾ അത്ര സാധാരണമല്ലായിരുന്നു.

നാട്ടുകാർ വെളിയ്ക്കിരിക്കാൻ ആ പാണക്കാടിനെയാണ് ആശ്രയിച്ചത്. തീട്ടപ്പറമ്പായതുകൊണ്ട് ആടിനെയും പശുവിനെയും കെട്ടാനും ആരും അങ്ങോട്ട് വരാറുണ്ടായിരുന്നില്ല. നല്ല വളക്കൂറുള്ള മണ്ണായതു കൊണ്ടാവാം സാധാരണയിൽക്കവിഞ്ഞ വലിപ്പം ആ കുറ്റിച്ചെടികൾക്കുണ്ടായത്. ഇരിക്കാൻ കുറച്ച് സ്ഥലത്തിനായി എന്റെ കണ്ണുകൾ പരതി. മുഴുവൻ ഉണങ്ങിയതും പാതിയുണങ്ങിയതും മണ്ണു മൂടിയതുമായ പലതരം മനുഷ്യവിസർജ്ജ്യങ്ങൾ. പാണൽക്കാടിന്റെ തെക്കുഭാഗത്ത് കുറച്ചു സ്ഥലം എനിയ്ക്കായി കരുതിവച്ചതുപോലെ. ഞാനവിടെ കുന്തക്കാലിൽ ഇരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ അമ്മിണിച്ചേച്ചിയും കത്രീനച്ചേടത്തിയും തരോത്താത്തിയും കൂവച്ചാക്കുമേറ്റിപ്പോകുന്നത് ഞാൻ കണ്ടു. പിന്നാലെ അമ്മയും. പാണൽപ്പഴങ്ങൾ പറിച്ചുതിന്ന് ഞാൻ കുറേനേരം അവിടെ കഴിച്ചുകൂട്ടി. മലത്തിന്റെ ഗന്ധം വഹിച്ച് പൊന്തിയ കാറ്റ് എന്നിൽ ഓക്കാനമുണ്ടാക്കി. അമ്മ കാണാമറത്തായപ്പോൾ ഞാനാ പൊന്തക്കാട്ടിൽനിന്ന് പുറത്തിറങ്ങി ഉണ്ണിത്തറമാവ് ലക്ഷ്യംവച്ചുനീങ്ങി. എന്നെ കാണാതാവുമ്പോൾ അമ്മ കുരലുപൊട്ടി വിളിക്കുമെന്നുറപ്പായിരുന്നു. ആ ശബ്ദത്തിൽ നിന്ന് രക്ഷപ്പെടാൻ ഞാൻ മുന്നോട്ടു കുതിച്ചോടി.

പല്ലുകളടർന്നാടുന്ന അപ്പൂപ്പൻ കിണറിനടുത്ത് എന്റെ ഓട്ടം അവസാനിച്ചു. മനസ്സിലുറഞ്ഞുകൂടിയ ആകാംക്ഷയും ഭയവും എന്നെ ആശങ്കയോടെ നടത്തി. ഇടതുകാൽ മുന്നോട്ടുകുതിച്ചപ്പോൾ വലതുകാൽ പിന്നാക്കം വലിഞ്ഞു. കാലുകൾ വലിച്ചുവച്ച് ഞാൻ അതിവേഗത്തിൽ നടന്നു. പടിഞ്ഞാറേയറ്റത്ത് സൂര്യൻ ചുമന്ന ഗോളമായി ഓലക്കീറുകൾക്കിടയിൽ ചിതറി നിന്നു. താമരക്കുളത്തിനടുത്തെത്തിയപ്പോൾ എന്റെ കാല് നിശ്ചലമായി. കൂമ്പിത്തുടങ്ങിയ താമരപ്പൂക്കൾ. ആദ്യം മാങ്ങ രുചിയോടെ നുകർന്നതിനുശേഷം പൂ പറിക്കാം എന്നു ഞാൻ ഉറച്ചു. അല്ലെങ്കിൽ ഒരു പക്ഷേ മാങ്ങ രുചിച്ചിറക്കാൻ കഴിയാതെ നിലയില്ലാക്കയത്തിൽ മുങ്ങിത്താഴ്ന്നാലോ ?

ഞാൻ കുളത്തിന് കിഴക്കുവശം ചേർന്നുള്ള തിട്ടമേൽ പിടിച്ചുകയറി. അടുത്ത കാലത്തൊന്നും അവിടെ ആരെങ്കിലും വന്ന ലക്ഷണമുായിരുന്നില്ല. തിട്ടയുടെ ഒരറ്റത്ത് മാനംമുട്ടെ വളർന്നു നില്ക്കുന്ന ഒരാഞ്ഞിലിമരം. അതിന്റെ ചോട്ടിൽ നിറയെ പഴങ്ങൾ. അവയെന്നെ മാടിവിളിച്ചെങ്കിലും ഒറ്റമൊലച്ചി എനിക്കായി കരുതിവച്ചിരിക്കുന്ന മാമ്പഴങ്ങളേക്കാൾ രുചിയുള്ള ഒന്നും ഭൂമിയിൽ അവശേഷിക്കുന്നില്ല എന്നു ഞാൻ വിശ്വസിച്ചു.

കറുകയും തൊട്ടാവാടിയും മുയൽചെവിയനും പൂവാങ്കുരുന്നും മുക്കുറ്റിയും പടർന്നു നില്ക്കുന്ന മാവിൻചോട്. അവയ്ക്കിടയിൽ സ്വർണ്ണനിറത്തിൽ വിലക്കപ്പെട്ട കനി. അഞ്ചാറു മാമ്പഴങ്ങൾ ഞാൻ ഓടിച്ചെന്നുപെറുക്കി നെഞ്ചോടടുക്കി. കത്തിപ്പൊരിയുന്ന വേനലിലും അവിടമാകെ ഹൃദയം തണുപ്പിക്കുന്ന ഊഷ്മളത. യുഗാന്തരങ്ങളിലെവിടെയോ നഷ്ടപ്പെട്ട പറുദീസ എന്നിൽ പെയ്തിറങ്ങുന്നതായി എനിക്കുതോന്നി.

ഒരു വശത്ത് അടുങ്ങിക്കൂടിയ ചവറിലകൾക്കുമേൽ ഞാൻ കൂടുതൽ സ്വാതന്ത്ര്യത്തോടെ ഇരുന്നു. നെഞ്ചത്തടുക്കിയ മാമ്പഴങ്ങൾ ഞാൻ താഴെയിറക്കി. അപ്പോഴാണ് ഞാനത് ശ്രദ്ധിച്ചത്. ആ മാമ്പഴങ്ങളെല്ലാം ഒരുപോലെ. അവയ്ക്കെല്ലാം ഒരേ വലിപ്പം, ഒരേ ഉരുളിമ. മുലക്കണ്ണുപോലെ ചുണ്ട്.

ഞാനൊരു മാമ്പഴം കൈയിലെടുത്തു,

ഓമനിച്ചു. അതിന് മത്തുപിടിപ്പിക്കുന്ന തീക്ഷ്ണഗന്ധമുണ്ടായിരുന്നു. അതെന്റെ സിരകളെ ചൂടുപിടിപ്പിച്ചു. എന്റെ ജിഹ്വാഗ്രങ്ങളിൽ നിന്ന് കൊതി ഉറവയാകാൻ തുടങ്ങി. വർദ്ധിച്ച പ്രലോഭനത്തിന്റെ നിമിഷത്തിൽ ഞാനാ ചുണ്ടിൽ ഒന്നമർത്തിക്കടിച്ചു. രുചിയുടെ തേൻമധുരം നുകർന്നു. കൂടുതൽ ആർത്തിയോടെ വീണ്ടും വീണ്ടും കടിച്ചു. പകുതിയോളം അകത്താക്കിക്കഴിഞ്ഞപ്പോഴാണ് അത് സംഭവിച്ചത്. എന്റെ നാവിൽ, ചുണ്ടിൽ, കവിളുകളിൽ, താടിയിൽ എന്തോ പറ്റിയിരിയ്ക്കുന്നു. അതെന്നിലേയ്ക്ക് അരിച്ചുകയറുന്നു. ഞാൻ ചുണ്ടുകളും കവിളുകളും ഇടതുകൈകൊണ്ട് അമർത്തിത്തുടച്ചു. കൈകളിലേയ്ക്ക് നോക്കിയപ്പോൾ കുതിച്ച് നുരയ്ക്കുന്ന വെളുത്ത പുഴുക്കൾ. ഞാൻ കൈയിലെ മാമ്പഴം ഊക്കോടെ വലിച്ചെറിഞ്ഞു. താഴെ ക്കിടന്നവ ചവിട്ടിത്തെറിപ്പിച്ചു.

പാവാടത്തുമ്പുകൊണ്ട് മുഖം അമർത്തിത്തുടച്ചു. ഉള്ളിലേയ്ക്ക് ഇറങ്ങിപ്പോയ പുഴുക്കളെ ഓർത്തപ്പോൾ എനിയ്ക്ക് ഓക്കാനം വന്നു. അറപ്പും വെപ്രാളവും കലർന്ന് അടിവയറ്റിൽ നിന്ന് ഉറഞ്ഞുപൊന്തിയ ഒരു വികാരം എന്നെ മാവിലേക്ക് അടുപ്പിച്ചു. ഞാൻ മാവിന്റെ തടിയിൽ കൈകൾ ചേർത്തുരച്ചു. ആറാളുടെ വണ്ണമുണ്ടായിരുന്നു അതിന്റെ തടിയ്ക്ക്. മുകളിലേയ്ക്ക് കൈപ്പത്തികൾ പോലെ ആറ് കവരകൾ. കറുത്ത് തഴച്ചുവളർന്ന തലമുടി പോലെ സമൃദ്ധമായ ഇലകൾ. തടിയിൽ അവിടവിടെ ചെറിയ മുഴകൾ. അപ്പോഴാണതെന്റെ ശ്രദ്ധയിൽപ്പെട്ടത്. മുകളിൽ ഇടതുഭാഗത്തായി സാമാന്യം വലിപ്പമുള്ള ഒരൊറ്റമുഴ. ഞാൻ വലതുഭാഗത്തേയ്ക്ക് കണ്ണോടിച്ചു. അവിടം ശൂന്യം ആരോ ഛേദിച്ചെടുത്ത പോലെ ശൂന്യം. ഞാൻ ഒന്നുരണ്ടടി പിന്നാക്കം നടന്നു. മാവിനെ ആപാദചൂഡം നോക്കി.

എന്റെ മുന്നിൽ ഭീമാകാരരൂപം പൂണ്ട് ഒറ്റമൊലച്ചി. എന്റെ ശിരസ്സിലൂടെ മിന്നൽപ്പിണർ പാഞ്ഞു. അയ്യോ എന്നുറക്കെ വിളിക്കാൻ തുടങ്ങിയത് തൊണ്ടയിൽക്കുരുങ്ങി. ഒന്നുരുവട്ടം മലക്കംമറിഞ്ഞ് തിട്ടയിലൂടെ ഊർന്ന് ഞാൻ കുളത്തിനടുത്തേയ്ക്ക് തെറിച്ചുവീണു. അവിടെ ക്കിടന്ന് സർവ്വശക്തിയുമെടുത്ത് ഞാൻ ഉറക്കെ വിളിച്ചു.

'അമ്മേ......'

'എന്താമ്മേ വേദന ജാസ്തിണ്ടോ? ഡോക്ടർ ഇപ്പ വരും. അപ്പ പറയാം. രണ്ട് ദിവസം കഴിഞ്ഞാ പോകാൻപറ്റുമായിരിക്കും. ദേ, ആ നൂറ്റാറിലെ ചേച്ചിയ്ക്ക് ഇന്നുപോകാം. അവർക്കും അമ്മേപ്പോലെ വലതുഭാഗത്തായിരുന്നു.'

ഞാൻ കിടന്ന കിടപ്പിൽ താഴേക്കുനോക്കി. നൈറ്റിക്കിടയിലൂടെ. അവിടെ തികച്ചും ശൂന്യമായ വലതു മാറിടം. ചുറ്റിക്കെട്ടിയ പഞ്ഞിത്തുണിയ്ക്കു മേൽ ചുവന്നുപരക്കുന്ന രക്തം....

■

# അഭിനന്ദനങ്ങൾ



2017-18 വർഷത്തെ എൻ.എസ്.എസ്. സംസ്ഥാന അവാർഡ് ബഹു. ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ.കെ.ടി.ജലീൽ പ്രഖ്യാപിച്ചു. കോഴിക്കോട് ഗവ. ആർട്സ് & സയൻസ് കോളേജിലെ യൂണിറ്റിനാണ് ഒന്നാം സ്ഥാനം. യൂണിറ്റിനെ നാഷണൽ അവാർഡിനായി പരിഗണിക്കപ്പെട്ടിരിക്കുന്നു. ഇംഗ്ലീഷ് വിഭാഗത്തിലെ ടി.കെ.ബാൻസുരി ബെസ്റ്റ് വളണ്ടിയറായും മലയാളവിഭാഗം അധ്യാപിക ബേബി ഷീബ ബെസ്റ്റ് പ്രോഗ്രാം ഓഫീസറായും തെരഞ്ഞെടുക്കപ്പെട്ടു. ബെസ്റ്റ് യൂണിറ്റ്, പ്രോഗ്രാം ഓഫീസർ, വളണ്ടിയർ.. എല്ലാം രണ്ടാം തവണയും നേടാനായതിൽ കഠിനാധ്വാനികളും സേവന സന്നദ്ധരുമായ വിദ്യാർത്ഥികളേയും നേതൃത്വം നല്കിയ ബേബി ഷീബ ടീച്ചറേയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.



എം. സുൽഫത്ത്

# പിങ്ക് സല്യൂട്ട്... ഗീത ടീച്ചർ

**ഇത്** ഡോ. പി. ഗീത. സംഘടിതയുടെ പത്രാധിപ സമിതി അംഗം. ആത്മാഭിമാനത്തിൽ സ്ത്രീകൾ പൊരുതുന്ന ഇടങ്ങളിലെല്ലാം പോരാളിയായും വസ്തുതാന്വേഷകയായും ഇരകളെ ചേർത്തു പിടിച്ചുകൊണ്ട് നിറസാന്നിധ്യമാകുന്നവൾ. ഏറ്റവും ഒടുവിൽ പള്ളിമതിൽക്കെട്ട് തുറന്ന് നീതിക്കു വേണ്ടി തെരുവിൽ പോരാടുന്ന കന്യാസ്ത്രീകളോട് ഐക്യപ്പെട്ടുകൊണ്ട് നിരാഹാര സമരം നടത്തിയവൾ.



കേരളത്തിന്റെ സമരചരിത്രത്തിൽ സമാനതകളില്ലാത്ത സമരത്തിനായിരുന്നു 2018 സെപ്തംബർ 7 മുതൽ 21 വരെ എറണാകുളം വഞ്ചി സ്ക്വയർ സാക്ഷ്യം വഹിച്ചത്. ലൈംഗികാക്രമണത്തിന്റെ ഇരയുടെ നീതിക്കു വേണ്ടി നിരവധി സമരങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്. എന്നാൽ നീതിക്കുവേണ്ടി ദിവസങ്ങളോളം തെരുവിൽ സഹപ്രവർത്തകർ സമരം ചെയ്തത് കേരളത്തിന്റെ സമരചരിത്രത്തിൽ ആദ്യമായിട്ടാണ്. ഈ സഹപ്രവർത്തകർ നിയമക്രമങ്ങൾ പാലിച്ചുകൊണ്ട് ജീവിക്കുന്ന കന്യാസ്ത്രീ ആണെന്ന പ്രത്യേകതയാണ് ഈ സമരത്തെ കൂടുതൽ ശ്രദ്ധേയമാക്കിയത്.

ഇത് ഒരു കന്യാസ്ത്രീയുടെ നീതിക്കുവേണ്ടി ഇരകൾ നടത്തേണ്ട സമരമല്ല എന്ന തിരിച്ചറിവാണ് സമരപ്പന്തലിലേക്ക് പൊതുസമൂഹത്തെ എത്തിച്ചത്. അധികാരവും പദവിയുമുള്ളവർ പ്രതിസ്ഥാനത്ത് വരുമ്പോൾ നിയമവും നീതിന്യായ വ്യവസ്ഥയും ഇരകൾക്കൊപ്പമാവാൻ, നിശ്ശബ്ദരാവാൻ തയ്യാറാകാതിരിക്കുന്ന സംഘബോധം സമരപ്പന്തലിലെത്തിയ പൊതുസമൂഹം പ്രകടിപ്പിച്ചു. പ്രതി അറസ്റ്റ് ചെയ്യപ്പെടാതിരിക്കുമ്പോൾ രാഷ്ട്രീയ മുതലെടുപ്പിനു വേണ്ടി പോലും പ്രതിപക്ഷ കക്ഷികൾ പിന്തുണ പ്രഖ്യാപിക്കാത്ത സമരമെന്ന പ്രത്യേകതയും ഇതിനുണ്ട്.

“നീതിയില്ലെങ്കിൽ നീ തീയാവുക” എന്ന ഉൾവിളി (അതോ സമരപ്പന്തലിൽ നിന്നുയർന്ന മുദ്രാവാക്യം വിളിയോ) ഏറ്റെടുത്തുകൊണ്ട് സ്ത്രീ നീതിക്കുവേണ്ടി മരണം വരെ നിരാഹാരം എന്ന സഹനസമരം നടത്താൻ പി.ഗീത എന്ന ഗീത ടീച്ചർ തയ്യാറാവുന്നത് സമരത്തിന്റെ 10-ാം ദിവസമാണ്.

സൂര്യനെല്ലിയിലെയും കിളിരൂരിലെയും കവിയൂരിലെയും കാസർകോട്ടെ സഫിയയുടെയും തുടങ്ങി സ്ഥലനാമങ്ങളിൽ അറിയപ്പെടുന്നതും അല്ലാത്തതുമായ നിരവധി സ്ത്രീപീഡനക്കേസുകളിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ അതിജീവനസമരങ്ങളിൽ പരിസ്ഥിതി സമരങ്ങളിൽ ഇടപെട്ട അനുഭവ സമ്പത്തും നിഷേധിക്കപ്പെട്ട നീതിയെക്കുറിച്ചുള്ള ബോധ്യങ്ങളുമാണ് ഗീത ടീച്ചർക്ക് 58-ാം വയസ്സിൽ നിരാഹാര സമരം നടത്താനുള്ള ആത്മധൈര്യം കൊടുത്തത്. കേവലം 5 ദിവസത്തെ നിരാഹാരം സമരചരിത്രത്തിൽ വലിയ സംഭവമൊന്നുമല്ല. പക്ഷെ, അംഗീകരിക്കപ്പെടേണ്ടതുണ്ട്. കന്യാസ്ത്രീകളുടെ സമരത്തോടൊപ്പം 5 ദിവസത്തെ നിരാഹാര സമരത്തെയും ചരിത്രം 'His history' ആയി വാഴ്ത്തപ്പെടുമ്പോൾ 'Her Story'കൾ ബോധപൂർവ്വം രേഖപ്പെടുത്തുന്നില്ലെങ്കിൽ 'His Story' മാത്രമേ ചരിത്രത്തിൽ ഉണ്ടാവൂ. ആ ഒരു തിരിച്ചറിവിൽ നിന്നുകൊണ്ടാണ് 'വിംഗ്സ് കേരള' എന്ന സംഘടന ഒക്ടോബർ 2ന് പി. ഗീതയെ ആദരിച്ചത്.

നമുക്ക് വേണ്ടി പറയാൻ നമ്മളേ ഉണ്ടാവൂ എന്ന ബോധ്യപ്പെടുത്തലായിരുന്നു കന്യാസ്ത്രീ സമരം. മതാധികാരത്തിന്റെയും കുടുംബത്തിന്റെയും ഭരണകൂടത്തിന്റെയും ആൺകോയ്മക്കുള്ളിൽ സ്ത്രീ നീതി പിടിച്ചുവാങ്ങേണ്ടതുണ്ട്. സ്ത്രീ പങ്കാളിത്തം നാമമാത്രമായ ഭരണാധികാര സ്ഥാപനങ്ങൾ, നിയമനിർമ്മാണ സഭകൾ, നീതിന്യായ സംവിധാനങ്ങൾ ഒക്കെയും സ്ത്രീ വിരുദ്ധ നിലപാടുകളോട് ഒട്ടിച്ചേർന്ന് നില്ക്കുമ്പോൾ അതിജീവനത്തിനായി തിരിച്ചറിവുമാത്രം പോര സംഘടിതശക്തിയും സ്ത്രീയ്ക്കുണ്ടാവണമെന്ന് ബോധ്യപ്പെടുത്തൽകൂടിയായിരുന്നു കന്യാസ്ത്രീ സമരം. ഈ അനീതിക്കാലത്ത് ജീവിച്ചിരിക്കുന്ന നാം അനീതിക്കെതിരെ എന്തു ചെയ്തു എന്ന് തിരിഞ്ഞു നോക്കുമ്പോൾ ആവേശം പകരാൻ ഇതൊക്കെയുണ്ട് ഗീത ടീച്ചർക്ക്. സ്ത്രീജീവിതം തന്നെ അതിജീവനസമരങ്ങളാകുമ്പോൾ പിങ്ക്സല്യൂട്ട് ഗീത ടീച്ചർ.

■



# വാസ്തവം



ഡോ.ജാൻസി ജോസ്

വീട്ടിലേക്കു വരുന്ന വഴിയാണ് റോഡരികിൽ ആൾക്കൂട്ടം കണ്ടത്. നടുവിൽ ഒരു പെണ്ണുനിന്നു കരയുന്നു. ബാക്കിയെല്ലാം ആണുങ്ങൾ. ഞാൻ വേഗം സ്കൂട്ടർ സൈഡാക്കി കരയുന്ന പെൺകുട്ടിയുടെ അടുത്തേക്കു ചെന്നു. കണ്ണീർ ഇടക്കിടക്ക് തുടയ്ക്കുന്നുണ്ട് കുട്ടി. വിവരങ്ങളന്വേഷി ച്ചപ്പോഴാണ് പെൺകുട്ടി ഒരാളുടെ കൂടെ ഒളിച്ചോടിയതാണെന്നറിഞ്ഞത്. അവിടെ നിന്ന ഒരാൾ എന്നോട് പറഞ്ഞു. 'രണ്ടു മക്കളുടെ അമ്മയാണിവർ. വേറൊരു ത്തന്റെ കൂടെ ഒളിച്ചോടിപ്പോന്നതാണ്. രണ്ടു പേരും കൂടി വഴക്കുണ്ടാക്കുന്നതു കേട്ടാണ് ഇവിടെ ആളുകൂടിയത്. ഇപ്പോൾ ഇവനും വേണ്ട അവനും വേണ്ട. ഇവൾ ക്കൊക്കെ ഒളിച്ചോടുകയാണെങ്കിൽ നല്ലയാളിന്റെ കൂടെ ആയിക്കൂടെ'. സത്യ മാണ്. എന്തു കാരണത്താലാണെങ്കിലും ഒളിച്ചോടുന്നത് വിശ്വസിക്കാവുന്ന വരുടെ കൂടെയാവണം. എങ്ങനെ ആളു കളെ മനസ്സിലാക്കും എന്നത് മറ്റൊരു പ്രശ്നമാണ്. മനസ്സിലാക്കാൻ ശ്രമിക്കുക അതേ ഉത്തരമുള്ളൂ. വികാരത്തിനല്ല, വിചാരത്തിനാണ് പ്രാധാന്യം വേണ്ടത്. അത് മാത്രം ഓർത്താൽ മതി.

വിവാഹേതര പ്രണയവും ഒളിച്ചോ ട്ടവും വർദ്ധിച്ചുവരുന്ന പ്രവണതയാണ് ഇന്നു കാണുന്നത്. തങ്ങൾ അർഹിക്കുന്ന പ്രണയം പങ്കാളിയിൽ നിന്ന് ലഭിക്കാത്തതു കൊണ്ടാണോ ഇവർ പ്രണയം തേടി പുറത്തു പോകുന്നത്? വൈവാഹിക ജീവിതം വാശിയുടേയും പ്രതികാരത്തിന്റേതു മായി മാറുന്ന അവസ്ഥയിൽ എങ്ങോട്ടെങ്കിലും ഒളിച്ചോടാൻ തോന്നുന്നത് സ്വാഭാവികം. അതെങ്ങോട്ടാണ് എന്നതാണ് പ്രധാനം.

പ്രണയവും സെക്സും പങ്കുവെയ് ക്കണമെങ്കിൽ ഒളിച്ചോടേണ്ടതില്ല. കുടുംബ മായി ജീവിക്കുന്നവരെല്ലാം ഇതു രണ്ടും കുടുംബത്തിനു പുറത്ത് ആവശ്യമെങ്കിൽ കണ്ടെത്തുന്നുമുണ്ട്. ഇവിടെയൊക്കെ സ്ത്രീകളെ വിചാരമാണ് നയിക്കേണ്ടത്. അല്ലെങ്കിൽ അവിടേയും ഇവിടേയും പ്രവേശനം തന്നെ നിഷേധിക്കപ്പെട്ടേക്കും. ഭർത്താവ് അന്യസ്ത്രീയുടെ കൂടെ ഒളിച്ചോടുമ്പോൾ കണ്ണീരും പ്രാർഥനയു മായി കാത്തിരിക്കുന്ന ഭാര്യമാരേപ്പോലയല്ല, ഒളിച്ചോടുന്ന ഭാര്യമാരോട് ഭർത്താക്കന്മാർ ചെയ്യുന്നത് എന്ന് ഓർമ്മ വേണം, കരുതൽ വേണം.

വഴിത്താരകൾ

ജാനകി
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*



# പ്രാർത്ഥനയുടെ സമരമുഖങ്ങൾ

പ്രളയഭയങ്ങൾക്കിടയിൽ ജീവിക്കുന്ന ഒരു സമൂഹം എന്ന നിലയിൽ കേരളം ഒരുപാടു മാറിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ വിതച്ച നടുക്കവും ക്ഷീണവും നമുക്ക് ചുറ്റും കനത്തു നിൽക്കുന്നു. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മളെല്ലാവരെയും നോവിച്ചു കൊണ്ടാണ് മഴയും, കാറ്റും, പുഴയും, മണ്ണും നമ്മളിലൂടെ കടന്നു പോയത്. മനുഷ്യനും, മൃഗവും, മരവും മാനവും ഒന്നായി മാറിയ നാളുകളിൽ നിന്ന് ഒന്ന് നിവർന്നു നിൽക്കുമ്പോഴേക്കും ക്രൈസ്തവസന്യാസിനികളുടെ സമരവും, തുടർന്ന് വന്ന സുപ്രീം കോടതി വിധികളും മലയാളികളെ വിവാദങ്ങളുടെ നീർചുഴിയിലേക്കു തള്ളിയിട്ടു. ഈ പംക്തി അച്ചടിച്ച് വരുമ്പോഴേക്കും നമ്മൾ മറ്റൊരു കൊടുങ്കാറ്റിന് നടുവിലായിരിക്കാം.

എന്നിരുന്നാലും ക്രൈസ്തവ സന്യാസിനികൾക്കേറ്റ മുറിവുകളും അവർ നടത്തിയ സമാധാനപരമായ പ്രതിഷേധവും എന്നെ വ്യക്തിപരമായി തന്നെ ഉലച്ച ഒരു അനുഭവമായിരുന്നു. പലർക്കും അങ്ങിനെയായിരിക്കാം. കാരണം അവർ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും, മറ്റു ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെയും ഈ സമൂഹവുമായി ഇണങ്ങിയും പിണങ്ങിയും, അടുത്തിട പഴകുന്ന ഒരു കൂട്ടരാണവർ. പതിനഞ്ചോളം വർഷത്തെ കോൺവെന്റ് വിദ്യാഭ്യാസം വളരെ സൂക്ഷ്മ തലങ്ങളിൽ എന്നെ സ്പർശിച്ചിട്ടുണ്ട്. കോൺവെന്റിൽ പഠിച്ച പെൺകുട്ടികൾ രാഷ്ട്രീയ ബോധമില്ലാത്തവരാണെന്നും സിസ്റ്റർമാരുടെ ശിക്ഷണത്തിൽ വളരെ പ്രതിലോമകരമായ മൂല്യങ്ങളെ വെച്ച് പുലർത്തുന്നവരാണെന്നുമൊക്കെ പുറത്തു നിന്നും ഞങ്ങൾക്ക് കേൾക്കേണ്ടി വന്നിട്ടുണ്ട്. അത്തരം ധാരണകളെ പാടെ അട്ടിമറിച്ചു കൊണ്ട് സിസ്റ്റർമാരുടെ മുന്നേറ്റത്തിൽ നടന്ന ആ വൻ ചലനത്തിന്റെ രാഷ്ട്രീയപ്രാധാന്യം നമ്മൾ അറിയാൻ പോകുന്നതേ ഉള്ളൂ.

അവരിൽ കർക്കശക്കാരും കണിശക്കാരും ഉണ്ട്. ഉഗ്രരൂപിണികളും, ക്ഷിപ്രപ്രസാദികളും,




കരുണാമയികളും ഉണ്ട്. ബാല്യ കൗമാരങ്ങളിൽ അവരുടെ ഇടയിലൂടെ നടന്നു നീങ്ങിയ ഞാൻ അവരുടെ ആത്മീയ സാഹോദര്യത്തിന്റെ കരുത്തും, ദൗർബല്യവും, ഒരു പോലെ അറിഞ്ഞിട്ടുള്ളവളാണ്. എന്നെ പോലെ നിങ്ങളിൽ പലരും അറിഞ്ഞിട്ടുണ്ടാവണം. പല സഹപാഠികളും സിസ്റ്റർമാരായിരുന്നു. ഭവ്യതയും, അച്ചടക്കവും അനുസരണയും ജീവിതശൈലിയായി മാറ്റിയിട്ടുള്ളവർ. ഞങ്ങളെ പോലുള്ളവരുടെ കുരുത്തക്കേടുകൾ കണ്ടു

വാത്സല്യത്തോടെ ചിരിക്കുന്നവർ. കോളേജിൽ പഠിക്കുമ്പോൾ പല മത്സരങ്ങൾക്കായി ദൂരസ്ഥല ങ്ങളിലേക്ക് കൂട്ടുവന്നിട്ടുള്ള സിസ്റ്റർമാരെ ഓർക്കുന്നു. എത്രമാത്രം ശ്രമകരമായിരുന്നിരിക്കാം ഈ തുറന്നു പറച്ചിലും തുടർന്നു അവർ നയിക്കേണ്ടി വന്ന സമരവുമെന്നു കോൺവെന്റ് മുറകൾ കുറച്ചെങ്കിലുംഅടുത്തറിയുന്നവർക്ക് മനസ്സിലാവും. ഭക്തിയും പ്രാർത്ഥനയും മാത്രമായി ഒതുങ്ങി കഴിയുന്ന, സങ്കുചിത മനഃസ്ഥിതി വെച്ച് പുലത്തുന്നവരാണ് സിസ്റ്റർമാർ എന്ന ധാരണ പൊതുവേയുണ്ട്. ദാമ്പത്യ ജീവിതത്തിനകത്തെ വിട്ടുവീഴ്ചകൾ അറിയാത്തതു കൊണ്ട് തന്നെ സ്വാർത്ഥികളും തന്റേടികളും ആണെന്നു വേറെയും ഭാഷ്യങ്ങളുണ്ട്. കർത്താവിനോടുള്ള കൂറും വിനയവും അവരിൽ അധികാര ശക്തികളോടുള്ള വിധേയത്വമായി മാറുന്നുണ്ട് എന്നും വിമർശകർ പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാൽ പതിവ് ബോധ്യ ങ്ങളെ തൂത്തെറിഞ്ഞു കൊണ്ടാണ് സിസ്റ്റർ



അനുപമയും കൂടെ നിന്നവരും ഇങ്ങിനെയൊരു പ്രതിഷേധം നടത്തിയത്. ഈ തലമുറയിലെ സ്ത്രീകളെ ത്രസിപ്പിച്ചത് അവർ സാധ്യമാക്കിയ മറ്റൊരു സമരഭാഷയായിരുന്നു. നിശ്ചയദാർഢ്യ ത്തോടെയുള്ള അവരുടെ നിലപാട് ലോകത്തിലെ സ്ത്രീസമര ചരിത്രത്തിലെ തന്നെ നാഴികക്കല്ലായി മാറി എന്നതാണ് സത്യം.

കന്യാസ്ത്രീകൾ സഭയിൽ ശബ്ദമുയർ ത്തുമോ എന്ന് പലരും ആശ്ചര്യപ്പെടുമ്പോഴും എനിക്ക് അത്ഭുതം തോന്നിയില്ല. എന്റെ ബാല്യ ത്തിൽ ഞാൻ കണ്ട വളരെയേറെ ആജ്ഞാശക്തി യുള്ള, പ്രായോഗികമതികളായ, കാര്യപ്രാപ്തി യുള്ള വ്യക്തികളിൽ പെട്ടവരാണവർ.. സാമ്പ്രദാ യിക സ്ത്രൈണരീതികളിൽ നിന്ന് തീർത്തും വ്യത്യസ്തമായ ഒരു ശരീരഭാഷ ഞങ്ങൾക്ക് അവരിലൂടെ അനുഭവപ്പെട്ടിരുന്നു. ആത്മവിശ്വാ സവും തന്റേടവും വിനയവും ഒരുപോലെ സ്ഫുരിച്ച ഒരു സവിശേഷ ചൈതന്യം ഇവരിൽ പലരിലും കണ്ടിരുന്നു. അത് അഹങ്കാരമായും കാണപ്പെട്ടിരുന്നു. ചിലരുടെ മനസ്സ് കലുഷമായി രുന്നു. സംശയങ്ങളുടെയും അടിച്ചമർത്തിവെച്ചി രുന്ന പല വികാരങ്ങളുടെയും ആകെ തുകയായി രുന്നു അവരിൽ പലരും. ഒരുപാട് പേർ തീക്ഷ്ണ മായ പരീക്ഷണങ്ങളിലൂടെ, പിരിമുറുക്കങ്ങളിലൂടെ കടന്നു പോയിരുന്നു എന്ന് ഞങ്ങൾ കേട്ടിരുന്നു.

മറ്റു പല കോൺവന്റുകളെയും അപേ ക്ഷിച്ചു ഞാൻ പഠിച്ച സ്കൂളിലേയും കോളേജി ലേയും സിസ്റ്റർമാർ നിയമങ്ങളും ശാസനങ്ങളും അനുസരിപ്പിക്കുന്നതിനൊപ്പം, പെൺകുട്ടികളുടെ കഴിവുകളെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ശ്രമിച്ചിരുന്നു. യാഥാസ്ഥിതിക മനോഭാവം ഉള്ള വരെ പോലെ തന്നെ പുതിയ ആശയലോകങ്ങ ളോട് അനുഭാവം പുലർത്തിയവരും ഉണ്ടായിരുന്നു. കേരളത്തിന് പുറത്തുപോയി പ്രവർത്തിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന സിസ്റ്റർമാരുടെ സമീപനങ്ങൾ വളരെ വ്യത്യസ്തമായിരുന്നു. സ്കൂളിലുണ്ടായിരുന്ന സിസ്റ്റർ എമറൻഷ്യ, കോളേ ജിലെ സിസ്റ്റർ ലൊറേറ്റ എന്നിവരെ ഈ സാഹചര്യ ത്തിൽ പ്രത്യേകം ഓർക്കുന്നു. പ്രസന്നമായ സമീപനം കൊണ്ടും ആഹ്ലാദം നിറഞ്ഞ അവസ്ഥ കൊണ്ടും അവർ അവർക്കു ചുറ്റും, ക്ലാസിനകത്തും പുറത്തും പ്രസാദാത്മകമായ അന്തരീക്ഷം സൃഷ്ടിച്ചു. ഒരു പക്ഷേ ക്രൈസ്തവ സന്യാസിനി കൾക്കിടയിൽ നടക്കുന സംവാദങ്ങളും മാറ്റങ്ങളും ഞങ്ങൾ സിസ്റ്റർ ലൊറേറ്റയെപോലെ ഉള്ളവരിലൂടെ ആയിരിക്കാം അറിഞ്ഞിട്ടുണ്ടാവുക. ഉത്തരേന്ത്യ യിൽ വിവിധ ഗ്രാമങ്ങളിൽ മതപ്രവർത്തനങ്ങൾ നടത്തി ആദിവാസികൾക്കിടയിൽ ജീവിച്ചു, ഇടക്കൊക്കെ നാട്ടിലേക്ക് വന്നിരുന്ന സിസ്റ്റർ ലോറെറ്റയുടെ മനസ്സ് എന്നും പ്രകാശം നിറഞ്ഞ തായിരുന്നു. അവരുടെ അർപ്പണബോധവും തന്റെ കർമ്മമണ്ഡലത്തിൽ അവർ അനുഭവിച്ച ആത്മ സംതൃപ്തിയും അവർക്കു ചുറ്റും ഒരു കാന്തിക വലയം തന്നെ തീർത്തിരുന്നു. സിസ്റ്ററുടെ മുന്നിൽ ഞങ്ങൾ വിദ്യാർത്ഥിനികൾക്ക് മുഖം മൂടികൾ അണിയേണ്ട ആവശ്യമുണ്ടായിരുന്നില്ല. ഒരിക്കൽ ക്ലാസിൽ സിസ്റ്റർ ഒരു ചോദ്യം തൊടുത്തു വിട്ടു. 'ദൈവം ഉണ്ട് എന്ന് വിശ്വസിക്കാത്ത ഏതെ ങ്കിലും പെൺകുട്ടി ഉണ്ടോ ഇവിടെ ?' ഒരു നിമിഷം മടിച്ച്, പിന്നെ എഴുന്നേറ്റ് 'എനിക്കത്ര ഉറപ്പില്ല സിസ്റ്റർ' എന്ന് എനിക്ക് പറയാൻ സാധിച്ചത്,




സിസ്റ്റർ ആ ക്ലാസിൽ ഞങ്ങൾക്ക് ചുറ്റും ഉണ്ടാക്കിയെടുത്ത സ്വതന്ത്രമായ സംവാദോന്മുഖമായ ഒരിടത്തിൽ നിന്നാണ്. സിസ്റ്ററുടെ പ്രതികരണവും അന്നും ഇന്നും എന്നെ അത്ഭുതപ്പെടുത്തുന്നു. “how can a good girl like you not believe in god?” ആ ചോദ്യത്തിലെ തന്ത്രം കുട്ടികൾ കാണാതിരുന്നില്ല. നന്മയെയും ദൈവവിശ്വാസത്തേയും ഇണക്കിനിർത്തി ഞങ്ങളെ വിദഗ്ധമായി സിസ്റ്റർ കുരുക്കിലാക്കുകയായിരുന്നു.

ഞങ്ങൾ അതിൽ വീണു പോവില്ല എന്ന പൂർണബോധ്യം സിസ്റ്റർക്കു ഉണ്ടായിരുന്നിട്ടും അഭിപ്രായ വ്യത്യാസങ്ങളെ പ്രോത്സാഹിപ്പിക്കാൻ സന്നദ്ധമായ ഒരന്തരീക്ഷം ആ കലാലയത്തിൽ അവർ ബോധപൂർവ്വം ഉണ്ടാക്കി എടുക്കുക തന്നെയായിരുന്നു. അനുസരണ കാതലായ സ്വഭാവഗുണമായി പ്രകീർത്തിക്കുന്ന ഒന്നാണ് കോൺവെന്റ് അന്തരീക്ഷം. പക്ഷേ അവിടെ ഞങ്ങൾ പഠിച്ചത് അന്ധമായ അനുസരണയോ വിധേയത്വമോ ആയിരുന്നില്ല. മറിച്ച് കാലോചിതമായി മാറ്റങ്ങളെ ഉൾക്കൊള്ളാനുള്ള ഹൃദയവിശാലത കൂടിയ ആയിരുന്നു.

ചോദ്യം ചെയ്യലുകളെയും എതിർപ്പുകളെയും നേരിടാനും പ്രതീക്ഷിക്കുവാനുമുള്ള ആർജ്ജവം എന്നും ഇവരിൽ പലരും കാണിച്ചിട്ടുണ്ട് എന്നാണെന്റെ അനുഭവം. ഒരിക്കൽ ആഴ്ച തോറുമുള്ള മതപാഠ ക്ലാസ്സിന്റെ വിരസത കാരണം ഞങ്ങൾ കുറച്ചു പേർ ആ ക്ലാസിൽ ഇരിക്കേണ്ടെന്നു തീരുമാനിച്ചു. വളരെ സ്വാഭാവികമായി ഉയർന്ന ഒരു തീരുമാനമായിരുന്നു അത്. അത്ര വിശാലമല്ലാത്ത ക്യാമ്പസ്സിൽ ക്ലാസ്സു കട്ടു ചെയ്തു പോകാൻ കാര്യമായി ഇടങ്ങളില്ല. എന്നാലും ക്ലാസ്സിനേക്കാൾ ഭേദം ലൈബ്രറിയോ അതി സുന്ദരമായ പള്ളിയോ ആണെന്ന് ഞങ്ങൾ തീർച്ചപ്പെടുത്തി. പ്രതീക്ഷിച്ചതുപോലെ ഞങ്ങളുടെ അസാന്നിധ്യം ശ്രദ്ധിക്കപ്പെട്ടു. പ്രിൻസിപ്പൽ അധികം വൈകാതെ വിളിപ്പിച്ചു. എന്ത് പറയണം എന്ന് ഞങ്ങൾക്കൊരു രൂപവുമുണ്ടായിരുന്നില്ല. സ്വതവേ ഗൗരവക്കാരിയായ സിസ്റ്റർ ചടുലമായ ഇംഗ്ലീഷിൽ തന്നെ ഉപദേശരൂപത്തിൽ ചോദ്യങ്ങൾ ആരംഭിച്ചു. എന്നാൽ സിസ്റ്റർ അധികം കഷ്ടപ്പെടേണ്ടിവന്നില്ല. ഫസ്റ്റ് ബെഞ്ചിൽ ഇരുന്നു, ടീച്ചർമാർ പറയുന്നതെല്ലാം തത്ത പോലെ ഉരുവിടുന്ന കുട്ടിയും ഞങ്ങൾക്കൊപ്പം ഉള്ളതാണ് സിസ്റ്ററെ കൂടുതൽ ഞെട്ടിച്ചത്. ആ ഞെട്ടലിന്റെ ആഘാതം പതിന്മടങ്ങു വർദ്ധിപ്പിച്ചു കൊണ്ട് അവൾ പറഞ്ഞു, “മനുഷ്യരെ തമ്മിലടിപ്പിക്കുന്ന ഈ മതപാഠങ്ങൾ ഞങ്ങളെ എന്തിനാണ് പഠിപ്പിക്കുന്നത്. മതങ്ങൾ മനുഷ്യർക്കിടയിൽ ഭിന്നിപ്പുകളാണ് ഉണ്ടാക്കുന്നത്. ഞങ്ങൾക്ക് ഈ ക്ലാസുകൾ കൊണ്ട് ഒരു കാര്യവുമില്ല.” അവൾ ഒരു യുക്തിവാദി ആയിരുന്നില്ല. തികഞ്ഞ ഈശ്വരവിശ്വാസിയായിരുന്നു. അവളുടെ ധീരമായ പൊട്ടിത്തെറി ഞങ്ങൾ സഹപാഠികൾക്കും വലിയൊരു പാഠമായിരുന്നു. ആരെ കുറിച്ചും ഒരു തീർപ്പു കല്പിക്കാനാവില്ല എന്ന പാഠം. അധ്യാപകരുടെ കണ്ണിലുണ്ണി ആയിരുന്ന അവൾ മറുത്തു പറയില്ല എന്ന മുൻവിധിയാണ് ഞങ്ങൾക്ക് കുടഞ്ഞു കളയേണ്ടി വന്നത്. അവളുടെ നിലപാടിനെ പിന്തുണച്ചു കൊണ്ട് ഞങ്ങൾ നിന്നപ്പോൾ സിസ്റ്റർ ക്ഷമയോടെ ഞങ്ങൾക്കു പറയാനുള്ളത് കേട്ടു. ക്ലാസ്സിന്റെ നിലവാരം മെച്ചപ്പെടുത്താൻ ശ്രമിക്കാം എന്ന് ഏറ്റു. മെച്ചപ്പെടുത്തൽ ഒന്നും കാര്യമായി നടന്നില്ല. പക്ഷെ പിന്നീട് ആ ക്ലാസിൽ കയറുന്നതിന് വലിയൊരു നിർബന്ധിപ്പിക്കലുണ്ടായില്ല. അനുസരിപ്പിക്കാൻ പഠിപ്പിക്കുന്നത് പോലെ തന്നെ അനുസരണക്കേടിനെ ക്രിയാത്മകമായി മനസ്സിലാക്കാനും അവർ ശ്രമിച്ചിരുന്നു.

സിസ്റ്റർമാർ ഉയർത്തുന്ന ചോദ്യങ്ങൾ ഇന്ന് ആഗോള ശ്രദ്ധ ആകർഷിച്ചിരിക്കുന്നു. അവരുടെ കൂടെ ആഗോള സമൂഹമുണ്ട് എന്ന് മലയാളി തിരിച്ചറിയണം. പുതിയ ജെണ്ടർ ബോധങ്ങളെ കുറിച്ച് ഒരു വിവരവുമില്ലാത്ത പൊതുപ്രവർത്തകരുടെ നാവിന് എല്ലില്ലാത്ത പദപ്രയോഗങ്ങൾ കൊണ്ട് ദേശീയ തലത്തിൽ തന്നെ നാണംകെട്ടു നിൽക്കുന്ന അവസ്ഥയാണ് സാക്ഷരകേരളത്തിന്റേത്. അതിന്റേയിടയിൽ ഈ സിസ്റ്റർമാരാണ് നമ്മുടെ യശസ്സിനെ ഉയർത്തിനിർത്തുന്നത് എന്നത് അഭിമാനകരമായ സത്യം മാത്രം.

■

ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# ഡോണ, ആർനോൾഡ്, നാദിയ നൊബേലിലെ പെൺ തിളക്കങ്ങൾ

ശാസ്ത്ര ഗവേഷണമൊന്നും സ്ത്രീകൾക്കു പറഞ്ഞിട്ടുള്ളതല്ലെന്നും നൊബേൽ സമ്മാനം നേടിയ സ്ത്രീകളുടെ എണ്ണം തുലോം തുച്ഛമാണെന്നും ഒക്കെ പൊതുവെ കേൾക്കുന്ന പരിഹാസ വചനങ്ങളാണ്. നൊബേൽ സമ്മാനത്തിന് അർഹരായിരുന്നിട്ടും തഴയപ്പെട്ട എത്രയോ സ്ത്രീകൾ ഉണ്ടെന്നും പെണ്ണായിപ്പിറന്നതിന്റെ പേരിൽ സ്വന്തം കണ്ടുപിടിത്തത്തിന്റെ ക്രെഡിറ്റ് പോലും കിട്ടാതെ പോയവർ എത്രയോ ഉണ്ടെന്നും പലരും സൗകര്യപൂർവ്വം അങ്ങു മറക്കുകയും ചെയ്യും. റോസ്‌ലിൻ ഫ്രാങ്ക്‌ലിൻഡും ലിസ് മെയ്റ്റ്നറും ജോസ്‌ലിൻ ബെല്ലുമൊക്കെ ഉദാഹരണങ്ങൾ. ഏതായാലും ഇത്തവണത്തെ നൊബേൽ പുരസ്കാരത്തിലെ സ്ത്രീ സാന്നിധ്യം അഭിമാനിക്കാൻ വക നൽകുന്നതാണ്.

### *ഡോണയുടെ തിളങ്ങും നേട്ടം*

ഇത്തവണ ഊർജതന്ത്ര നൊബേലിന് അർഹയായ കനേഡിയൻ ശാസ്ത്രജ്ഞ ഡോണ സ്ട്രിക്‌ലൻഡ് ലേസർ ഫിസിക്സിലാണ് വിസ്മയങ്ങൾ വിരിയിച്ചത്. ആർതർ അഷ്കിൻ, ഷൊറാദ് മൊറു എന്നീ അമേരിക്കൻ ശാസ്ത്രജ്ഞരാണ് ഡോണയ്ക്കൊപ്പം നൊബേൽ പുരസ്കാരത്തിന് അർഹരായവർ. ആറ്റങ്ങൾ, കണങ്ങൾ, ഇത്തിരിക്കുഞ്ഞു ബാക്റ്റീരിയകൾ, ജീവകോശങ്ങൾ എന്നിവയെ സുരക്ഷിതമായി പെറുക്കിയെടുക്കാൻ സഹായിക്കുന്ന പ്രകാശ ചവണകളുടെ കണ്ടുപിടിത്തമാണ് അഷ്കിനെ നൊബേലിനർഹനാക്കിയത്. അൾട്രാ ഷോർട്ട് ലേസർ പൾസുകളുടെ നിർമ്മാണമാണ് ഡോണയുടെ സംഭാവന. ചിർപ്ഡ് പൾസ് ആംപ്ലിഫിക്കേഷൻ വ്യാവസായിക രംഗത്തും ജീവശാസ്ത്ര രംഗത്തും വൈദ്യശാസ്ത്ര രംഗത്തും സാധ്യതകളുടെ പുതുവഴികളാണ് വെട്ടിത്തുറന്നത്. മാഡം ക്യൂറിക്കും മരിയ ഗോപ്പെർട്ട് മെയർക്കും ശേഷം നൊബേൽ നേടുന്ന മൂന്നാമത്തെ വനിതയാണ് ഡോണ. 1959 മെയ് 27 നാണ് ഡോണയുടെ ജനനം. റോച്ചസ്റ്റർ സർവ്വകലാശാലയിൽ നിന്നു ഡോക്റ്ററേറ്റ് നേടിയ ശേഷം ഓപ്റ്റിക്കൽ സൊസൈറ്റിയുടെ വൈസ് പ്രസിഡന്റായും പ്രസിഡന്റായും പ്രവർത്തിച്ചു. ഇപ്പോൾ വാട്ടർലൂ സർവ്വകലാശാലയിൽ അസോസിയേറ്റ് പ്രഫസറാണ് ഡോണ. ഓപ്റ്റിക്സിൽ ഗവേഷണങ്ങൾ നടത്തുന്ന ഡഗ്ലസ് ആർ.ഡൈകാറിനെയാണ് ഡോണ ജീവിതപങ്കാളിയാക്കിയത്. മകൾ ഹന്ന ടോറന്റോ സർവ്വകലാശാലയിൽ ആസ്ട്രോ ഫിസിക്സ് വിദ്യാർഥിനിയാണ്.

### *അർബ്ബുദത്തോടു പൊരുതി രസതന്ത്ര നൊബേലിലേക്ക്*

പരിണാമ തത്വങ്ങൾ കൂടി പ്രയോഗികമാക്കി പരീക്ഷണശാലയിൽ എൻസൈമുകളും ആന്റിബോഡികളുമൊക്കെ നിർമ്മിച്ച നേട്ടത്തിന് രസതന്ത്ര നൊബേൽ ലഭിച്ചപ്പോൾ അത് അക്ഷരാർഥത്തിൽ ഫ്രാൻസെസ് എച്ച്.ആർനോൾഡ് എന്ന വനിതയുടെ അതിജീവനത്തിന്റെ കഥ കൂടിയായി. ഗ്രിഗറി പി.വിന്റർ, ജോർജ് പി.സ്മിത്ത് എന്നിവരാണ് ആർനോൾഡിനൊപ്പം നൊബേൽ പങ്കിട്ടവർ. നൂതന ഔഷധങ്ങൾ, ഡിസൈനർ പ്രോട്ടീനുകൾ, പരിസ്ഥിതി സൗഹൃദ രാസവസ്തുക്കൾ എന്നിവയുടെ രംഗപ്രവേശത്തിന് വഴിയൊരുക്കിയ നേട്ടമാണിത്. ബാക്റ്റീരിയോഫേജുകളെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ആന്റിബോഡികളുടെ നിർമ്മാണമാവട്ടെ നൂതന ഔഷധങ്ങളിലേക്കും ചികിൽസയിലേക്കും ഒക്കെയുള്ള വഴി തുറന്നു, 1956 ജൂലൈ 25 ന് യു.

എസ്സിൽ ആണ് ആർനോൾഡ് ജനിച്ചത്. ബെർക്കിലിയിലെ കലിഫോർണിയ സർവ്വകലാശാലയിൽ നിന്ന് ഡോക്റ്ററേറ്റ് നേടി. ഇപ്പോൾ കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ പ്രഫസറാണ്. സ്തനാർബ്ബുദത്തോടു പൊരുതിക്കൊണ്ടും മകന്റെ വേർപാടുണ്ടാക്കിയ ആഘാതത്തിൽ നിന്നു കരകയറിക്കൊണ്ടുമാണ് ആർനോൾഡ് ശാസ്ത്രഗവേഷണങ്ങളിൽ മുഴുകിയത്.

*നാദിയയുടെ അതിജീവനവും പോരാട്ടവും*

സമാധാന നൊബേലിലെ പെൺ തിളക്കമാണ് നാദിയ മുറാദ്. ഐഎസ് (ഇസ്ലാമിക് സ്റ്റേറ്റ്) ഭീകരരുടെ തടവിൽ താൻ അനുഭവിച്ച കൊടിയ ലൈംഗിക അതിക്രമങ്ങൾ തുറന്നു പറഞ്ഞ് ലോകമനസ്സാക്ഷിയെ ഞെട്ടിച്ച നാദിയയുടെ കഥ സമാനതകളില്ലാത്ത അതിജീവനത്തിന്റെയും പോരാട്ടത്തിന്റെയും പ്രതീകമാണ്. യുദ്ധകാലത്തെയും സായുധ കലാപങ്ങളിലെയും ലൈംഗിക അതിക്രമം അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾക്കാണ് നാദിയയെ തേടി സമാധാന നൊബേൽ എത്തിയത്. നാദിയക്കൊപ്പം കോംഗോയിലെ ഡോക്റ്ററായ ഡെന്നിസ് മുക് വെഗെയും പുരസ്ക്കാരത്തിന് അർഹനായി. വടക്കൻ ഇറാഖിലെ സിൻജാറിനടുത്തുള്ള ഒരു ഗ്രാമത്തിലാണ് യസീദി വംശജയായ നാദിയ ജീവിച്ചിരുന്നത്. ആ ഗ്രാമത്തെ ഒരു കൊലക്കളമാക്കി മാറ്റി ഐഎസ് ഭീകരർ യസീദി സ്ത്രീകളെ ലൈംഗിക അടിമകളായി കടത്തിക്കൊണ്ടുപോയപ്പോൾ അക്കൂട്ടത്തിൽ നാദിയയും ഉണ്ടായിരുന്നു. അവരുടെ തടവിൽ മൂന്നു മാസം അനുഭവിച്ച കൊടിയ അതിക്രമങ്ങൾക്കൊടുവിൽ അവിടെ നിന്നു പുറത്തുകടന്ന നാദിയ ജർമ്മനിയിലേക്ക് രക്ഷപ്പെടുകയായിരുന്നു. അതിനുശേഷം തന്റെ ജീവിതം ലൈംഗിക അതിക്രമങ്ങൾക്ക് ഇരയാക്കപ്പെടുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയായിരുന്നു. മനുഷ്യക്കടത്തിനെതിരെയും പ്രവർത്തിച്ചു. 'ദ് ലാസ്റ്റ് ഗേൾ' എന്ന നാദിയയുടെ ആത്മകഥ ലോകശ്രദ്ധ നേടി. ■

## കാർട്ടൂൺ

കടപ്പാട് : ഇന്റർനെറ്റ്




**നിങ്ങൾ സ്ത്രീയായതുകൊല്ല കുറഞ്ഞ വേതനം നൽകുന്നത്...**
**കുറഞ്ഞ വേതനം നൽകുന്നത് ഞങ്ങൾ പുരുഷൻമാരായതുകൊണ്ട്!**




Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# ബോംബെ / മുംബൈ മലയാളി




കേരളത്തിനൊരു കൈത്താങ്ങ്




ഇപ്റ്റ (IPTA) കേരളയുടെ
മുംബൈ ഘടകത്തിന്റെ പോ



ആദിവാസി ഗോത്രമഹാസഭയുടെ നിൽപ്പ് സമരത്തിന് 2014ൽ
മലയാളി വിദ്യാർത്ഥികളുടെ ഐക്യദാർഢ്യ പ്രകടനം




മുംബൈയിൽ പവായിൽ പ്രവേശനോൽസവം




സ്റ്റർ

മുംബൈ സാഹിത്യവേദി



മുംബൈ മീരാ റോഡിലെ കുടുംബശ്രീ യൂണിറ്റ്